മേയ് 2022

Price ₹25


# ജീവനും വെളിച്ചവും



# Jubilee Memorial Hospital

**Latin Archdiocese of Trivandrum**

CARDIAC CATHLAB



ANGIOGRAM, ANGIOPLASTY

*Little Flower College of Nursing*




**College Code - JBN.**




- Departments : General Medicine, General Surgery, Gynec, Pediatric, Eye, Ent, Dental, Skin, Ortho, Plastic & Cosmetic Surgery, Neurology, Neuro Surgery, Cardiology, Urology, Gastroenterology, Oncology, Psychiatry, Psychotherapy, Dialysis, Physiotherapy, Orthopaedic, Obstetric & Gynacology, Ophthalmology, Dermatology, Chest Medicine, Dentistry, Anaesthesiology, Minimally Invasive Surgery, Bariatric Surgery
- Supportive Services : 24 Hours Casuality, Pharmacy, Lab, CT Scan, ICU, Well Equipped OT, ECG & X-Ray, Mortuary, Ambulance(Mobile ICU), Echo, TMT, Ultra Sound Scan, Clinical Laboratory, Operation Theatre Complex, Cathlab, ESWL, Holter Facility
- Jubilee's Pride: Arthoscopy & Joint Replacement, Radio Frequency Ablation for Varicose Vein, Reconstractive Cancer Surgery and World Class ENT Facility

Mead's Lane, Palayam, Thiruvananthapuram - 695 034, Tel: 0471 - 3080300, 2334561, 6452020, Fax: 0471- 2330925
E-mail: jubileehospital@hotmail.com, www.jubileehospital.org

**ജീവനും വെളിച്ചവും**

തിരുവനന്തപുരം
ലത്തീൻ അതിരൂപത
പ്രസിദ്ധീകരണം

2022 മെയ്
പുസ്തകം - 46 ലക്കം - 5
വില 25 രൂപ (വാർഷിക വരിസംഖ്യ: 300 രൂപ)

ആർച്ച്ബിഷപ്സ് ഹൗസ്
വെള്ളയമ്പലം, തിരുവനന്തപുരം-695 003.
ഫോൺ: 2724001.
www.latinarchdiocesetrivandrum.org
jeevanumvelichavum@gmail.com
www.archtvmnews.com



**രക്ഷാധികാരി**
മോസ്റ്റ് റവ. ഡോ. തോമസ് ജെ. നെറ്റോ
**സഹ രക്ഷാധികാരി**
റൈറ്റ് റവ. ഡോ. ക്രിസ്തുദാസ്
മോൺ. ഡോ. സി.ജോസഫ്
**ഉപദേശക സമിതി**
ഫാ. ഫാ. ഡാർവിൻ പീറ്റർ
ഫാ. സുരേഷ് പയസ്
ഫാ. മെൽക്കൺ
ഫാ. സാബാസ് ഇഗ്നേഷ്യസ്
ഫാ. ജോൺ ഡാൾ
ഫാ. സന്തോഷ്കുമാർ പനിയടിമ
ഫാ. ജോൺ എ.ആർ.
ഫാ. ഷാജിൻ ജോസ്
ഫാ. സിൽവസ്റ്റർ കുരിശ്
ഫാ. ഫാ. നിജു അജിത്
പി. ശശിധരൻ
**പത്രാധിപർ**
ഫാ. ദീപക് ആന്റോ
**സഹ പത്രാധിപർ**
ഫാ. ലെനിൻ ഫെർണാണ്ടസ്
അഗസ്റ്റിൻ കണിപ്പിള്ളി
**മാനേജർ (പരസ്യവിഭാഗം)**
ഫാ. മനീഷ് പീറ്റർ
**പത്രാധിപ സമിതി**
മോൺ. യൂജിൻ എച്ച് പെരേര
മോൺ. ജെയിംസ് കുലാസ്
അഡ്വ. എം.എ.ഫ്രാൻസിസ്
ഇഗ്നേഷ്യസ് തോമസ്
ഡോ. സീന ഫെലിക്സ്
**ആർട്ടിസ്റ്റ്**
വർഗീസ് ജോർജ്
**ഡിറ്റിപി & ലേ-ഔട്ട്**
സുനിൽകുമാർ
**ഓഫീസ് നിർവഹണം**
ടെൽമ ജെ.വി.



*Account Details:*
State Bank of India
A/C No. 57027220934
IFSC : SBIN0070308
A/C Name : Editor, Jeevanum Velichavum


## മുഖവിചാരം

# ദേവസഹായം: വിശ്വാസ ജീവിതത്തിന് ഉത്തമമാതൃക

**പ**തിനെട്ടാം നൂറ്റാണ്ടിൽ ജീവിച്ചുമരിച്ച ഒരല്മായൻ 21-ാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ അൾത്താരയിലേക്ക് ഉയരുമ്പോൾ അദ്ദേഹത്തിന്റെ വിശുദ്ധപദവി പ്രഖ്യാപനത്തിന്റെ പ്രസക്തിയും പ്രാധാന്യവും സന്ദേശവുമെന്താണ്? തിരുവനന്തപുരത്തെ സംബന്ധിച്ചിടത്തോളം ഈ മണ്ണിനെ പാവനമാക്കി കടന്നുപോയ ഫ്രാൻസിസ് സേവ്യർ മുതൽ മദർ തെരേസയും ജോൺ പോൾ 2-ാമൻ പാപ്പയും വരെയുള്ള വിശുദ്ധരേക്കാൾ ഉപരിയായി തിരുവനന്തപുരം നെയ്യാറ്റിൻകര കോട്ടാർ രൂപതകൾ ഉൾപ്പെടുന്ന ഭൂപ്രദേശത്തുതന്നെ ജനിച്ചുജീവിച്ചു സഹിച്ചു മരിച്ച അൽമായ വിശുദ്ധൻ പൂർണമായ അർത്ഥത്തിൽ നമ്മുടെയൊക്കെ വിശുദ്ധ പൈതൃകത്തിന്റെ ഭാഗമാണ്. നമ്മുടെ അഭിമാനമാണ്. അഞ്ചുതെങ്ങിൽ താമസിച്ചിരുന്ന കൊച്ചിരൂപതാ മെത്രാനായ ക്ലെമന്റ് ജോസഫ് ലെയ്ത്താവോ, ബെനഡിക്ട് പാപ്പയ്ക്ക് സമർപ്പിച്ച റിപ്പോർട്ടും മരണസമയത്ത് നമ്മുടെ പള്ളികളിൽ മുഴങ്ങിയ മണിനാദവും ദൈവസ്തുതിഗീതവും നൂറ്റാണ്ടുകൾക്കുമുമ്പു സംഭവിച്ച ചരിത്ര സംഭവങ്ങളുടെ ചൂണ്ടുപലകയാണ്.


ഇന്നാട്ടിലേക്ക് കടന്നുവന്ന എല്ലാ മതവിശ്വാസികളെയും ഇരുകൈയും നീട്ടി സ്വീകരിച്ച പാരമ്പര്യവും സംസ്കാരവുമാണ് നമ്മുടേതെന്ന് ഊറ്റംകൊള്ളുമ്പോഴും ജാതിയുടെ പേരിൽ (പലപ്പോഴും മതപരമായതും) മലയാളക്കരയിലെ ക്രൈസ്തവർക്ക് നേരിടേണ്ടിവന്ന പീഡനങ്ങളും ഞെരുക്കങ്ങളും സാങ്കല്പികമായിരുന്നില്ലെന്ന ഓർമ്മപ്പെടുത്തലാണ് വാഴ്ത്തപ്പെട്ട ദേവസഹായം നമുക്ക് നൽകുന്നത്. ഒരുകൈകൊണ്ട് ആശ്ലേഷിക്കുകയും മറുകൈകൊണ്ട് തല്ലുകയും ചെയ്യുന്ന ശൈലിയായിട്ടാണ് ചരിത്രകാരനായ പൗളിനോസ് പാതിരിയുടെ പുസ്തകം അന്നത്തെ ഭരണശൈലിയെ വിശേഷിപ്പിക്കുന്നത്. വിശ്വാസത്തിനുവേണ്ടിയുള്ള ഈ ജീവത്യാഗം ദൈവം നമ്മുടെ വിശ്വാസ സമൂഹത്തിനും ജനത്തിനും നൽകിയ വലിയ സമ്മാനമാണെന്നതിൽ സംശയമില്ല.

ഒരുസാധാരണ കത്തോലിക്കനായ ഡെലനോയ് എന്ന പട്ടാളക്കാരനാണ് നീലകണ്ഠപിള്ളയിലേക്ക് വിശ്വാസത്തിന്റെ വിത്തെറിഞ്ഞത്. ഒൻപത് മാസം നീണ്ടുനിന്ന വിശ്വാസ പരിശീലനത്തിലൂടെ വെള്ളവും വളവും നൽകി പരിചരിച്ചത് ജ്ഞാനപ്രകാശമെന്ന കാറ്റിക്കിസ്റ്റും. അങ്ങനെ രൂപപ്പെട്ടതാണ് ഇന്ത്യൻ സഭയിലെ ആദ്യ അൽമായ വിശുദ്ധനെന്നതും തികച്ചും ദൈവനിയോഗമായി. 2008 ൽ ഒറീസ്സയിൽ നടന്ന വ്യാപകമായ ക്രൈസ്തവ പീഡനങ്ങളിൽ മരിച്ച 120 പേരിൽ രണ്ടു വൈദികരും ഒരു സമർപ്പിതയും മാത്രമേ ഉണ്ടായിരുന്നുള്ളൂ.

അന്ധവിശ്വാസങ്ങൾക്കും അവിശ്വാസങ്ങൾക്കുമിടയിൽ ശക്തിയുക്തം ക്രിസ്തുവിനെ പ്രഘോഷിക്കേണ്ടതും സ്ഥിരതയുള്ള സാക്ഷികളായി ഇന്നത്തെ ചുറ്റുപാടിൽ മാറേണ്ടതും സഭാകൂട്ടായ്മയിലെ ബഹുഭൂരിപക്ഷം വരുന്ന അല്മായർ തന്നെയാണ്. അവരുടെ ശ്രമഫലങ്ങൾകൊണ്ട് സഭ ഇനിയും സമ്പുഷ്ടയാകട്ടെ!

– പത്രാധിപർ

# പ്രതികരണങ്ങൾ




## വിശേഷാൽപതിപ്പ് പ്രൗഢഗംഭീരം

തിരുവനന്തപുരം ലത്തീൻ അതിരൂപത വിശ്വാസികൾ ഒന്നടങ്കം കാത്തിരുന്ന പുതിയ ഇടയൻ, അഭിവന്ദ്യ തോമസ് ജെ.നെറ്റോ മെത്രാപ്പൊലീത്തയുടെ സ്ഥാനാരോഹണത്തോടനുബന്ധിച്ച് 'ജീവനും വെളിച്ചവും' പ്രസിദ്ധീകരിച്ച വിശേഷാൽപതിപ്പ് ഒത്തിരി പുത്തൻ പ്രതീക്ഷകൾ നൽകുന്നതാണ്. സ്നേഹാദരവുകൾ നിറഞ്ഞ ആശംസകളും പ്രാർത്ഥനകളും കോർത്തിണക്കിയ മുത്തുമാല പോലെയാണ് ഈ പതിപ്പിനെ കാണാൻ സാധിച്ചത്. അഭിവന്ദ്യ പിതാക്കന്മാരും വൈദികരും വിവിധ മതനേതാക്കളും രൂപതാ മക്കൾക്കൊപ്പം കയ്യൊപ്പ് ചാർത്തി. വിവിധ രൂപതകളും ഇടവകകളും സന്യാസ ഭവനങ്ങളും സ്ഥാപനങ്ങളും പ്രാർത്ഥനാശംസകൾ നേർന്നുകൊണ്ട് സമർപ്പിച്ച ഈ പതിപ്പ് ഒരു വലിയ മുതൽക്കൂട്ടാണ്. ജീവനും വെളിച്ചവും മാസികയ്ക്ക് എല്ലാവിധ ഭാവുകങ്ങളും നേരുന്നു.

**- ജോസഫ് ഫെർണാണ്ടസ് എൽ.**

### നന്ദിയുടെ ഒരു വാക്ക്

തിരുവനന്തപുരം ലത്തീൻ അതിരൂപതയുടെ പുതിയ ഇടയനായി സ്ഥാനമേറ്റ അഭിവന്ദ്യ ഡോ. തോമസ് ജെ. നെറ്റോ പിതാവിന്റെ സ്ഥാനാരോഹണത്തോടനുബന്ധിച്ച് 'ജീവനും വെളിച്ചവും' സ്തുത്യർഹമായ രീതിയിൽ ഒരു പ്രത്യേക പതിപ്പ് പുറത്തിറക്കുകയുണ്ടായി. പ്രസ്തുത പതിപ്പിന് ഇടവക/സഭാ/സ്ഥാപനങ്ങൾ, എന്നിവയിൽനിന്നും നൽകിയ ആശംസകൾക്കും പരസ്യത്തിനും പ്രത്യേകം നന്ദി അറിയിക്കുന്നു. ഇതു വഴി ലഭിച്ച തുക മെത്രാഭിഷേക ചടങ്ങുകളുടെ മീഡിയ, പബ്ലിസിറ്റി എന്നിവയുമായി ബന്ധപ്പെട്ട ആർച്ചുകൾ, പ്രാർഥനകാർഡുകൾ, പത്രപരസ്യങ്ങൾ, എൽഇഡി, വീഡിയോ, ഫോട്ടോ, ആൽബം തുടങ്ങിയവയുടെ ചെലവുകൾക്കായി പ്രയോജനപ്പെടുത്തുകയുണ്ടായി.

അതിരൂപതയുടെ ഔദ്യോഗിക ജിഹ്വയായ 'ജീവനും വെളിച്ചവും' മാസികയുടെ ഭാവി പ്രവർത്തനങ്ങൾക്ക് അങ്ങയുടെ സഹായസഹകരണങ്ങൾ ഇനിയും പ്രതീക്ഷിക്കുന്നു.

വിനയപൂർവം,

ഫാ. ദീപക് ആന്റോ
എഡിറ്റർ, ജീവനും വെളിച്ചവും

## ക്രിസ്തീയ വിശ്വാസ ജീവിത പരിശീലനം

**ജീ**വനും വെളിച്ചവും ഏപ്രിൽ മാസത്തെ സ്പെഷ്യൽ പതിപ്പ് കൈവശം വച്ച് സൂക്ഷിക്കാവുന്ന ഒരു ഗ്രന്ഥമാണ്. ഓരോ താളുകൾക്കും സവിശേഷതയുണ്ട്. ലേഖന ഭാഗങ്ങൾ ഭാവയിലേക്കുള്ള വഴികൾ കാണിച്ചു തരുന്നു.

ജെയിംസ് കുലാസ് അച്ചന്റെ 'സിനഡാത്മക സഭാ ദർശനവും സമീപനവും' എന്ന ലേഖനത്തിൽ ഭാവിയിലേക്ക് നോക്കുമ്പോൾ എന്ന ഭാഗം ശ്രദ്ധേയമാണ്.

ഡോക്ടർ സീന ഫെലിക്സ് ക്രിസ്തീയ വിശ്വാസ ജീവിത പരിശീലനത്തെപ്പറ്റി തന്റെ ലേഖനത്തിൽ പറയുന്നത് നാം ഭാവിയിൽ എന്താണ് ചെയ്യേണ്ടത് എന്നത് ചിന്താവിഷയമാക്കുന്നു.

ഞായറാഴ്ച ആചരണത്തിന്റെ ഒരു ഭാഗമായിട്ടാണ് ഇപ്പോഴത്തെ മതബോധന ക്ലാസുകൾ നടക്കുന്നത്. സാമൂഹ്യതലത്തിൽ അതിരൂപത മുന്നോട്ടാണെങ്കിൽ ആത്മീയതലത്തിൽ പിന്നോട്ടാണ്. സഭയുടെ വളർച്ച ക്രിസ്തീയ വിശ്വാസ ജീവിതപരിശീലനത്തെ ആശ്രയിച്ചിരിക്കുന്നു.

മതബോധന ക്ലാസുകളുടെ സമയം ഒന്നരമണിക്കൂറാണ്. അസംബ്ലി, ഹാജർ, താമസിച്ചുവരുന്ന കുട്ടികൾ, അച്ചടക്കമില്ലായ്മ ഇവയ്ക്കൊക്കെ സമയം കഴിയുമ്പോൾ പഠിപ്പിക്കാൻ കിട്ടുന്ന സമയം വളരെ ചുരുക്കമാണ്.

രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രമാണ രേഖ പേജ് 300 (വേദ അധ്യാപകർ) എന്ന ഭാഗം മതബോധനത്തെ ശാക്തീകരിക്കുന്നു. രൂപതാതലത്തിൽ നടക്കുന്ന സിനഡ് ചർച്ചകളിൽ ക്രിസ്തീയ വിശ്വാസ ജീവിത പരിശീലനം പ്രധാന വിഷയമാക്കണം.

സമർപ്പിതരായ വൈദികരും അർപ്പണബോധമുള്ള അല്മായരും തിരുവനന്തപുരം അതിരൂപതയ്ക്ക്കൂടുതൽ ലഭിക്കണമെങ്കിൽ മതബോധനം ശക്തമാക്കണം. റ്റിഎസ്എസ്എസ് നോടൊപ്പം അജപാലന ശുശ്രൂഷയ്ക്കും മുൻതൂക്കം കൊടുക്കണം.

സമൂഹത്തിന് നല്ല രാഷ്ട്രീയ നേതാക്കളെ ലഭിക്കണമെങ്കിൽ മതബോധനം (ക്രിസ്തീയ വിശ്വാസ ജീവിത പരിശീലനം) ശക്തമാക്കണം. പുതിയ നേതൃത്വത്തിന് പ്രാർഥനാശംസകൾ.

**ജോൺസൺ ബ്രദർ**
വലിയതുറ.

# താളുകളിൽ


**വാഴ്ത്തപ്പെട്ട ദേവസഹായം വിശുദ്ധപദപ്രഖ്യാപനത്തിന്റെ കാലിക പ്രസക്തി** 6
ഇഗ്നേഷ്യസ് തോമസ്

**കവിത: നിൻപാതകൾ ഞങ്ങൾക്ക് കാൽവരിയാകട്ടെ** 9
ലോറൻസ് ഫെർണാണ്ടസ്

**വിശുദ്ധിയുടെ നറുമണമേറുന്ന ദേവസഹായത്തിന്റെ സന്നിധിയിലേക്ക്** 10
ഡോ. ഗ്രിഗറി പോൾ

**അല്മായ വിശുദ്ധന്റെ പീഡാസഹന ജീവിതത്തിലൂടെ** 16
രതീഷ് ഭജനമഠം

**ദേവസഹായം നൽകുന്ന മാതൃക** 19
ഗോപികൃഷ്ണൻ, കോട്ടൂർ

**പതിനെട്ടാം നൂറ്റാണ്ടിലെ ശ്രേണീബദ്ധമായ തിരുവിതാംകൂർ** 20
ഡോ. സണ്ണി ജോസ് എസ്.ജെ.

**മലയാള മണ്ണിന്റെ രക്തതാരകം വി. ദേവസഹായം** 23
മനു എസ്.എസ്.

**മതപീഡനങ്ങളും ചെന്തമിഴ് കാവ്യമായ 'ദേവമാതാവമ്മനൈ'യും** 26
എഫ്. ആന്റണി പുത്തൂർ

**ആനന്ദത്തിന്റെയും ആഹ്ലാദത്തിന്റെയും നിമിഷം** 28
ഫാ. സിൽവസ്റ്റർ കുരിശ്

**വായന** 31

**വാർത്തകൾ** 32

**നീർച്ചാൽ** 34

**വചനജ്വാല** 40

**നേർക്കാഴ്ച** 42
ജെ.സി.






ലേഖനം



ഇഗ്നേഷ്യസ് തോമസ്



# വാഴ്ത്തപ്പെട്ട ദേവസഹായം വിശുദ്ധപദ പ്രഖ്യാപനത്തിന്റെ കാലിക പ്രസക്തി

ഭാരതത്തിലെ ഇന്നത്തെ സങ്കീർണ്ണമായ സാമൂഹ്യ രാഷ്ട്രീയ സാഹചര്യങ്ങളിൽ ദേവസഹായത്തിന്റെ വിശുദ്ധപദപ്രഖ്യാപനം പ്രസക്തമാകുന്നതെങ്ങനെ? 270 വർഷങ്ങൾക്ക് മുമ്പ് ജീവിച്ച് ക്രൈസ്തവ വിശ്വാസം സ്വീകരിച്ച് യേശുവിന്റെ ജീവിത മഹത്വം ഉച്ചൈസ്തരം പ്രഘോഷിച്ച ദേവസഹായത്തിന്റെ ധന്യ ജീവിതം ഇന്നത്തെ പൊതുസമൂഹത്തിന് നൽകുന്ന സന്ദേശമെന്ത്? അന്നത്തെയും ഇന്നത്തെയും സാമൂഹ്യ രാഷ്ട്രീയ ഘടനകളും സംവിധാനങ്ങളും മനസ്സിലാക്കിയും വിലയിരുത്തിയും വേണം മേൽ പറഞ്ഞ ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തേണ്ടത്. രാഷ്ട്രീയ രംഗത്തും ഭരണതലത്തിലും ഇന്ന് സമഗ്രമായ മാറ്റങ്ങൾ സംഭവിച്ചിട്ടുണ്ട്. സാമൂഹിക അനാചാരങ്ങളും സാമ്പത്തിക അസമത്വങ്ങളും ഏറെ മാറ്റങ്ങൾക്ക് വിധേയമായിട്ടുണ്ട്. എന്നാൽ ദേവസഹായത്തിന്റെ കാലഘട്ടത്തിൽ നിലനിന്നിരുന്ന സാമൂഹിക ഘടനയും സാമ്പത്തിക സംവിധാനങ്ങളും രാഷ്ട്രീയ പ്രവണതകളും ഇന്ന് ഉയർത്തെഴുന്നേറ്റ് ശക്തി പ്രാപിക്കാനുള്ള ശ്രമങ്ങൾ നടന്നുവരുന്നതായി അനുമാനിക്കേണ്ടിയിരിക്കുന്നു.

## ദേവസഹായം പിള്ളയുടെ കാലഘട്ടത്തിലെ രാഷ്ട്രീയ വ്യവസ്ഥിതി

ദേവസഹായത്തിന്റെ ജീവിത കാലഘട്ടം തിരുവിതാംകൂറിൽ രാജവാഴ്ചയുടെ പരകോടിയിലായിരുന്നു. ആക്രമിച്ചും കീഴ്പ്പെടുത്തിയും പിടിച്ചെടുത്തും മുന്നേറിയ മാർത്താണ്ഡവർമ്മ തിരുവിതാംകൂർ സാമ്രാജ്യം പടുത്തുയർത്തി. കൊല്ലും കൊലയും നടത്തിയാണ് സാമ്രാജ്യസ്ഥാപനം സാധ്യമാക്കിയത്. എതിരാളികളെ നിഷ്ക്കരുണം നശിപ്പിച്ചും സ്വന്തം കുടുംബാംഗങ്ങളെപോലും വ

ധിച്ചുമാണ് ആധിപത്യം നിലനിറുത്തിയത്. എട്ടു വീട്ടിൽ പിള്ളമാർ തന്റെ ഉയർച്ചക്ക് തടസ്സമാകുമെന്ന് കരുതി അവരെ കൂട്ടക്കൊല നടത്തി. അവരുടെ ഭാര്യമാരെ കടലോരങ്ങളിൽ കൊണ്ടുപോയി മത്സ്യതൊഴിലാളികൾക്കു വിറ്റു. രാജ്യത്തിന്റെ സമ്പത്ത് യുദ്ധങ്ങൾക്കും ആയുധങ്ങൾ വാങ്ങാനും കോട്ടകൾ പണിയാനും ക്ഷേത്രങ്ങൾ നിർമ്മിക്കാനും ബ്രാഹ്മണരെ പോറ്റാനുമാണ് ചെലവഴിച്ചത്. എതിർ ശബ്ദത്തിന് സ്ഥാനം നൽകിയില്ല. ഭരണ കൂടത്തിന്റെ തലപ്പത്ത് വിശ്വസ്തരായ ബ്രാഹ്മണരെയും നായർ മാടമ്പിമാരേയും പ്രതിഷ്ഠിച്ചു.

നീലകണ്ഠപിള്ള (ദേവസഹായം) മാർത്താണ്ഡ വർമ്മയുടെ വിശ്വസ്ത സേവകരുടെ ഗണത്തിലായിരുന്നു. സവർണ്ണ നായർ സമുദായാംഗമായിരുന്ന ദേവസഹായം ചെറുപ്പം മുതലെ യുദ്ധമുറകളിലും ആയോധന കലകളിലും പരിശീലനം സിദ്ധിച്ചിരുന്നു. സംസ്കൃതം മലയാളം എന്നീ ഭാഷകളിലും വ്യാകരണം, തർക്കശാസ്ത്രം ഗണിതം എന്നിവയിലും വ്യുൽപത്തി നേടിയിരുന്നു. സൽസ്വഭാവിയും സൽഗുണ സമ്പന്നനുമായിരുന്ന ദേവസഹായം രാജാവിന്റെ ഇഷ്ടഭാജനമായിരുന്നു. അതിനാലാണ് പത്മനാഭപുരം കോട്ടയുടെ നിർമ്മാണ ചുമതലയും മേൽനോട്ടവും അദ്ദേഹത്തെ ഏൽപ്പിച്ചത്. അക്കാലയളവിലാണ് 1741 ൽ നടന്ന കുളച്ചൽ യുദ്ധത്തിൽ തടവുകാരനായി പിടിക്കപ്പെടുകയും പിൽക്കാലത്ത് മാർത്താണ്ഡ വർമ്മയുടെ സൈന്യാധിപനായി തീരുകയും ചെയ്ത ഡച്ചു സൈന്യാധിപനും ഫ്ളെമിഷ് കത്തോലിക്കനുമായ ക്യാപ്റ്റൻ യൂസ്റ്റാക്കീയൂസ് ഡിലനോയിയുമായി ദേവസഹായം കണ്ടു മുട്ടിയത്. ആഴമായ വ്യക്തിബന്ധത്തിലേക്ക് അവർ നീങ്ങി. സ്വകാര്യ ദുഃഖങ്ങളും സന്തോഷങ്ങളും പങ്കുവയ്ക്കുന്നിടത്തോളം ആ ബന്ധം വളർന്നു വലുതായി. സുഹൃത്തിന്റെ മനോവിഷമങ്ങൾ മുഖഭാവത്തിൽ നിന്നു തന്നെ വായിച്ചെടുക്കുവാൻ ഡിലനോയിക്ക് സാധിച്ചുവെന്നതാണ് ആ ബന്ധത്തിന്റെ ദാർഢ്യം വെളിപ്പെടുത്തിയത്.

തന്റെ കുടുംബത്തിൽ അടിക്കടിയുണ്ടാകുന്ന ദുരന്തങ്ങൾ ഒന്നൊഴിയാതെ കടന്നു വരുന്ന രോഗങ്ങൾ, കനത്ത സാമ്പത്തിക നഷ്ടം വരുത്തിക്കൊണ്ട് ആടുമാടുകളുടെ ചത്തൊടുങ്ങൽ; ഇവയെല്ലാം നിമിത്തം മാനസികമായി തളർന്നവശനായ നീലകണ്ഠന് സമാശ്വാസമായത് ഡിലനോയിയുടെ ആശ്വാസ വചനങ്ങളാണ്. ഈ വചനങ്ങളുടെ പൊരുളാകട്ടെ യേശുവായിരുന്നു. ദൈവത്തിന്റെ അവർണ്ണനീയമായ പരിപാലനയും മഹത്വവും ജോബിന്റെ ജീവിതത്തിലൂടെ വിവരിച്ചു നല്കിയ ഡിലനോയി ദൈവം അത്യധികമായി നീലകണ്ഠനെ സ്നേഹിക്കുന്നുവെന്ന് വെളിപ്പെടുത്തി. തന്നെ സ്



**“ വിവിധ ജാതികളും സമുദായങ്ങളും അവരവരുടെ സംസ്കാരവും പാരമ്പര്യവും അവകാശങ്ങളും സംരക്ഷിക്കുവാനുള്ള അതിരുകടന്ന വ്യഗ്രതയിൽ പലപ്പോഴും മാനുഷിക മൂല്യങ്ങളും, മറ്റ് ജാതികളെയും സമുദായങ്ങളെയും അവഗണിച്ചും അടിച്ചമർത്തിയും ശത്രുതാ മനോഭാവത്തോടും പുച്ഛമനോഭാവത്തോടും വീക്ഷിക്കുകയും ചെയ്യുന്ന ഒരവസ്ഥാവിശേഷം ഇന്നും നിലനിൽക്കുന്നുണ്ട്. പരസ്പരം ഭിന്നിപ്പിക്കുന്ന തിന്മകളെ അതിജീവിച്ച് എല്ലാ സമുദായങ്ങളെയും ഒന്നിപ്പിക്കുന്ന നന്മകളെ ഉൾക്കൊള്ളുവാനുള്ള ഒരു ആഹ്വാനമാണ് വാഴ്ത്തപ്പെട്ട ദേവസഹായത്തിന്റെ ജീവിതം നമുക്ക് നൽകുന്നത്. നമ്മുടെ അതിരൂപതയുമായി വളരെയേറെ ബന്ധപ്പെട്ടുനിൽക്കുന്ന വാഴ്ത്തപ്പെട്ട ദേവസഹായത്തിന്റെ വിശ്വാസ മാതൃകയെക്കുറിച്ച് ആഴമായി ധ്യാനിക്കാനും അദ്ദേഹത്തിന്റെ വിശ്വാസ ചൈതന്യം ജീവിതത്തിൽ പകർത്തുവാനും മറ്റാരെയുംകാൾ മുന്നോട്ടുവരേണ്ട ചുമതല നമുക്കുന്നുണ്ട്.**

നേഹിക്കുന്നവർക്കായി രക്ഷ ഒരുക്കിവച്ചിരിക്കുന്നുവെന്നും ആ രക്ഷയിലേക്കു കടന്നുവരാനാണ് കഷ്ടപ്പാടുകളിലൂടെ നീലകണ്ഠനെ ദൈവം മുന്നോട്ടു കൊണ്ടുപോകുന്നതെന്നും ഡിലനോയി നീലകണ്ഠന് വ്യക്തമാക്കികൊടുത്തു. വ്യക്തി ബന്ധങ്ങൾ വളർച്ച പ്രാപിക്കുന്നത് ദുഃഖവും സുഖവും പങ്കുവയ്ക്കുമ്പോഴാണ്. പങ്കുവയ്ക്കുന്നതിൽ മാത്രമായി ചുരുങ്ങാതെ പരിഹാരവും നിർദ്ദേശിക്കാൻ ഡിലനോയിക്കായി. എല്ലാവരെയും സ്നേഹിക്കുന്ന, ദുഃഖങ്ങളും ദുരിതങ്ങളും ഏറ്റെടുക്കുന്ന, മറ്റൊരു സുഹൃത്തിനെ സഹായകനും മാർഗ്ഗദർശിയുമായി ഡിലനോയി നീലകണ്ഠന് കാണിച്ചുകൊടുത്തു. ആ സുഹൃത്ത് യേശുവാണെന്ന് നീലകണ്ഠന് ഡിലനോയിയിൽ നിന്ന് മനസ്സിലാക്കാൻ കഴിഞ്ഞു. ഈ സുഹൃത്തിന്റെ കരങ്ങൾ പിടിക്കാൻ നീലകണ്ഠൻ സന്നദ്ധനായി. യേശുവിനായി തന്റെ ജീവൻ സമർപ്പിക്കാൻ മുന്നോട്ടു വന്നപ്പോഴാണ് യഥാർത്ഥ പ്രശ്നങ്ങൾ ഉടലെടു

ത്തത്. ജാതി, മതം, സമൂഹം, സമുദായം, ആചാരം ഇവയെല്ലാം പ്രശ്നങ്ങളായി തലപൊക്കി.

## സാമൂഹികവ്യവസ്ഥ, ആചാരങ്ങൾ

ശ്രേണീ ബദ്ധമായ, ആചാരാനുഷ്ഠാനങ്ങളാൽ ബന്ധിതമായ സമൂഹമായിരുന്നു മാർത്താണ്ഡവർമ്മയുടെ കാലത്ത് നിലനിന്നിരുന്നത്. ബ്രാഹ്മണ പൗരോഹിത്യവും ക്ഷത്രിയ ഭരണവും നായർ പടയും ഉദ്യോഗവൃന്ദവും ചേർന്ന സവർണ്ണ മേൽക്കോയ്മ ഒരുവശത്തും മണ്ണിൽ പണിയെടുത്ത് പകലന്തിയോളം വിയർപ്പൊഴുക്കി അദ്ധ്വാനിക്കുന്ന കർഷകരും തൊഴിലാളികളും മറ്റൊരുവശത്തും. ഈ രണ്ടുകൂട്ടരും കൂടി ചേർന്നതായിരുന്നു അന്നത്തെ സമൂഹം. രാജ്യവും ഭൂമിയും സമ്പത്തും, രാജാവിനും ബ്രാഹ്മണർക്കും സവർണ്ണർക്കും; അദ്ധ്വാനവും ഭൂമിയിൽ നിന്നുള്ള സമ്പത്തും അതേപടി രാജാവിനും കൂട്ടർക്കും കൈമാറാനുള്ള ചുമതല അവർണ്ണർക്കും ഇതായിരുന്നു;; ആ കാലഘട്ടത്തിൽ നിലനിന്നിരുന്ന സാമൂഹികവ്യവസ്ഥ. അനുസരിക്കുക, പ്രാർത്ഥിക്കുക, നൽകുക ഇതു മാത്രമേ സാധാരണക്കാരന് ചെയ്യാനുണ്ടായിരുന്നുള്ളൂ.

കർഷകന്റെ അദ്ധ്വാനം ഒന്നാകെ ജന്മിമാർക്ക് സമർപ്പിക്കണമായിരുന്നു. അദ്ധ്വാനത്തിന്റെ ഫലമാകട്ടെ അദ്ധ്വാനിക്കുന്നവനല്ല മറിച്ച് നികുതിയായി രാജ്യത്തിന് നല്കാനുള്ളതായിരുന്നു.

ജാതിവ്യവസ്ഥ കൊടികുത്തിവാഴുന്ന സമയം. അസ്പർശ്യത, അടിമത്തം എന്നിവയിലൂടെ ജാതിമേൽക്കോയ്മ അടിച്ചേൽപ്പിക്കപ്പെട്ടു. തുല്യത എന്നത് ചിന്തിക്കാനേ ആകുമായിരുന്നില്ല. മതപരിവർത്തനത്തിനുള്ള അവകാശം തീരദേശത്ത് മാത്രമുള്ള മത്സ്യതൊഴിലാളികൾക്കായി നിജപ്പെടുത്തി. താഴ്ന്ന ജാതിക്കാർക്ക് അവകാശങ്ങളനുവദിച്ചാൽ സാമൂഹ്യഘടനയെ ബാധിക്കുകയും ചൂഷണം ചെയ്യാനുള്ള അവസരം നഷ്ടപ്പെടുമെന്നും ഭരണവർഗ്ഗത്തിനറിയാമായിരുന്നു. ഉൾനാടുകളിൽ നിന്ന് താണജാതിക്കാർ മതപരിവർത്തനം നടത്തുന്നതിനെ ഭരണകൂടം പരമാവധി നിരുത്സാഹപ്പെടുത്തിയിരുന്നു.

ക്ഷേത്ര നിർമ്മാണങ്ങളും ഉത്സവങ്ങളും നടത്തി നാടിന്റെ സമ്പത്ത് ദുർവ്യയം ചെയ്യുന്നതിലായിരുന്നു ഭരണകൂടത്തിന് താല്പര്യം. സാധാരണ ജനങ്ങൾ പട്ടിണിയും പരിവട്ടവുമായി കഴിഞ്ഞുകൂടി. യുദ്ധങ്ങളും ലഹളകളുംമൂലം സാമ്പത്തിക മേഖല തകർന്നടിഞ്ഞു. ഇങ്ങനെ സമ്പൂർണ്ണമായ സാമ്പത്തിക തകർച്ച തിരുവിതാംകൂറിനെ ഗ്രസിച്ചിരുന്നു. സാമൂഹ്യ രാഷ്ട്രീയ മണ്ഡലങ്ങളിൽ അരാജകത്വവും അനിശ്ചിതത്വവും നിലനിന്ന കാലഘട്ടത്തിലാണ് നീലകണ്ഠൻ ക്രിസ്തുമതം സ്വീകരിച്ച് ക്രിസ്ത്യാനിയായി മാറിയത്.

## ജ്ഞാനസ്നാനം സ്വീകരണം

സത്യവിശ്വാസം സ്വീകരിക്കാനൊരുങ്ങിയ ദേവസഹായം പിള്ളക്ക് സ്വന്തം നാട്ടിൽ വച്ച് ജ്ഞാനസ്നാനം സ്വീകരിക്കാനുള്ള ചുറ്റുപാടുകളുണ്ടായിരുന്നില്ല. നായർ സമുദായംഗം ക്രിസ്ത്യാനിയായി തീരുന്നത് ഭരണകൂടത്തിനോ സ്വന്തം ജാതിയിൽപ്പെട്ടവർക്കോ ഉൾക്കൊള്ളാവുന്ന യാഥാർത്ഥ്യമായിരുന്നില്ല. ഇക്കാര്യം ഡിലനോയിക്കും അറിയാമായിരുന്നു. അതിനാലാണ് തിരുവിതാംകൂറിന് പുറത്ത് നേമം മിഷനിലെ വടക്കൻ കുളത്തേക്ക് നീലകണ്ഠനെ ഡിലനോയി പറഞ്ഞയച്ചത്. ഒമ്പത് മാസം നീണ്ടുനിന്ന ക്രിസ്തീയ വിശ്വാസ ജീവിത പരിശീലനത്തിനു ശേഷം ജസ്യൂട്ട് മിഷണറിയായിരുന്ന ഫാ. ബുട്ടാരിയിൽ നിന്ന് 1745 മേയ് മാസം 17 ന് ജ്ഞാനസ്നാനം സ്വീകരിച്ചു. ലാസർ എന്ന പദത്തിന്റെ തമിഴ് രൂപമായ ദേവസഹായം എന്ന പേര് സ്വീകരിച്ചു. വടക്കൻ കുളത്ത് ആദ്യമായി ജ്ഞാനസ്നാനം സ്വീകരിച്ച ചിദംബരം പിള്ള എന്ന ജ്ഞാനപ്രകാശമായിരുന്നു ദേവസഹായം പിള്ളയുടെ ജ്ഞാന പിതാവായത്.

## ജീവൻ ബലിയായി നല്കിയ ധന്യ ജീവിതം

"അവൻ എല്ലാവരോടുമായി പറഞ്ഞു. ആരെങ്കിലും എന്നെ അനുഗമിക്കാൻ ആഗ്രഹിക്കുന്നെങ്കിൽ അവൻ തന്നെത്തന്നെ പരിത്യജിച്ച് അനുദിനം തന്റെ കുരിശുമെടുത്തുകൊണ്ട് എന്നെ അനുഗമിക്കട്ടെ." (ലൂക്കാ:9:23). യേശുമാർഗ്ഗം അപകടകരവും അരിക്ഷിതത്വവും നിറഞ്ഞതാണെന്ന് തിരിച്ചറിഞ്ഞുകൊണ്ടു തന്നെയാണ് ദേവസഹായം ജ്ഞാനസ്നാനം സ്വീകരിച്ചത്. സ്വന്തം ജീവൻ മോചന ദ്രവ്യമായി നല്കാനുള്ള തീരുമാനവുമായാണ് വടക്കൻകുളത്ത് നിന്ന് നാട്ടിൽ തിരിച്ചെത്തിയത്. താൻ അറിഞ്ഞ അനുഭവിച്ച ദൈവാനുഭവം സർവ്വരുമായി പങ്കുവച്ചുകൊണ്ട് രക്ഷാകര രഹസ്യങ്ങൾ വെളിപ്പെടുത്തി ദേവസഹായം യേശുവിനെ പോലെ പരസ്യജീവിതം ആരംഭിച്ചു. ജാതിവിവേചനത്തിന്റെ പേരിൽ പാർശ്വവൽക്കരിക്കപ്പെട്ടവരുമായി ഇടകലർന്നു. വർണ്ണ വിവേചനത്തിന്റെ വേലിക്കെട്ടുകൾ മറികടന്നു. ദരിദ്രർ ഭാഗ്യവാന്മാരാണെന്ന് അദ്ദേഹം പഠിപ്പിച്ചു. അന്ധവിശ്വാസങ്ങളെ എതിർത്തു. അനാചാരങ്ങൾക്കെതിരെ ശബ്ദമുയർത്തി. സാമൂഹിക നീതിക്കും തുല്യതക്കും വേണ്ടി നിലകൊണ്ടു. യേശുവിന്റെ ദൈവരാജ്യ ദർശനങ്ങൾ രാജാവിന്റെയും രാജസദസ്സിന്റെയും പുരോഹിതന്മാരുടെയും മുമ്പിലവതരിപ്പിച്ചു. അവസരങ്ങൾ നഷ്ടപ്പെട്ടവന്റെയും അവഗണിക്കപ്പെട്ടവന്റെയും കൂടെയാണ് താനും നിലകൊള്ളുന്നതെന്ന് വ്യക്തമാക്കി.

ദേവസഹായത്തിന്റെ സുവിശേഷാധിഷ്ഠിത നിലപാടുകൾ തന്നെയാണ് രാജകോപത്തിനും പൗരോഹിത്യത്തിന്റെ എതിർപ്പിനും കാരണമാക്കിയത്. യേശുവിന്റെ പാതയിലൂടെ ചരിച്ചതിനാലാണ് കാറ്റാടിമലയിൽ അദ്ദേഹത്തിന് ജീവൻ ഹോമിക്കേണ്ടി വന്നത്. "സ്വന്തം ജീവൻ രക്ഷിക്കാൻ ആഗ്രഹിക്കുന്നവൻ അത് നഷ്ടപ്പെടുത്തും. എന്നെ പ്രതി സ്വജീവൻ നഷ്ടപ്പെടുത്തുന്നവൻ അതിനെ രക്ഷിക്കും." (ലൂക്കാ:9:24). സ്വജീവിതം യേശുവിനുവേണ്ടി നല്കി 1752 ജനുവരി 14 ന് കാറ്റാടിമലയിൽ ഭടന്മാരാൽ വെടിയുണ്ടകളേറ്റ് ജീവൻ വെടിഞ്ഞുകൊണ്ട് ദൈവ പിതാവിന് പരമയാഗമായി തന്നെതന്നെ സമർപ്പിച്ചു. ദൈവസഹായത്തിന്റെ രക്തസാക്ഷിത്വം വഴി തെക്കൻ തിരുവിതാംകൂറിൽ അനേകരെ യേശുവിനായി നേടി.

## സമകാലീന സമൂഹത്തിൽ രക്തസാക്ഷിത്വത്തിന്റെ പ്രസക്തി

ദേവസഹായം ജീവിച്ചിരുന്ന കാലഘട്ടത്തിൽ കണ്ടിരുന്ന ദുഷ്പ്രവണതകളും അനാചരങ്ങളും ഇന്നത്തെ സമൂഹത്തിലും തീക്ഷ്ണതയോടെ തിരിച്ചുവരാൻ വെമ്പൽ കൊള്ളുകയാണ്. ജാതിവ്യവസ്ഥയെ മഹത്വവൽക്കരിക്കാനും അന്ധവിശ്വാസങ്ങൾക്ക് ആധികാരിക ഭാഷ്യം നല്കാനും ബോധപൂർവ്വമായ ശ്രമങ്ങൾ നടന്നുവരുന്നു. ക്രൈസ്തവർക്കുനേരെയുള്ള അതിക്രമങ്ങൾ രാജ്യത്ത് വ്യാപകമാകുന്നു. സമൂഹത്തെ ഭിന്നിപ്പിക്കുകയും ന്യൂനപക്ഷവിഭാഗങ്ങളെ അരക്ഷിതാവസ്ഥയിലേക്ക് തള്ളിവിടുകയും ചെയ്തുകൊണ്ട് ഭരണകൂടം ഭയത്തിന്റേയും വെറുപ്പിന്റേയും അന്തരീക്ഷം സൃഷ്ടിച്ചുവരുന്നു. ഇവിടെ ദേവസഹായത്തിന്റെ ധീരരക്തസാക്ഷിത്വം നമ്മുടെ വിശ്വാസ ജീവിതത്തിന് പ്രചോദനവും മാതൃകയുമായി തീരുന്നു. സഹനങ്ങളുടേയും പീഢനങ്ങളുടേയും മദ്ധ്യേ അടിയുറച്ച വിശ്വാസത്തിൽ നിലനില്ക്കാൻ ഈ വിശുദ്ധന്റെ ജീവിത മാതൃക നമുക്ക് പ്രചോദനമേകുന്നു. ■



# നിൻ പാതകൾ ഞങ്ങൾക്ക് കാൽവരിയാകട്ടെ

കാറ്റടിച്ചാലും അണയാതെ കത്തുന്ന
കാറ്റാടിമലയിലെ മണിവിളക്കേ
കാൽവരി നാഥനെ തിരയും പഥികർക്ക്
കാവലായ് നീ നിൽക്കണേ എന്നും
കാവലായ് നീ നിൽക്കണേ

ദേവസഹായം ഞങ്ങൾക്കെന്നും
വിശ്വാസനാളം പകരൂ
നിത്യം അർപ്പിത മാനസരാകാൻ
യേശുവിൻ നേർവഴി കാട്ടുക നീ!

കല്ലിനെപ്പോലും കരളലിയിക്കുന്ന
കദനത്തിൻ പെരുങ്കടലായ്നീ
കാലത്തിൻ ബലിക്കല്ലിൽ പ്രാണൻ പിടയുമ്പോൾ
കാരുണ്യനാഥനെ സ്തുതിച്ചവൻ നീ

നിന്നുടെ പാവനരക്തം ഞങ്ങളി
ലേശുവിൻ കൃപയായ് നിറയട്ടെ
നിന്നുടെ പാദം പതിയും പാതകൾ
ഞങ്ങൾക്ക് കാൽവരിയാകട്ടെ!

കല്ലെപിളർക്കും കല്പനയരുളുന്ന
മനുഷ്യദൈവങ്ങൾക്കുമുന്നിൽ
പരിത്യാഗശീലനാം യേശുവിൻ മാതൃക
ജീവാർപ്പണം ചെയ്തുകാട്ടിയോൻ നീ


അങ്ങേ വിശ്വാസ പ്രാർഥനയെന്നും
അനുഗ്രഹ വർഷം ചൊരിയട്ടെ
നിരുപമനിർമല ശീതളഛായയിൽ
തിരുസഭ നിർവൃതി പൂകട്ടെ!



ലോറൻസ് ഫെർണാണ്ടസ്



# വിശുദ്ധിയുടെ നറുമണമേറുന്ന ദേവസഹായ സന്നിധിയിലേക്ക്



ഡോ. ഗ്രിഗറി പോൾ

**ഏ**റെ നാളായി ആഗ്രഹിച്ചിരുന്ന ആ യാത്ര 2022 ഫെബ്രുവരി 25, 26 തിയതികളിലാണ് സാദ്ധ്യമായത്. വിശുദ്ധ പ്രഖ്യാപനത്തിന് ആഴ്ചകൾ മാത്രം അവശേഷിക്കുന്ന ദേവസഹായം എന്ന ധീരപുരുഷൻ ക്രിസ്തുവിനായി ജീവിച്ച്, പീഡകളേറ്റ്, രക്തസാക്ഷിത്വം വരിച്ച പുണ്യ സ്ഥലങ്ങൾ സന്ദർശിക്കുവാനായത്, അവിടുത്തെ മണൽത്തരികളോട് സല്ലപിക്കാനായത്, പ്രകൃതിയോടു ലയിച്ചു നിൽക്കാനായത്, കാറ്റിന്റെ, കടലിന്റെ തലോടലുകൾ ഏറ്റുവാങ്ങാനായത്, എല്ലായിടങ്ങളിലും ഇന്നും പൂത്തു വിരിയുന്ന ദേവസഹായ പുണ്യ പുഷ്പ സൗരഭ്യം നുകരുവാനായത്..

## നട്ടാലത്തേക്ക്

ഫെബ്രുവരി 25 വെള്ളിയാഴ്ച വെളുപ്പിന് അഞ്ചര മണിക്ക് നാഗർകോവിൽ ബസ്സിൽക്കയറി, ആറരയോടെ മാർത്താണ്ഡത്ത് ഇറങ്ങി. നാലു കിലോമീറ്റർ ദൂരം സഞ്ചരിച്ച് നട്ടാലത്ത് എത്തിച്ചേരുമ്പോൾ ഏഴുമണി. നട്ടാലത്തെക്കുറിച്ച് പറയേണ്ടതില്ലല്ലോ, ദേവസഹായത്തിന്റെ ജന്മം കൊണ്ട് അനുഗ്രഹീതമായ പ്രകൃതിദത്ത ഗ്രാമം.

ഇവിടെയാണ് ആ വെള്ളിനക്ഷത്രം പിറവി കൊണ്ടത്; 1712 ഏപ്രിൽ 23ന് മരുതംകുളങ്ങര നായർ തറവാട്ടിൽ വാസുദേവൻ നമ്പൂതിരിയുടേയും ദേവകിയമ്മയുടെയും മകനായി ജനനം. 1739 വരെ മുത്തപ്പർ എന്ന ആശാന്റെ കളരിപ്പള്ളിക്കൂടത്തിൽ വിദ്യാഭ്യാസം, തുടർന്ന് 1740ൽ തന്റെ 28-ാമത്തെ വയസ്സിൽ പത്മനാഭപുരം കൊട്ടാരത്തിൽ രാജാവിന്റെ സൈന്യത്തിൽ ഉയർന്ന ഉദ്യോഗം സ്വീകരിച്ചു.

1741 ജൂൺ 10-ാം തിയതി പ്രശസ്തമായ കുളച്ചൽ യുദ്ധത്തിൽ ഡച്ചു സൈന്യം പരാജയപ്പെടുകയും, തുടർന്ന് ഡച്ചു സൈന്യത്തിന്റെ ജനറൽ ആയിരുന്ന ബെനഡിക്ട് ഡിലനോയ് തടവിലാക്കപ്പെടുകയും ചെയ്തു.

അദ്ദേഹത്തിന്റെ ജ്ഞാന വൈഭവം ക

ണ്ട മഹാരാജാവ് തന്റെ നാടിന്റെ അഭിവൃദ്ധിക്കു വേണ്ടി സേവനം ചെയ്യണമെന്ന് ആവശ്യപ്പെട്ടതനുസരിച്ച് ഡിലനോയ് സൈന്യത്തിൽ ഉയർന്ന ഉദ്യോഗം സ്വീകരിച്ച് സൈന്യത്തെ പാശ്ചാത്യ രീതിയിൽ നവീകരിച്ചു. അദ്ദേഹത്തെ സഹായിക്കാൻ രാജാവിന്റെ കാര്യസ്ഥരിൽ നിന്നും നിയോഗിക്കപ്പെട്ട നീലകണ്ഠപിള്ള, ക്രിസ്തുവിനോടുള്ള ഡിലനോയിയുടെ വിശ്വാസ തീഷ്ണതയിൽ ആകർഷിക്കപ്പെടുകയും, അദ്ദേഹത്തിന്റെ സ്നേഹിതനായി മാറുകയും, ക്രിസ്തുവിനെക്കുറിച്ച് കൂടുതൽ അറിയണമെന്ന അഭിവാഞ്ചയോടെ ബൈബിൾ പഠനം ആരംഭിക്കുകയും ചെയ്തു.

1745 മെയ് 14ന് കന്യാകുമാരി ജില്ലയിലെ വടക്കൻകുളത്തു വച്ച് ഈശോസഭാ വൈദികൻ ഫാ. ജെ പി ബുട്ടാരിയിൽ നിന്നും ജ്ഞാനസ്നാനം സ്വീകരിച്ച് ലാസർ എന്ന് അർത്ഥമുള്ള ദേവസഹായം എന്ന പേര് സ്വീകരിച്ചു



*കോട്ടാർ വി. ഫ്രാൻസിസ് സേവ്യർ കത്തീഡ്രലിൽ ദേവസഹായത്തിന്റെ ഭൗതികദേഹം അടക്കം ചെയ്തിരിക്കുന്ന കല്ലറ*



**1712 ഏപ്രിൽ 23ന് മരുതംകുളങ്ങര നായർ തറവാട്ടിൽ വാസുദേവൻ നമ്പൂതിരിയുടേയും ദേവകിയമ്മയുടെയും മകനായി ജനനം. 1739 വരെ മുത്തപ്പർ എന്ന ആശാന്റെ കളരിപ്പള്ളിക്കൂടത്തിൽ വിദ്യാഭ്യാസം തുടർന്ന് 1740ൽ തന്റെ 28-ാമത്തെ വയസ്സിൽ പത്മനാഭപുരം കൊട്ടാരത്തിൽ രാജാവിന്റെ സൈന്യത്തിൽ ഉയർന്ന ഉദ്യോഗം.**

വടക്കൻകുളത്തു വച്ച് ജ്ഞാനപ്പൂ അമ്മ എന്ന് അർത്ഥമുള്ള തെരേസ എന്ന പേര് സ്വീകരിച്ച് ജ്ഞാനസ്നാനം സ്വീകരിച്ചു.

1749 വരെ സുവിശേഷ വേല ചെയ്ത് ജനങ്ങളെ ക്രിസ്തുവിലേക്ക് അടുപ്പിച്ചു.

സുവിശേഷ വേലയിൽ നിന്നും പിന്തിരിയണം എന്ന രാജകൽപ്പന നിരസിച്ചതിന്, തെറ്റായ കുറ്റാരോപണങ്ങളുടെ പേരിൽ 1749 ഫെബ്രുവരി 23ന് അറസ്റ്റിലായ ദേവസഹായം, അധികാരികളാൽ ശിക്ഷിക്കപ്പെട്ട് കന്യാകുമാരിയുടെയും തിരുവിതാംകൂറിന്റെയും വിവിധ താലൂക്കുകളിലെ 13 ജയിലുകളിലായി 1752 ജനുവരി 13 വരെ വിവിധ രീതിയിലുള്ള ക്രൂരമായ ശിക്ഷ അനുഭവിച്ചു. രാജസേവകരുടെ നൂറുകണക്കിന് അടികൾ ആ ദേഹത്ത് പതിച്ചപ്പോഴും പതറാത്ത ഉൾക്കരുത്തോടെ ക്രിസ്തുവിനെയും വിശുദ്ധ സെബസ്ത്യാനോസിനെയും ഓർത്ത് സഹിക്കുവാൻ അദ്ദേഹം പ്രകടി





*തിരുവിതാംകൂർ സൈന്യം കുളച്ചൽ യുദ്ധം വിജയിച്ചതിന്റെ സ്മാരകം*

പ്പിച്ച അസാമാന്യ ധീരത കണ്ട് രാജസേവകരിൽ പലരും അദ്ദേഹത്തിന്റെ അനുയായികളായി എന്നതും സാക്ഷ്യം.

1752 ജനുവരി 14ന് അരൾവായ്മൊഴിയിലെ കാറ്റാടി മലയിൽ വച്ച് വെടിയുണ്ടയേറ്റു മരിച്ച ദേവസഹായത്തെ നാഗർകോവിലിൽ കോട്ടാർ സെന്റ് ഫ്രാൻസിസ് സേവ്യർ കത്തീഡ്രൽ ദേവാലയത്തിൽ സംസ്കരിച്ചു.

ഇന്ത്യയിലെ ആദ്യ അല്മായ വേദസാക്ഷി ദേവ സഹായം പിള്ള രകതസാക്ഷിയായ കാലഘട്ടത്തിൽ കോട്ടാറും തിരുവിതാംകൂറും ഉൾപ്പെടുന്ന പ്രദേശങ്ങൾ പഴയ കൊച്ചി രൂപതയുടെ ഭാഗമായിരുന്നു . അന്നത്തെ കൊച്ചി മെത്രാൻ ഈശോസഭാ വൈദികനായിരുന്ന ക്ലെമെൻസ് ജോസഫ് സിലേയ്റ്റ S.J (1745-1771) ഡച്ചു ആധിപത്യവും മറ്റ് രാഷ്ട്രീയ കാരണങ്ങളാൽ തിരുവനന്തപുരത്തെ അഞ്ചുതെങ്ങിൽ താൽക്കാലിക വൈദിക മന്ദിരത്തിൽ വസിച്ചു കൊണ്ടാണ് രൂപത ഭരണം നടത്തിയിരുന്നത് . പിള്ളയുടെ ധീരരകതസാക്ഷിത്വത്തെക്കുറിച്ച് അറിഞ്ഞ ബിഷപ്പ് ക്ലെമെൻസ് തിരുസഭയ്ക്ക് ഒരു രകതസാക്ഷിയെ ലഭിച്ചതിനു ദൈവത്തിനു നന്ദി പറഞ്ഞു കൊണ്ട് പൊന്തഫിക്കൽ ദിവ്യബലിയും



*വടക്കൻകുളം തിരുക്കുടുംബ ദേവാലയം*

തെദേവും എന്ന സ്തോസ്ത്ര ഗീതവും അർപ്പിക്കുകയും തന്റെ രൂപതയിലെ എല്ലാ ദേവാലയങ്ങളിലും ദേവസഹായത്തിന്റെ രക്തസാക്ഷിത്വത്തെക്കുറിച്ചുള്ള ഇടയ ലേഖനം വായിക്കുകയും തെദേവും ആലപിക്കാനുള്ള കൽപ്പന നൽകുകയും ചെയ്തു. തുടർന്ന് ബിഷപ്പ് ക്ലെമെൻസ് 1756 ൽ റോമിൽ പോയി അന്നത്തെ പോപ്പ് ബെനഡിക്ട് 14 -ാമനെ സന്ദർശിച്ചപ്പോൾ സമർപ്പിച്ച റിപ്പോർട്ടിൽ പിള്ളയുടെ ധീര രകതസാക്ഷിത്വത്തെ സംബന്ധിക്കുന്ന സമഗ്ര വിവരങ്ങൾ നൽകി . ബിഷപ്പ് ക്ലെമെൻസ് ലാറ്റിൻ ഭാഷയിൽ റോമിന് സമർപ്പിച്ച ഈ രേഖയാണ് ദേവ സഹായം പിള്ളയുടെ വിശുദ്ധപദ പ്രഖ്യാപനത്തിന് ഏറെ നിർണ്ണായകമായത് . ഈ പുരാതന രേഖ പിള്ളയുടെ നാമകരണത്തിന്റെ വൈസ് പോസ്റ്റുലേറ്ററായ ഫാ.ജോൺ കുഴന്തയുടെ പരിശ്രമ ഫലമായാണ് വത്തിക്കാൻ പുരാരേഖ ശേഖരത്തിൽ നിന്നും കണ്ടെത്താൻ സാധിച്ചത് . ലത്തീൻ ഭാഷയിലുള്ള ഈ റിപ്പോർട്ടിന്റെ തമിഴ്, മലയാളം, ഇംഗ്ളീഷ് പരിഭാഷകൾ കോട്ടാർ രൂപതയിൽ നിന്നും ഔദ്യോഗികമായി പ്രസിദ്ധികരിച്ചിട്ടുണ്ട്.

1993 ഡിസംബർ 8-ാം തിയതി ദേവസഹായം പിള്ളയുടെ നാമകരണത്തിനു വേണ്ടിയുള്ള രൂപതാ നടപടികൾ ആരംഭിച്ചു.

2003 ഡിസംബർ 22ന് ദേവസഹായം പിള്ളയുടെ നാമകരണ നടപടികൾക്ക് ഔദ്യോഗിക തുടക്കമായി; അദ്ദേഹത്തെ 'ധന്യൻ' ആയി പ്രഖ്യാപിച്ചു.

2012 ജൂൺ 28ന് ബെനഡിക്ട് പതിനാറാമൻ പാപ്പ ദൈവസഹായം പിള്ളയെ രക്തസാക്ഷിയായി അംഗീകരിച്ച് ഡിക്രി പുറപ്പെടുവിച്ചു

2012 ഡിസംബർ 2ന് നാഗർകോവിലെ കാർമ്മൽ സ്കൂൾ ഗ്രൗണ്ടിൽ വച്ച് മാർപ്പാപ്പയുടെ പ്രത്യേക പ്രതിനിധിയും, നാമകരണ തിരുസംഘത്തിന്റെ തലവനുമായിരുന്ന കർദ്ദിനാൾ അമറ്റൊയുടെ മുഖ്യ കാർമ്മികത്വത്തിൽ നടന്ന ദിവ്യബലി മദ്ധ്യേ ദേവസഹായം പിള്ള വാഴ്ത്തപ്പെട്ടവനായി പ്രഖ്യാപിക്കപ്പെട്ടു.

നട്ടാലത്തു ചെന്നിറങ്ങുമ്പോൾ കാണുന്നത് ദേവസഹായത്തിന്റെ നാമധേയത്തിൽ സ്ഥാപിതമായ ആദ്യ ദേവാലയമാണ്. 2012 ഡിസംബർ 2ന് അദ്ദേഹത്തെ വാഴ്ത്തപ്പെട്ടവനായി ഉയർത്തിയ ദിവസമാണ് ഈ ദേവാലയം ഉദ്ഘാടനം ചെയ്യപ്പെട്ടത്. പുതുക്കിപ്പണിത ദേവാലയം 2018 ഏപ്രിൽ 23ന് കുഴിത്തുറ മെത്രാൻ അഭിവന്ദ്യ വി ജെ റോംദാസ് എസ്ഡിബി വെഞ്ചരിച്ചു. പള്ളിയിൽ വെള്ളിയാഴ്ചകളിൽ വളരെ തിരക്കാണ്. ദിവ്യബലി, നൊവേന, ധ്യാനം തുടങ്ങിയ ഭക്തകൃത്യങ്ങളിലൂടെ ദേവസഹായ മാദ്ധ്യസ്ഥ്യത്താൽ ഈശ്വര സേവയ്ക്കായ് ഒഴുകിയെത്തുന്ന ജനങ്ങൾ അവരുടെ ആകുല വ്യാകുലങ്ങൾ സമർപ്പിച്ചു മന:ശാന്തി വരുത്തുന്നു. പള്ളിയോടു ചേർന്ന് ഓല മേഞ്ഞ ആകർഷകമായ കുരിശടിയിൽ ദേവസഹായത്തിന്റെ പ്രതിമയും കൽ വിളക്കുകളും. പ്രകൃതിയോടു സല്ലപിച്ച് പ്രാർത്ഥിക്കാൻ അവസരം കിട്ടുന്ന ഇവിടെ തീർത്ഥാടകരെ അനുഗ്രഹിക്കാൻ മാലാഖമാരുടെ അകമ്പടിയിൽ ഉണ്ണിയീശോയും പരിശുദ്ധ കന്യകാ മറിയവും. മനസ്സിനു കുളിർമ്മ പകരുന്ന അന്തരീക്ഷം!

2021 ജനുവരി 14ന് തൂത്തുക്കുടി മെത്രാൻ അഭിവന്ദ്യ സ്റ്റീഫൻ ആന്റണി പിതാവ് ഉദ്ഘാടനം ചെയ്ത മ്യൂസിയം അടങ്ങുന്ന ജന്മഗൃഹ സമുച്ചയം റോഡിനപ്പുറത്താണ്. അദ്ദേഹം ജനിച്ച വീടിന്റെ ഭിത്തിയുടെ ഒരു ഭാഗം അതുപോലെ തന്നെ സംരക്ഷിച്ചു കൊണ്ടാണ് കെട്ടിടം പുനർ നിർമ്മിച്ചിട്ടുള്ളത്. പെരുമയാർന്ന മരുതംകുളങ്ങര തറവാടിന്റെ ആഢ്യത്വം വിളിച്ചോതുന്ന മ്യൂസിയത്തിൽ അദ്ദേഹത്തിന്റെ ജനനം, കളരി പരിശീലനം, മാർത്താണ്ഡം കൊട്ടാരത്തിലെ ഉദ്യോഗം, ഹൈന്ദവ ആചാരപ്രകാരമുള്ള വിവാഹം, ഡിലനോയുമായുള്ള കണ്ടുമുട്ടൽ, ഫാ.ബുട്ടാരിയിൽ നിന്നും ജ്ഞാനസ്നാന സ്വീകരണം, പീഢനങ്ങൾ, കാരാഗൃഹ വാസം തുടങ്ങിയ ചിത്രീകരണങ്ങളും, അദ്ദേഹത്തിന്റെ കുടുംബാംഗങ്ങൾ ഉപയോഗിച്ചിരുന്ന ഗൃഹോപകരണങ്ങൾ, അന്നത്തെ ആയുധങ്ങൾ തുടങ്ങിയവയും ഭംഗിയായി അലങ്കരിച്ചിരിക്കുന്നു. അതിരാവിലെ തന്നെ സന്ദർശനത്തിന് അനുമതി നൽകിയ സിസ്റ്ററിനു നന്ദി പറഞ്ഞ് സന്ദർശക പുസ്തകത്തിൽ കയ്യൊപ്പു ചാർത്തി പുറത്തിറങ്ങിയപ്പോൾ ഒമ്പതു മണി. വീടിനോടു ചേർന്ന് ദേവസഹായവും കുടുംബവും വെള്ളം കുടിച്ചിരുന്ന കിണറിൽ നിന്നും ഒരു മാലാഖ പ്രതിമയുടെ കൈയിലെ കിണ്ടിയിലൂടെ ജല പ്രവാഹം. അത്ഭുത രോഗശാന്തിയുടെ സാക്ഷ്യമാണ് ഈ ജലം എന്ന് സിസ്റ്റർ പറഞ്ഞു. വെള്ളം കോരിക്കുടിച്ച് ദാഹം തീർത്ത്, എന്റെ കയ്യിലെ കൊച്ചു കുപ്പിയിലും വെള്ളമെടുത്ത് പുറത്തേക്കു കടന്നപ്പോൾ ജ



*ദേവസഹായം ജ്ഞാനസ്നാനം സ്വീകരിച്ച കൽത്തൊട്ടി*



*പുലിയൂർകുരിശിയിലെ ഉദയനാർ കോട്ടയുടെ കവാടം*

നങ്ങൾ എത്താൻ തുടങ്ങിക്കഴിഞ്ഞു. പള്ളിയിൽ ഉണ്ടായിരുന്ന തദ്ദേശവാസിയായ പീറ്റർ ബോസ്കോ എന്ന ചെറുപ്പക്കാരനെ ആഗമനോദ്ദേശ്യം അറിയിച്ചപ്പോളാണ് കുളച്ചലിൽ നിന്ന് യാത്ര ആരംഭിക്കേണ്ടിയിരുന്നതിന്റെ സൗകര്യം വെളിവായത് എങ്കിലും, തുടർന്നു സഞ്ചരിക്കേണ്ട വഴിയുടെ രൂപരേഖ അയാൾ പറഞ്ഞു തന്നു.

### കുളച്ചൽ: ചരിത്രമുറങ്ങുന്ന നാട്

കുളച്ചൽ എന്ന ചരിത്രമുറങ്ങുന്ന ഭൂമിയിൽ എത്തിച്ചേരാൻ 40 മിനിറ്റു മാത്രം. വിശാലമായ കടൽത്തീരത്ത് വെയിലിനെ വകവയ്ക്കാതെ അൽപ്പം നടത്തം. ഡിലനോയും കൂട്ടരും വന്നിറങ്ങിയ കപ്പൽച്ചാൽ ഇന്ന് സാമാന്യം നല്ലൊരു മത്സ്യബന്ധന കേന്ദ്രം. 1741 ജൂലൈ 31ന് ഡച്ചുസൈന്യം തിരുവിതാംകൂർ സൈന്യത്തോടു പരാജയപ്പെട്ടില്ലായിരുന്നെങ്കിൽ, ചരിത്രം എത്ര മാറിയേനെ എന്നു ചിന്തിക്കുമ്പോഴാണ് ദൈവിക പദ്ധതിയുടെ പൊരുൾ നമുക്ക് വെളിവാകുന്നത്.

വീണ്ടും നടത്തം കുളച്ചൽ കത്തോലിക്കാ ദേവാലയാങ്കണത്തിലേക്ക്. ദേവാലയത്തിനു മുമ്പിലാണ് യുദ്ധ വിജയ സ്തൂപം സ്ഥാപിതമായിരിക്കുന്നത്. വിശദമായിത്തന്നെ കണ്ടു.

**2003 ഡിസംബർ 22ന് ദേവസഹായം പിള്ളയുടെ നാമകരണ നടപടികൾക്ക് ഔദ്യോഗിക തുടക്കമായി; അദ്ദേഹത്തെ 'ധന്യൻ' ആയി പ്രഖ്യാപിച്ചു. 2012 ജൂൺ 28ന് ബെനഡിക്ട് പതിനാറാമൻ പാപ്പ ദൈവസഹായം പിള്ളയെ രക്തസാക്ഷിയായി അംഗീകരിച്ച് ഡിക്രി പുറപ്പെടുവിച്ചു 2012 ഡിസംബർ 2ന് നാഗർകോവിലെ കാർമ്മൽ സ്കൂൾ ഗ്രൗണ്ടിൽ വച്ച് മാർപ്പാപ്പയുടെ പ്രത്യേക പ്രതിനിധിയും, നാമകരണ തിരുസംഘത്തിന്റെ തലവനുമായിരുന്ന കർദ്ദിനാൾ അമറ്റൊയുടെ മുഖ്യ കാർമ്മികത്വത്തിൽ നടന്ന ദിവ്യബലി മദ്ധ്യേ ദേവസഹായം പിള്ള വാഴ്ത്തപ്പെട്ടവനായി പ്രഖ്യാപിക്കപ്പെട്ടു.**

### മുട്ടടിച്ചാൻ പാറയിലേക്ക്

തക്കല വഴി നാഗർകോവിലിലേക്ക് പോകുന്ന ബസ്സിൽ പുലിയൂർക്കുറിച്ചി സന്ദർശനമാണ് കാര്യപരിപാടിയിലെ അടുത്ത ഇനം. കുളച്ചലിൽ നിന്ന് 14കിലോമീറ്റർ. പുലിയൂർക്കുറിച്ചിയിലെ മുട്ടടിച്ചാൻ പാറയെക്കുറിച്ച് അറിയാമല്ലോ? ദേവസഹായത്തെ എരുമപ്പുറത്ത് ഇരുത്തി പലവിധ പീഡനങ്ങൾ ഏൽപ്പിച്ച് ജനമദ്ധ്യേ നടത്തിയ സ്ഥലം! അദ്ദേഹത്തിനു ദാഹിച്ചപ്പോൾ അവർ ചെളിവെള്ളം കുടിക്കാൻ കൊടുത്തു; എന്നാൽ അദ്ദേഹം അത് സ്വീകരിച്ചില്ല. തന്റെ രക്ഷകനായ യേശുവിനോട് മുട്ടിപ്പായി പ്രാർത്ഥിച്ച് കൈമുട്ട് പാറയിൽ ഇടിച്ചപ്പോൾ അത്ഭുതമേ, നീർത്തട പ്രവാഹം കണ്ട് വിസ്മയിച്ച ഭടന്മാർ ദേവസഹായത്തെ ബഹുമാനിക്കാൻ നിദാനമായ ദൈവ കരസ്പർശം.

നീരുറവയ്ക്കു സമീപം കെട്ടിയിട്ടിരിക്കുന്ന പാത്രം കൊണ്ട് വെള്ളം കോരിയെടുക്കാം; കുടിക്കാം, കുപ്പികളിൽ ശേഖരിക്കാം. വിശുദ്ധ മിഖായേൽ ദേവാലയത്തിൽ ഒരു നിമിഷം. ചരിത്രം തുടിച്ചു നിൽക്കുന്ന പുണ്യഭൂമിയിൽ വന്നു ചേരാനായതിന്റെ സന്തോഷത്തിൽ പള്ളിയുടെ പുസ്തകശാലയിലേക്ക് ഒരു എത്തിനോട്ടം. ദൈവം അങ്ങിനെയാണ്, നാം അറിയാതെ തന്നെ വഴി നടത്തും. അല്ലെങ്കിൽ നാഗർകോവിലിലേക്കു പോകേണ്ട ഞാൻ സ്റ്റാളിൽ പോകുകയും, അവിടത്തെ ജീവനക്കാരിയുമായി സംസാരിക്കുകയും, അവർ തന്ന വിവരമനുസരിച്ച് ഡിലനോയിയെയും കുടുംബാഗങ്ങളെയും അടക്കം ചെയ്തിരിക്കുന്ന ഉദയഗിരിക്കോട്ട തൊട്ടടുത്താണെന്ന് അറിയുകയും അവിടെ പോകുകയും ചെയ്തത് ഈശ്വരാനുഗ്രഹ സമൃദ്ധിയുടെ വർഷമാപിനി.

### ഡിലനോയിയും ഉദയഗിരിക്കോട്ടയും

തമിഴ്നാട് വനം വകുപ്പിന്റെ അധീനതയിലുള്ള കോട്ടയിൽ പ്രവേശനം പാ



*ദേവസഹായത്തിന് സംരക്ഷണം നൽകിയ വേപ്പുമരം നിലനിന്ന പെരുവിള*



*വടക്കൻകുളം ദേവാലയ സെമിത്തേരിയിലെ ജ്ഞാനപ്പൂ അമ്മയുടെ ശവകുടീരം*

സ്സു മൂലം. രണ്ടു കിലോമീറ്ററോളം നടപ്പുണ്ടെങ്കിലും കാട്ടിലൂടെയുള്ള യാത്ര സുഖകരം. കോട്ട ഒരിക്കൽ പള്ളിയായിരുന്നു എന്നതിന്റെ അവശിഷ്ടങ്ങൾ വ്യക്തമായി കാണാം. ഉദയഗിരിക്കോട്ടയ്ക്ക് ആരോ കേടുപാടുകൾ വരുത്തിയിരിക്കുന്നു. ഡിലനോയിയുടെയും കുടുംബാംഗങ്ങളുടെയും ശവകുടീരങ്ങൾ ഉൾപ്പെടെ ഏഴു കല്ലറകൾ കാണാം. അവിടം സന്ദർശിച്ചു പ്രാർത്ഥിച്ച് തിരികെ പോരുമ്പോൾ മണി മൂന്നു കഴിഞ്ഞു. എങ്കിലും, സംതൃപ്തമായ മനസ്സോടെ പെരുവിളയിലേക്ക്.

## പെരുവിള വേപ്പിൻ ചുവട്ടിൽ

ദേവസഹായത്തെ 1751 മെയ്മാസം 11ന് ആരാച്ചാർ വേപ്പിൻ മരത്തിൽ കെട്ടിയിട്ട സ്ഥലമാണ് പെരുവിള. പകൽ നേരത്തെ അത്യുഷ്ണവും രാത്രിയിലെ തണുപ്പും സഹിച്ച് അദ്ദേഹം കഴിഞ്ഞപ്പോൾ വേപ്പിൻ മരം ഇലകൾ പൊഴിച്ച് അദ്ദേഹത്തെ സംരക്ഷിച്ചു എന്നാണ് വിശ്വാസം. മലങ്കര സഭയുടെ സംരക്ഷണയിലായിരിക്കുന്ന ഇവിടെ ഒരു കപ്പേളയുണ്ട്. ഇവിടെ വച്ച് അദ്ദേഹത്തിന് തിരുക്കുടുംബ ദർശനം ഉണ്ടായി എന്നും, ശിക്ഷ നടപ്പാക്കാൻ വന്ന ആരാച്ചാർക്ക് കുട്ടികളില്ലാതിരുന്നതു കൊണ്ട് ദേവസഹായത്തിന്റെ മാദ്ധ്യസ്ഥ്യം യാചിച്ചു എന്നും, തുടർന്ന് കുട്ടികളുണ്ടായി എന്നും വിശ്വസിക്കപ്പെടുന്നു.

കോട്ടാർഅരൾവായ് മൊഴിവടക്കുംകുളം സ്ഥലങ്ങളിലേക്കാണ് ഇനി പോകേണ്ടത്.

## അരൾവായ് മൊഴീ, നീയെത്ര ധന്യം

വടശ്ശേരി ബസ് സ്റ്റാൻഡിൽ നിന്നും 45 മിനിറ്റ് യാത്രയ്ക്കൊടുവിൽ അരൾവായ്മൊഴി ജംഗ്ഷനിലെത്തി. അത്താഴത്തിനുള്ള ലഘുഭക്ഷവും വാങ്ങി ഓട്ടോയിൽ 60രൂപ ദൂരക്കാശു കൊടുത്ത് കാറ്റാടിമലയിലെ പുണ്യഭൂമിയിൽ! മുറി തയ്യാറായിരുന്നു; ഒരു കുളിയും പാസ്സാക്കി കട്ടിലിലേക്ക്. അങ്ങിനെ ഒന്നാം ദിന സമാപ്തിയിലേക്ക്.

അതിരാവിലെ ആറു മണിക്കുള്ള ദിവ്യബലിയിൽ പങ്കുകൊണ്ട് ആരംഭിച്ച രണ്ടാം ദിന പ്രഭാതം തേജസ്സിന്റെ മഹിമയോടെ പ്രസന്നം!

വ്യാകുലമാതാ ദേവാലയം, ദേവസഹായം മരിക്കുന്നതിനു മുമ്പ് മുട്ടു കുത്തി പ്രാർത്ഥനയർപ്പിച്ച പാറ, ദേവസഹായത്തെ വെടിവച്ചു വീഴ്ത്തിയ സ്ഥലം, വെടിയേറ്റു വീണ ദേവസഹായം പടികളിറങ്ങി മരിച്ചു വീണ പേരാൽ മരത്തണൽ, ദേവസഹായം മരിച്ച നേരം മല മുകളിൽ നിന്നും മണി മുഴങ്ങിയ മണിയടിച്ചാൻ പാറ, താഴെ മുതൽ മലമുകൾ വരെ പ്രകൃതി രമണീയതയുടെ പശ്ചാത്തല ഭംഗിയിൽ പണി തീർത്ത കുരിശിന്റെ വഴിയുടെ ധ്യാനാത്മകമായ പതിനാലു രംഗങ്ങൾ, പിടിച്ചു നിന്നില്ലെങ്കിൽ പറന്നു പോകും വിധം ശക്തമായ കാറ്റു വീശുന്ന മലമുകൾ, പ്രകൃതി കനിഞ്ഞു നൽകിയ ദൃശ്യ വിരുന്നുകളുടെ ആകാശ മേലാപ്പിൻ കീഴിലെ കൊതിയൂറും ദൃശ്യങ്ങൾ...കണ്ടാലും കണ്ടാലും മതിവരാത്ത വിരുന്നുമായി പ്രകൃതീദേവിയുടെ കാവ്യ കീർത്തനം...

സമയം എട്ട് ആകുന്നേയുള്ളൂവെങ്കിലും മണിയടിച്ചാൻ പാറയിൽ തീർത്ഥാടകരെത്തിക്കഴിഞ്ഞു.

ഒരു കരിങ്കൽ ചീളു കണ്ടെത്തി പാറയിൽ അടിച്ചപ്പോൾ ഉണ്ടായ മണി ശബ്ദത്തോടു ചേർന്ന് 'വാനവദൂതൻ തൻ മണിനാദമിതാ കേൾക്കുന്നു പാടീടാം മേരി തൻ സ്തോത്രം' എന്ന മാതൃസ്തുതി ഈരടി പാടി അമ്മയ്ക്ക് സമർപ്പണം.

രണ്ടു തിരുനാളുകളാണ് ഇവിടെ ആഘോഷിക്കപ്പെടുന്നത്.

ഒന്ന്, ദേവസഹായം രക്തസാക്ഷിത്വം വരിച്ച ജനുവരി 14

രണ്ട്, വിഭൂതി തിരുനാൾ കഴിഞ്ഞു വരുന്ന വെള്ളിയാഴ്ച കൊടി കയറ്റുകയും, തുടർന്നുള്ള രണ്ടാമത്തെ ഞായറാഴ്ച അവസാനിക്കുകയും ചെയ്യുന്ന പരിശുദ്ധ വ്യാകുലമാതാ തിരുനാൾ. വടക്കൻ കുളത്തേക്ക്. അരൾവായ്മൊഴിയിൽ നിന്ന് ഏതാണ്ട് നാൽപ്പതു മിനിറ്റ് യാത്ര.

## ക്രൈസ്തവ ചൈതന്യം തുളുമ്പുന്ന വടക്കൻകുളം

തിരുനൽവേലി ജില്ലയിലെ വടക്കൻകുളം ഒരിക്കൽ മഹാഭൂരിപക്ഷവും ക്രിസ്ത്യാനികൾ പാർത്തിരുന്ന ഗ്രാമം ആയിരുന്നു പണ്ടു മുതലേ തിരുക്കുടുംബ ദേവാലയം ഒരു തീർത്ഥാടന കേന്ദ്രമാണെന്നും ബസ്സിൽ അടുത്തിരുന്നയാൾ പറഞ്ഞു. മാതാ ദേവാലയം (മാതാ കോവിൽ) എന്ന വിളിപ്പേരിലും ഇവിടം അറിയപ്പെടുന്നു.

പതിനേഴാം നൂറ്റാണ്ടിൽ വിശുദ്ധ ജോൺ ദി ബ്രിട്ടോയുടെ സേവനം കൊണ്ട് പാവനമായ ഭൂമി, പതിനെട്ടാം നൂറ്റാണ്ടിൽ ബെസ്കി എന്ന ഈശോ സഭാ വൈദികൻ 'തെമ്പവനി' എന്ന തമിഴ് ഇതിഹാസ കാവ്യം രചിച്ച നാട്, 1742ൽ പരിശുദ്ധ കന്യാമറിയത്തിന്റെ അത്ഭുത സ്വരൂപം കടലിൽ ഒഴു




*ഉദയഗിരിക്കോട്ടയിലെ ഡിലനോയിയുടെ കല്ലറ*

കി വന്ന് തീരമണഞ്ഞ പുണ്യ ഭൂമി, 1803 ഒക്ടോബർ 23ന് പരിശുദ്ധ അമ്മയുടെ തിരുസ്വരൂപത്തിലെ കൂപ്പിയ കരങ്ങൾ തുറന്നു നിവർത്തിപ്പിടിച്ചിരിക്കുന്നതും കണ്ണിൽ നിന്നും കണ്ണുനീർ ധാരധാരയായി ഒഴുകുന്നതും കണ്ടതായി ജനങ്ങൾ സാക്ഷ്യപ്പെടുത്തിയ ഭൂമി...അങ്ങിനെ നൂറ്റാണ്ടുകൾക്ക് മുമ്പു മുതൽ ക്രൈസ്തവ പിള്ളത്തൊട്ടിലായി നൂറുമേനി വിളവു നൽകിയ ഈ മനോഹര ഭൂവിലാണ് 1745ൽ ദേവസഹായം ജ്ഞാനസ്നാനം സ്വീകരിച്ചത് എന്നത് ഓരോ ക്രൈസ്തവനും ഉൾപ്പുളകത്തിന്റെ തിരയേറ്റ നിർവൃതിയിൽ ഓർത്തുവയ്ക്കേണ്ട ഒന്നാണ്.

ഭൗതിക സാഹചര്യങ്ങളുടെ മാറ്റം ഇന്ന് ക്രൈസ്തവ സംഖ്യയിൽ കുറവു വരുത്തിയിട്ടുണ്ടെങ്കിലും, ചൈതന്യത്തിന് ഒട്ടും കുറവു വന്നിട്ടില്ല എന്ന് ഇവിടം സന്ദർശിക്കുമ്പോൾ ബോദ്ധ്യമാകും.

ദേവസഹായത്തിന്റെ ജ്ഞാനസ്നാന ദിനമായ മെയ് പതിനാല് എല്ലാ വർഷവും വളരെ വിപുലമായി ഇവിടെ ആഘോഷിച്ചു വരുന്നു. ദേവസഹായത്തിന്റെ പ്രിയപത്നി ജ്ഞാനപ്പൂ അമ്മയുടെ മൃതദേഹം അടക്കിയിരിക്കുന്നതും ഈ ദേവാലയ സിമിത്തേരിയിലാണ്. അനേകം അത്ഭുതങ്ങൾ പരിശുദ്ധ അമ്മ വഴിയായി സംഭവിക്കുന്നുവെന്ന വിശ്വാസത്തിൽ തീർത്ഥാടക സമൂഹം ഭക്തിപൂർവ്വം സന്ദർശിക്കുന്ന ഒരിടമാണ് ഈ ദേവാലയം. പരിശുദ്ധ അമ്മയുടെ ഒഴുകിവന്ന അസ്സൽ സ്വരൂപം പ്രത്യേകം തീർത്ത ചെറിയ പള്ളിയിലാണ് സൂക്ഷിക്കുന്നത്. ദേവാലയത്തിൽ പ്രവേശിക്കുമ്പോൾ മുതൽ ആദ്ധ്യാത്മിക ചൈതന്യ അനുഭൂതിയുടെ കുളിർ തെന്നൽ പ്രവാഹം ഈ ലേഖകനും അനുഭവിച്ചറിഞ്ഞു.

ദേവസഹായം ജ്ഞാനസ്നാനം സ്വീകരിച്ച കൽത്തൊട്ടി ദേവാലയത്തിന്റെ പ്രധാന കവാടത്തിൽ കാണാം. ദേവാലയ മതിലിൽ ജ്ഞാനസ്നാന സ്വീകരണത്തിന്റെ ശിൽപ്പങ്ങൾ കൊത്തിവച്ചിരിക്കുന്നു. ദേവസഹായത്തിന്റെ ജ്ഞാനസ്നാനം ജനങ്ങൾ ആഘോഷിച്ചു എന്നും, വർഷം തോറും അതിന്റെ സ്മരണ പുതുക്കൽ ആഘോഷപൂർവ്വം നടത്തപ്പെടുന്നു എന്നതും പ്രത്യേകം സ്മരണീയം.

ദേവസഹായം ഉപയോഗിച്ചിരുന്ന തലപ്പാവും ഓലച്ചുവടികളും ഇവിടെ സൂക്ഷിച്ചിരിക്കുന്നു.



*കോട്ടാർ മെത്രാസന മന്ദിരത്തിന് മുന്നിൽ സ്ഥാപിച്ചിരിക്കുന്ന വിശുദ്ധ ദേവസഹായത്തിന്റെ പ്രതിമ*

## ജ്ഞാനപ്പൂ അമ്മയുടെ കുഴിമാടം

സിമിത്തേരിയിലെ പ്രത്യേക കല്ലറയിൽ അന്ത്യവിശ്രമം കൊള്ളുന്നു, പുണ്യചരിതയായ ജ്ഞാനപ്പൂ അമ്മ. വിശ്വാസ സംരക്ഷണത്തിന് ദേവസഹായത്തോടു ചേർന്നു നിന്ന്, അദ്ദേഹത്തെ ജയിലിൽപ്പോയി കാണുവാൻ അവസരം പോലും നിഷേധിക്കപ്പെട്ട ആ അമ്മയുടെ കുഴിമാടത്തിൽ പ്രാർത്ഥനാ മഞ്ജരികളോടെ ഒരു തുള്ളി കണ്ണുനീർ!

തിരികെ കോട്ടാറിലേക്ക്. സാമാന്യം ദീർഘമായ യാത്രയ്ക്കൊടുവിൽ മൂന്നരയോടെ കോട്ടാർ വിശുദ്ധ ഫ്രാൻസിസ് സേവ്യർ കത്തീഡ്രലിന്റെ തിരുമുറ്റത്ത് എത്തി.

ദേവാലയ മദ്ധ്യത്തിൽ പ്രധാന അൾത്താരയ്ക്കു മുന്നിൽ ദേവസഹായത്തിന്റെ കബറിടം മാർബിളിൽ മനോഹരമായി ഒരുക്കിയിരിക്കുന്നു. ജനങ്ങൾ ധാരാളമായി വന്നു പ്രാർത്ഥിച്ചുപോകുന്ന കാഴ്ചകൾ കണ്ട് കൺകുളിർന്നു. സംതൃപ്തമായ ഒരു ആത്മീയ തീർത്ഥയാത്രയുടെ അനുഭവ പാഠഫാവിലേക്ക് ഒരിക്കലെങ്കിലും കടന്നു വന്ന് ദേവസഹായം ജീവിച്ചു കടന്നു പോയ വഴികളിൽ കയ്യൊപ്പു ചാർത്തുവാൻ ഈ പുണ്യ സ്ഥലങ്ങൾ തീർത്ഥാടകരെ മാടി വിളിക്കുന്നു. അരൾവായ്മൊഴിയിലും വടക്കൻകുളത്തും തീർത്ഥാടകർക്ക് താമസിക്കാൻ സൗകര്യമുണ്ട്. ■



ദേവസഹായത്തെ ആദ്യം കൊണ്ടുപോയത് ചിറയിൻകീഴ് താലൂക്കിലേക്കാണ്. വിചാരണയ്ക്കുശേഷം അദ്ദേഹത്തെ അഞ്ചുതെങ്ങ് കോട്ടയ്ക്ക് അടുത്തുകൊണ്ടുപോയി കെട്ടിവയ്ക്കാൻ അധികാരി ഉത്തരവിട്ടു. അവിടുത്തെ ക്രിസ്ത്യാനികൾ ഭയപ്പെടുമാറ് 'മീനുകൾക്ക് ആഹാരമായി ഒരു മനുഷ്യനെ തരാം' എന്ന് പെരുമ്പറ മുഴക്കി ഭടന്മാർ അറിയിച്ചു. തുടർന്ന് വിചാരണയ്ക്കായി തിരുവനന്തപുരം താലൂക്കിൽ കൊണ്ടുവന്ന അദ്ദേഹത്തെ ഇരിക്കുവാനോ നിൽക്കുവാനോ തീരെ പറ്റാത്ത ദുർഗന്ധം വമിക്കുന്ന കുരങ്ങിൻ കൂട്ടിൽ അടയ്ക്കുവാനും പാളയത്തെ ഒരു പൂവരശ് മരത്തിൽ കെട്ടിയിടാനും കല്പിക്കുകയായിരുന്നു.

ലേഖനം

# അൽമായ വിശുദ്ധന്റെ പീഡാസഹന ജീവിതത്തിലൂടെ



രതീഷ് ഭജനമഠം

ക്രിസ്തുവിലുള്ള അചഞ്ചല വിശ്വാസത്തിന്റെ പേരിൽ നിണസാക്ഷിയാകേണ്ടിവന്ന ദേവസഹായത്തിന്റെ ജീവിതം ഈ ലോകത്തിന് മാത്രമല്ല ഭാരതീയർക്കും പ്രത്യേകിച്ച് അൽമായസമൂഹത്തിനും നൽകുന്ന വിശ്വാസസാക്ഷ്യം ഇന്നിന്റെ സവിശേഷ ശ്രദ്ധ ആകർഷിക്കുന്നു. എന്നത്തെപ്പോലെയും ഇന്നും ക്രൈസ്തവ പീഡനങ്ങൾ ലോകമാകമാനം അഭംഗുരം തുടരുമ്പോൾ വിശുദ്ധ ദേവസഹായത്തിന്റെ ദൈവോന്മുഖ ജീവിതം ക്രൈസ്തവ വിശ്വാസ സമൂഹത്തിന് എന്നും ഒരു പ്രചോദന മാതൃകയാണ്.

ക്രിസ്തുവിന്റെപരസ്യ ജീവിതകാലം മൂന്നുവർഷമായിരുന്നുവെങ്കിൽ വിശുദ്ധ ദേവസഹായത്തിന്റെ പീഡനകാലവും മൂന്നുവർഷമായിരുന്നു. തിരുവിതാംകൂർ രാജാവായിരുന്ന മാർത്താണ്ഡവർമ്മയുടെ ഭരണത്തിൽ (172–958) കൊട്ടാരത്തിലെ മുഖ്യകാര്യ വിചാരിപ്പുകാരനും ഉദ്യോഗസ്ഥ പ്രധാനിയുമായിരുന്ന നീലകണ്ഠപിള്ളയെന്ന ദേവസഹായം ക്രിസ്തീയ വിശ്വാസം സ്വീകരിച്ചതിന്റെ പേരിൽ ഏറ്റുവാങ്ങേണ്ടിവന്ന കൊടിയ പീഡനങ്ങൾ, ജീവിതസാക്ഷ്യങ്ങൾ, വിശ്വാസ പ്രഖ്യാപനങ്ങൾ എന്നിവയെല്ലാം ഇ

ന്നിന്റെ പ്രചോദനാത്മക സുവിശേഷമാണ്. തന്റെ ജീവിതത്തിൽ താൻ കണ്ടെത്തി സ്വീകരിച്ച, വിശ്വസിച്ച, പ്രവർത്തിച്ച ക്രിസ്തു വിശ്വാസത്തെ ഒരിക്കൽപോലും തള്ളിപ്പറയാൻ ദേവസഹായത്തിന് കഴിയുമായിരുന്നില്ല. കാരണം ആ വിശ്വാസം അത്ര ആഴപ്പെട്ടതായിരുന്നു. അദ്ദേഹത്തിന് നേരിടേണ്ടിവന്ന അവഹേളനങ്ങളും പീഡനങ്ങളും പ്രലോഭനങ്ങളും ആ മനസ്സിന്റെ ദൃഢതയെ ഇളക്കാൻ പോന്നതായിരുന്നില്ല.

1749 ഫെബ്രുവരി 23 ന് മാർത്താണ്ഡവർമ്മയുടെ രാജസന്നിധിയിൽ പരസ്യവിചാരണക്കായി ഹാജരാക്കപ്പെട്ട ദേവസഹായത്തെ 16 ദിവസത്തെ പീഡനങ്ങൾക്കുശേഷം കൂടുതൽ പീഡനങ്ങൾക്കായി താലൂക്ക് ഭരണാധികാരികൾക്ക് ഏൽപ്പിച്ചുകൊടുക്കുകയായിരുന്നു മാർത്താണ്ഡവർമ്മ ചെയ്തത്. ക്രിസ്തുവിന്റെ ജീവിതത്തിലെപ്പോലെ ഹെറോദോസും പിലാത്തോസുമൊക്കെ ക്രിസ്തുവിനെ പരസ്യവിചാരണ നടത്തി പീഡനങ്ങൾക്കും അവഹേളനങ്ങൾക്കും ശേഷം വധശിക്ഷയ്ക്ക് വിധിച്ചതുപോലെ ദേവസഹായത്തേയും മാർത്താണ്ഡവർമയെന്ന മഹാരാജാവ് അവസാനം വെടിവച്ചുകൊല്ലാൻ കല്പിക്കുകയായിരുന്നു.

പീഡനപർവത്തിൽ ദേവസഹായത്തിനേൽക്കേണ്ടിവന്ന ആ ദുരന്തങ്ങളുടെ നീണ്ടപട്ടിക ചരിത്രം അക്കമിട്ടുനിരത്തി നമ്മോടു പറയുന്നുണ്ട്. രാജകല്പന പ്രകാരം ദേവസഹായത്തിനെ വളരെ നിന്ദ്യവും അപഹാസ്യവും ഏറെ വേദനാജനകവുമായ വിധത്തിൽ ഉപദ്രവിക്കുകയും കൈകാലുകളിൽ വിലങ്ങുകൾ വച്ച് പല തടവറകളിൽ കൊണ്ടുപോയി പാർപ്പിക്കുകയും കല്ലും മുള്ളും നിറഞ്ഞ ഇടവഴികളിൽ കൂടി നടത്തുകയും ചെയ്തു. പത്മനാഭപുരത്തു നിന്ന് മുട്ടക്കാട്, ചെമ്പരത്തിവിള, മണാക്കാവിള, മണലിക്കര, വിരകിളമ്പി, വെള്ളിയോട്, കാട്ടാത്തുറൈ, നട്ടാലം, തിരുവിതാംകോട്, നെയ്യൂർ, മാങ്കുഴി, തലക്കുളം, കാരങ്കാട്, മാടത്തട്ടുവിള, കുളിമക്കാട് എന്നീ സ്ഥലങ്ങളിൽ കൊണ്ടുപോയി പരിഹസിച്ചു. അദ്ദേഹത്തിന്റെ കരങ്ങൾ പുറകിൽ കെട്ടി ഏറെ നിന്ദ്യമായി ദുർഗന്ധം വമിക്കുന്ന എരുക്കിൻ പൂമാല കഴുത്തിലിട്ടു എരുമപ്പുറത്ത് ഇരുത്തി പ്രധാന വഴികളിലൂടെ കൊണ്ടുപോയി. കണ്ടുനിന്നവരെ പോലും അത് ഏറെ വേദനിപ്പിച്ചു. തുടർച്ചയായുള്ള ഈ പീഡാസഹനങ്ങൾ 16 ദിവസം നീണ്ടുനിന്നു.

ക്രിസ്തുവിലുള്ള വിശ്വാസത്തിൽ ഉറച്ചുനിൽക്കുന്ന ദേവസഹായത്തെ ഏതുതരത്തിലുള്ള ശിക്ഷാനടപടികളും കൊണ്ട് പിൻമാറ്റാൻ സാധിക്കുകയില്ല എന്ന് തിരിച്ചറിഞ്ഞ രാജാവ് അതീവ കോപിഷ്ഠനായി അദ്ദേഹത്തെ കുളിമക്കാട്ടിൽ കൊണ്ടുപോയി തലവെട്ടി കൊല്ലാൻ ആജ്ഞാപിച്ചു. എന്നാൽ നിരപരാധിയും നല്ലവനുമായ പിള്ള മതം മാറി എന്ന ഒറ്റക്കാരണം കൊണ്ടുമാത്രം വധിക്കരുത് എന്ന് അന്ന് കൊട്ടാരത്തിൽ താമസിച്ചിരുന്ന ഒരു സന്യാസി ഉപദേശിച്ചു. അതുകൊണ്ട് രാജാവ് അദ്ദേഹത്തെ വധിക്കാതെ ജയിലിൽ പാർപ്പിക്കാൻ ഉത്തരവിട്ടു. സത്യവിശ്വാസത്തിൽ ഉറച്ചുനിന്ന ദേവസഹായത്തെ തിരുവിതാംകൂറിലെ അന്നത്തെ കൽക്കുളം, അഗസ്തീശ്വരം, തോവാള, വിളവംകോട്, നെയ്യാറ്റിൻകര, നെടുമങ്ങാട്, ചിറയിൻകീഴ്, തിരുവനന്തപുരം എന്നീ എട്ടുതാലൂക്കുകളിലെയും അധികാരികളുടെ അടുത്തുകൊണ്ടുപോയി വിചാരണ ചെയ്ത് അതികൂരമായി ശിക്ഷിക്കുവാൻ രാജാവ് ആജ്ഞാപിച്ചു. ഓരോ താലൂക്കിലും ഒരു മാസക്കാലമാണ് അദ്ദേഹത്തിന് സത്യവിശ്വാസത്തിൽ ഉറച്ചുനിന്നതിന്റെ പേരിൽ മൃഗീയവും അതിക്രൂരവുമായ ശിക്ഷകൾ സഹിക്കേണ്ടിവന്നത്. രാജകല്പന അനുസരിച്ച് എരുമപ്പുറത്ത് ഇരുത്തി കൊണ്ടുവന്ന ദേവസഹായത്തിന് കൽക്കുളം താലൂക്ക് അധികാരി അദ്ദേഹത്തെ വെയിലത്ത് കെട്ടിയിട്ട് ചുരമുള്ളു കൊണ്ട് ശരീരം കീറുംവരെ അടിയ്ക്കുവാനും വൃണങ്ങളിൽ മുളക് അരച്ചുതേയ്ക്കാനും കല്പിച്ചു. അടു





ത്തത് തോവാള താലൂക്കായിരുന്നു. വിചാരണയ്ക്ക് ശേഷം അവിടുത്തെ അധികാരി അദ്ദേഹത്തെ ശിക്ഷിക്കാൻ മടിച്ച് കൽത്തൂണിയിൽ കെട്ടിയിട്ടു. പിള്ളയുടെ അവിടുത്തെ പ്രബോധനം വഴി വെള്ളാളപിള്ളിമാർ ഉൾപ്പെടെ അനേകർ സത്യവിശ്വാസം സ്വീകരിച്ചു. തുടർന്ന് വിളവംകോട് താലൂക്ക് അധികാരി അദ്ദേഹത്തിന് ചുറ്റും മൺകുടങ്ങളിൽ മുളക് നിറച്ച് തീയിട്ടുപുകയ്ക്കാൻ കല്പിച്ചു. പ്രാർത്ഥനയുടെ വലിയ ശക്തിയാൽ ആ അസഹ്യമായ മരണവേദനയും അദ്ദേഹം സഹിച്ചു. ആ സ്ഥലത്ത് ദേവസഹായത്തിന്റെ സ്മരണയ്ക്കായി സ്ഥാപിച്ച് കൽകുരിശിന്റെ സ്ഥാനത്താണ് ഇന്നത്തെ വെട്ടുവെന്നി വി. അന്തോനീസിന്റെ തീർത്ഥാടനദേവാലയം സ്ഥിതിചെയ്യുന്നത്.



തുടർന്ന് ദേവസഹായത്തെ വിചാരണയ്ക്കായി കൊണ്ടുപോയത് നെയ്യാറ്റിൻകര താലൂക്കിലായിരുന്നു. അവിടുത്തെ അധികാരി അദ്ദേഹത്തെ നിൽക്കുവാനോ ഇരിക്കുവാനോ പറ്റാത്ത കൂട്ടിൽ അടച്ച് കടിക്കുന്ന ഉറുമ്പുകളെ അതിൽ വിടുവാനും മുളക് അരച്ച് കുടിയ്ക്കുവാൻ കൊടുക്കുവാനും കല്പിച്ചു. ഈ അതിക്രമ പീഡകളെല്ലാം അദ്ദേഹം പ്രാർത്ഥനാരൂപിയിൽ ധൈര്യപൂർവം സഹിച്ചു. തുടർന്ന് അദ്ദേഹത്തെ വിചാരണയ്ക്കായി കൊണ്ടുപോയത് നെടുമങ്ങാട് താലൂക്കിലായിരുന്നു. അവിടുത്തെ അധികാരി അദ്ദേഹത്തിന്റെ വായ്മൂടി കെട്ടിവയ്ക്കാനും ഇരുട്ട് മുറിയിൽ കരിയിലകൾ നിറച്ച് പാമ്പുകളെയും തേളുകളെയും പഴുതാരകളെയും മറ്റും വിട്ട് അവിടെ പാർപ്പിക്കാനും ഉത്തരവിട്ടു. ആ ക്രൂര പീഡകളിൽ നിന്നും ദൈവം അദ്ദേഹത്തെ സംരക്ഷിച്ചു. തുടർന്ന് അദ്ദേഹത്തെ കൊണ്ടുപോയത് ചിറയിൻകീഴ് താലൂക്കിലേക്കാണ്. വിചാരണയ്ക്കു ശേഷം അദ്ദേഹത്തെ അഞ്ചുതെങ്ങ് കോട്ടയ്ക്ക് അടുത്തുകൊണ്ടുപോയി കെട്ടിവയ്ക്കാൻ അധികാരി ഉത്തരവിട്ടു. അവിടുത്തെ ക്രിസ്ത്യാനികൾ ഭയപ്പെടുമാറ് 'മീനുകൾക്ക് ആഹാരമായി ഒരു മനുഷ്യനെ തരാം' എന്ന് പെരുമ്പറ മുഴക്കി ഭടന്മാർ അറിയിച്ചു. തുടർന്ന് വിചാരണയ്ക്കായി തിരുവനന്തപുരം താലൂക്കിൽ കൊണ്ടുവന്ന അദ്ദേഹത്തെ ഇരിക്കുവാനോ നിൽക്കുവാനോ തീരെ പറ്റാത്ത ദുർഗന്ധം വമിക്കുന്ന കുരങ്ങിൻ കൂട്ടിൽ അടയ്ക്കുവാനും പാളയത്തെ ഒരു പൂവരശ് മരത്തിൽ കെട്ടിയിടാനും കല്പിച്ചു. ഇത്രയൊക്കെ നീചമായ പീഡനങ്ങളും കഷ്ടതകളും അപമാനങ്ങളും സഹിച്ചിട്ടും അദ്ദേഹം മനസ്സ് പതറാതെ യേശുവിലുള്ള ആഴമായ വിശ്വാസത്തിൽ ഉറച്ചുനിന്നു. എട്ടുമാസക്കാലം നീണ്ടുനിന്ന താലൂക്കുകളിലെ വിചാരണയ്ക്കും ക്രൂരമായ ശിക്ഷകൾക്കും ശേഷം അദ്ദേഹത്തെ 1750 സെപ്തംബറിൽ നേമം, നെയ്യാറ്റിൻകര, മാർത്താണ്ഡം വഴി തലസ്ഥാനമായ പത്മനാഭപുരത്തേക്ക് കൊണ്ടുപോയി. മണലി എന്ന സ്ഥലത്ത് വച്ച് അദ്ദേഹത്തെ ചുണ്ണാമ്പ് ചൂളയിൽ നിർത്തി തീയിട്ടുവെങ്കിലും ദൈവാനുഗ്രഹത്താൽ ഒന്നും സംഭവിച്ചില്ല.

തുടർന്ന് രാജകല്പന പ്രകാരം 1750 ഡിസംബറിൽ പെരുവിള ആരാച്ചാരുടെ പക്കൽ കൊണ്ടുപോയി ഒരു കരിഞ്ഞ വേപ്പുമരത്തിന്റെ ചുവട്ടിൽ കെട്ടിയിട്ടു. അദ്ദേഹത്തിന് തണൽ കിട്ടാതിരിക്കുവാൻ വേണ്ടിയാണ് അവർ അങ്ങനെ ചെയ്തത് എങ്കിലും ആ ഉണങ്ങിയ വേപ്പുമരം അത്ഭുതകരമായി കിളിർത്തു. ദേവസഹായത്തിന്റെ പ്രാർഥന വഴി മക്കൾ ഇല്ലാതിരുന്ന ആരാച്ചാർക്ക് കുഞ്ഞ് പിറന്നതിന്റെ നന്ദിയർപ്പണമായി അദ്ദേഹത്തിന് വസിക്കാനായി ഒരു കുടിൽ കെട്ടി നൽകി.

പെരുവിളയിൽ, അദ്ദേഹത്തിന് കുറച്ച് സ്വാതന്ത്ര്യം ലഭിക്കുന്നുണ്ടെന്ന് അറിഞ്ഞ രാജാവ് അദ്ദേഹത്തെ രാമൻ പുതൂരിലെ പഞ്ചവൻകാട് ഭാഗത്തെ ജയിലിൽ അടയ്ക്കുവാൻ കല്പിച്ചു. എത്ര കടുത്ത ശിക്ഷകൾക്കും ദേവസഹായത്തെ ക്രൈസ്തവ വിശ്വാസത്തിൽ നിന്ന് പിന്തിരിപ്പിക്കുവാൻ സാധിക്കില്ല എന്നുമനസ്സിലാക്കിയ രാജാവ് തീവ്രകോപിഷ്ഠനായി അദ്ദേഹത്തെ ആരുമറിയാതെ ആരൽവായ്മൊഴി കാറ്റാടിമലയിൽ കൊണ്ടുപോയി വെടിവച്ചു കൊല്ലുവാൻ ആജ്ഞാപിച്ചു. 1752 ജനുവരി 14 ന് ഭടന്മാർ അദ്ദേഹത്തെ കാറ്റാട്ടി മലയിൽ കൊണ്ടുപോയിവധിച്ചു.

യേശുവിന്റെ തിരുമുറിവുകളെ അനുസ്മരിപ്പിക്കുമാറ് അഞ്ച് വെടിയുണ്ടകളാണ് അദ്ദേഹത്തിന്റെ ശരീരത്തിൽ പതിച്ചത്. സത്യവിശ്വാസം സംരക്ഷിക്കുവാൻ വേണ്ടി ഭാരതത്തിൽ നിന്ന് ആദ്യമായി വേദസാക്ഷിയായ ദേവസഹായത്തെ ആഗോള തിരുസഭ വിശുദ്ധനായി നാമകരണം ചെയ്യുന്ന ഈ പുണ്യ അവസരത്തിൽ ആ വീരരക്തസാക്ഷിയിൽ നിറഞ്ഞുനിന്ന അതിതീക്ഷ്ണമായ പ്രാർത്ഥന ചൈതന്യം നമുക്ക് മാതൃകയാകട്ടെ. ■

# ദേവസഹായം നൽകുന്ന മാതൃക




**ഗോപീകൃഷ്ണൻ കോട്ടൂർ**
കവി


പുതുവിശ്വാസം സ്വീകരിക്കുകയും അതിൽ നിലകൊള്ളുകയും ചെയ്താൽ തനിക്ക് സംഭവിക്കാവുന്ന നിരന്തര പീഡനങ്ങളെക്കുറിച്ച് അദ്ദേഹത്തിന് നല്ല ബോധ്യമുണ്ടായിരുന്നു. അതിന് അദ്ദേഹം സന്നദ്ധനുമായിരുന്നു. അദ്ദേഹം വടക്കൻകുളത്തു വച്ചുനേടിയ വിശ്വാസ പരിശീലനം അതിനുള്ള രഹസ്യ ആയുധവും പരിചയും ഒപ്പം അദ്ദേഹത്തിന് ധൈര്യവും ശക്തിയും യേശു നാമത്തെ പ്രതിപ്രഘോഷിക്കാനും സഹിക്കാനുമുള്ള കരുത്തും നൽകി. ക്രിസ്തുവിന്റെ പോരാളിയായി നിലകൊണ്ടിരുന്ന ദേവസഹായം നവീന സൈനിക നീക്കങ്ങളിലൂടെ അഹിംസാത്മക പോരാട്ടങ്ങളിലൂടെ സമാധാനത്തിനായി കഷ്ടത സഹിച്ചുകൊണ്ട് മനുഷ്യന്റെ സാഹോദര്യത്തിനും തുല്യതയ്ക്കുമായി യേശുവിന്റെ തത്ത്വങ്ങൾക്കനുസൃതമായി നിലകൊണ്ടു. കാരുണ്യം, ദയ, ദീർഘക്ഷമ എന്നിവയായിരുന്നു മാനവ സാഹോദര്യം നേടാൻ ലക്ഷ്യമാക്കി അദ്ദേഹം ഉപയോഗിച്ച ആയുധങ്ങൾ. ഈ പുതിയ മതം എല്ലാറ്റിനെയും യോജിപ്പിക്കുന്നതും സമാശ്ലേഷിക്കുന്നതായിരുന്നു. യേശു ആഗ്രഹിച്ചതുപോലെ ജാതിവ്യവസ്ഥകളില്ലാത്ത, ഉച്ച നീചത്വങ്ങളില്ലാത്ത മാനവികതയാണ് ദേവസഹായവും തന്റെ സമൂഹത്തിൽ പുലരാൻ ആഗ്രഹിച്ചത്. സ്വച്ഛമായ അന്തരീക്ഷത്തിൽ ശ്വാസം പോലെ ഡിലനോയിയും ദൈവവചനവും അതിനാൽ അദ്ദേഹത്തിന്റെ ഹൃദയത്തെ മുറിപ്പെടുത്തി.




ലേഖനം



# 18-ാം നൂറ്റാണ്ടിലെ ശ്രേണിബദ്ധമായ തിരുവിതാംകൂർ സമൂഹം

**കുറ്റം ചെയ്താൽ ജാതിയുടെ അടിസ്ഥാനത്തിലായിരുന്നു ശിക്ഷ നൽകിയിരുന്നത്. കൊലപാതകം ചെയ്താൽ പോലും ബ്രാഹ്മണന് വധശിക്ഷയില്ല, തടവും പിഴയും ഭ്രഷ്ടും മാത്രം. അവർണർക്ക് നൽകിയിരുന്ന ശിക്ഷ പലപ്പോഴും 'ചിത്രവധ'മായിരുന്നു**




ഡോ. സണ്ണി ജോസ് എസ്.ജെ.


തിരുവിതാംകൂറിനെ സംബന്ധിച്ചിടത്തോളം 18-ാം നൂറ്റാണ്ട് ഫ്യൂഡലിസം അല്ലെങ്കിൽ ജന്മിത്തം അതിന്റെ സർവപ്രഭാവത്തോടും കൂടി നിലനിന്ന കാലഘട്ടമാണ്. ഭൂമിയിൽ സ്വന്തമായി അദ്ധ്വാനിക്കാതെ അതിന്റെ ആദായമെടുത്ത് ജീവിക്കുന്ന ജന്മി -നാടുവാഴി വിഭാഗം മേധാവിത്വം വഹിക്കുന്ന ഒരു സാമൂഹിക സമ്പദ്‌വ്യവസ്ഥയായിരുന്നു ഇത്. ബ്രാഹ്മണ നമ്പൂതിരിമാരും അവരോട് ചേർന്നുനിന്ന കുറെ നായർ പ്രമാണികളും അടങ്ങിയ ഒരു ന്യൂനപക്ഷമായിരുന്നു ഈ ജന്മി-നാടുവാഴി സമൂഹത്തിന്റെ മുഖ്യഘടകം.

ഈ സാമൂഹിക-സാമ്പത്തിക സംവിധാനത്തിന് അതിന്റെ സൈദ്ധാന്തിക അടിത്തറ ഒരുക്കിക്കൊടുത്തത് ഇവിടെ നിലവിലിരുന്ന ജാതിവ്യവസ്ഥയാണ്. ഇതൊരു ബ്രാഹ്മണ നിർമിതിയായിരുന്നു.

എട്ടാം നൂറ്റാണ്ടിൽ ബൗദ്ധപ്രതാപകാലം അവസാനിക്കുന്നതുവരെ കേരളത്തിൽ/തിരുവിതാംകൂറിൽ ജാതി വ്യവസ്ഥ ഉണ്ടായിരുന്നില്ല. എന്നാൽ 9-ാം നൂറ്റാണ്ടായപ്പോഴേക്കും - ആദിശങ്കരന്റെ കാലശേഷം - സുസംഘടിതരായിരുന്ന ബ്രഹ്മണർക്ക് കേരളത്തിൽ/തിരുവിതാംകൂറിൽ സമൂഹത്തിലും രാഷ്ട്രീയത്തിലും ശക്തമായ സ്വാധീനം ചെലുത്താൻ കഴിഞ്ഞു. അതോടെ, കേരളത്തിൽ/തിരുവിതാംകൂറിൽ ജാതിവ്യവസ്ഥ, ഇന്ത്യയിലെ ഇതര പ്രദേശങ്ങളെ അപേക്ഷിച്ച് കർശനമായി നടപ്പിലാക്കപ്പെട്ടു. രാജാക്കന്മാരെയെല്ലാം ക്ഷത്രിയരായി അംഗീകരിച്ചു. അല്ലെങ്കിൽ അതിനായി 'ഹിരണ്യഗർഭം' പോലുള്ള കർമ്മങ്ങൾ ആവിഷ്കരിച്ചിരുന്നു. കച്ചവടം അന്ന് പ്രധാനമായും വിദേശികളുടെ കൈകളിലായിരുന്നു. ജൂതന്മാരും, ക്രിസ്ത്യാനികളും പിന്നീട് അറബികളും ഇവിടെ വാണിജ്യത്തിൽ പ്രബലരായി. അവരാരും ഹിന്ദുമതത്തിന്റെ പിടിയിൽ ഒതുങ്ങുന്നവരല്ലല്ലോ! അതിനാൽ കച്ചവടം

തൊഴിലായി സ്വീകരിച്ച ഒരു വൈശ്യ വിഭാഗം ഇവിടെ ഉണ്ടായില്ല. മേൽ വിഭാഗങ്ങളിൽ പെടാത്ത, എന്നാൽ ആദ്യകാലം മുതൽ ബ്രാഹ്മണ ഹിന്ദുമതം പിന്തുടർന്നവരെ ശൂദ്രന്മാരായി കണക്കാക്കി. തിരുവിതാംകൂറിൽ നായന്മാരായിരുന്ന ഈ വിഭാഗക്കാർ ഇവരെല്ലാം ചേർന്ന് ഒരു സവർണവിഭാഗമായിത്തീർന്നു.

ബ്രാഹ്മണ മതത്തെ എതിർത്തു നിന്ന, എന്നാൽ പിന്നീട് ബുദ്ധമതം ക്ഷയിച്ചപ്പോൾ ഹിന്ദുക്കളായിത്തീർന്ന, മുൻകാല ബുദ്ധരും ഇവിടുത്തെ മിക്ക ഗോത്ര വിഭാഗങ്ങളും വർണവ്യവസ്ഥയുടെ വെളിയിലേക്ക് മാറ്റിനിർത്തപ്പെട്ടു. ഇവർ അവർണരായി തീർന്നു. ഈഴവർ, അരയർ, പുലയർ, പറയർ, ഉള്ളാടർ, നായാടി തുടങ്ങിയവരെല്ലാം അവർണ വിഭാഗത്തിൽ ഉൾപ്പെട്ടു.

സവർണരും അവർണരും ഹിന്ദുക്കൾ തന്നെയെങ്കിൽ തമ്മിൽ തൊട്ടുകൂടാത്തവർ, തീണ്ടിക്കൂടാത്തവർ, ദൃഷ്ടിയിൽപെട്ടാലും ദോഷമുള്ളോർ എന്നിങ്ങനെ ജനങ്ങളെ പല തരക്കാരായി വിഭജിച്ചിരുന്നു. സവർണ വിഭാഗത്തിൽ തന്നെ ബ്രാഹ്മണനും നായരും തമ്മിൽ അയിത്തമുണ്ട്. അതായത് നായർ ബ്രാഹ്മണനിൽ നിന്ന് 16 അടി മാറിനിൽക്കണം. അല്ലെങ്കിൽ ബ്രാഹ്മണൻ അശുദ്ധപ്പെടും. സവർണരും അവർണരും തമ്മിലാണ് ഏറ്റവും അകൽച്ച. ഈഴവൻ ബ്രാഹ്മണനിൽ നിന്ന് 32 അടിയും നായരിൽ നിന്ന് 16 അടിയും മാറിനിൽക്കണം. അല്ലെങ്കിൽ ബ്രാഹ്മണനും നായരും അശുദ്ധമാക്കപ്പെടും. ഈഴവരുടെ അരികത്ത് പുലയർക്കും പറയർക്കും ഉള്ളാടർക്കും മറ്റും പോയിക്കൂടാ. പുലയർ ബ്രാഹ്മണനിൽ നിന്ന് 64 അടിയാണ് മാറി നിൽക്കേണ്ടത്.

ഇങ്ങനെ അടുക്കാൻ പാടില്ലാത്ത ജാതി അടുക്കുന്നതിന് 'തീണ്ടുക' എന്ന് പറഞ്ഞു. തമ്മിൽ തൊട്ടാൽ അശുദ്ധമാക്കപ്പെടുന്ന ജാതികൾ പലതുമുണ്ട്. 'തൊടീൽ' എന്നാണ് അതിനുള്ള പേര്. ഉള്ളാടരും മറ്റും ബ്രാഹ്മണരുടെ ദൃഷ്ടിയിൽ പെട്ടാൽ പോലും ബ്രാഹ്മണർ അശുദ്ധമാകും!

താഴെ ചേർക്കുന്ന വിവരണത്തിൽ നിന്ന് തീണ്ടലിന്റെ സ്വഭാവം വ്യക്തമാവുന്നതാണ്:

'ഒരു സവർണൻ കുളത്തിൽ കുളിക്കുകയോ മറ്റോ ചെയ്യുകയാണെങ്കിൽ കുളത്തിന്റെ സമീപത്തുകൂടി അവർണന് പോയിക്കൂടാ. സർക്കാർ വക കടത്തുവള്ളത്തിൽ ഒരു സവർണൻ കയറിപ്പോയാൽ ആ വള്ളത്തിൽ ഒരു അവർണനും പ്രവേശനമില്ല. വഴിയരികിലുള്ള പുരയിടങ്ങിൽ പുലയനെയോ മറ്റോ വേലക്കു നിർത്തിയാൽ അവിടെ നിന്ന് തീണ്ടാപ്പാട് ദൂരം വരുന്ന സ്ഥലത്ത് കുറേ പച്ചിലയും മണ്ണും കൂടി വയ്ക്കണം. അതുകൊണ്ടാൽ ആ വഴിയേ വരുന്ന സവർണൻ പുലയൻ അടുത്തെവിടെയോ ഉണ്ടെന്ന് വിചാരിച്ചുകൊള്ളും. അപ്പോൾ സവർണൻ തിണ്ടാടും. അതുകേട്ട് പുലയൻ ഓടി മറയുമ്പോൾ സവർണന് നടന്നുപോകാം. 'തിണ്ടാടുക' എന്നുപറയുന്ന ശൈലിക്കും ഒരു സ്നാങ്കേതിക സ്വഭാവമുണ്ട്. മേൽജാതിയുടെ വരവിനെ മുൻകൂട്ടി അറിയിക്കാൻ ഒരു ശബ്ദം പുറപ്പെടുവിക്കുന്നതിനെയാണ് 'തീണ്ടാടുക' എന്നു പറയുന്നത്. നമ്പൂതിരി വഴിപോകുമ്പോൾ നായർ മുമ്പേ നടന്നു തീണ്ടാടണം. വളരെ ഉച്ചത്തിൽ 'ഹോ' എന്നുവിളിക്കും. അതിന് ഒരീണം അവർ വശമാക്കിയിട്ടുണ്ട്. ആ ശബ്ദം കേട്ടാൽ നമ്പൂതിരി വരുന്നുണ്ടെന്നറിയണം. അപ്പോൾ ഈഴവൻ ഓടി വളരെ ദൂരം പൊയ്ക്കൊള്ളണം. നമ്പൂതിരിയുടെ കോപം ശാപമായി തനിക്കും സന്തതികൾക്കും പറ്റുമെന്നുള്ള വിശ്വാസം കൂടി അവനുണ്ട്. നമ്പൂതിരി വരുന്നുണ്ടെന്നുള്ള തിണ്ടാട്ടം കേട്ടാൽ പുലയനും പറയനും കാണാമറയത്ത് വളരെ ദൂരം ഓടി പൊയ്ക്കൊള്ളണം."

ഈ അയിത്താചാരങ്ങളുടെ ഫലമായി രാജ്യത്തിലെ സാധാരണ പൗരന്മാർക്കുള്ള പല അവകാശങ്ങളും അവർണർക്ക് നിഷേധിക്കപ്പെട്ടിരുന്നു. പല പൊതു നിരത്തുകൾകൂടിയും അവർക്ക് നടക്കാൻ അനുവാദമുണ്ടായിരുന്നില്ല. നിരത്തുകളുടെ പ്രാന്തത്തിൽ സ്ഥിതി ചെയ്തിരുന്ന പൊതുസ്ഥാപനങ്ങളിലും അവർക്ക് പ്രവേശമില്ലായിരുന്നു. ഒരു ചായക്കടയിൽ നിന്ന് ചായയോ മറ്റെന്തെങ്കിലും ആഹാര സാധനമോ വാങ്ങണമെന്നുണ്ടെങ്കിൽ 'തീണ്ടാപ്പാട്' അക്കാല മാറിനിന്ന് ഒരു ചിരട്ടയോ ഇലയോ വച്ച് വീണ്ടും 'തീണ്ടാപ്പാട്' അകലെ മാറിനിൽക്കണം. ചിരട്ടയിലും ഇലയിലും കടക്കാരൻ ആഹാരം വച്ച് മടങ്ങിപ്പോയാൽ അതു ചെന്നെടുക്കാം.

ബ്രിട്ടീഷുകാരുടെ നീതിന്യായ വ്യവസ്ഥ നടപ്പാക്കുന്നതിമുൻപ് അയിത്തമാക്കിയ അവർണനെ വധിക്കാൻ പോലും സവർണ ജാതിക്കാർക്ക് അധികാരമുണ്ടായിരുന്നത്രേ! റവ. മാറ്റിയർ അന്നത്തെ സ്ഥിതിഗതികളെ ഇപ്രകാരം വിവരിക്കുന്നു.

ഹ്രസ്വവീക്ഷണത്തോടുകൂടിയതും സങ്കുചിതവുമായ ആചാരങ്ങളും കുത്തക സ്വഭാവത്തോടുകൂടിയ നിയമങ്ങളും മർദ്ദനപരമായ കുത്തകകളും, വ്യാപാരം, വാണിജ്യം, കൃഷി എന്നിവയുടെ വളർച്ചയെ ഫലപ്രദമായി ത



ടഞ്ഞു. അതേസമയം തന്നെ പ്രാകൃതമായ ജാതിനിബന്ധനകൾ അനൈക്യമത്യത്തിനും ദേശീയമായ ബലഹീനതക്കും കാരണമായിത്തീരുകയും ചെയ്തു. അവർണർക്ക് പൊതു നിരത്തുകളുടെ ഉപയോഗം നിഷേധിക്കപ്പെട്ടിരുന്നു. ഒരു നായരെ അയിത്തമാക്കത്തക്കവണ്ണം നടന്നുപോകുന്ന അവർണനെ നായർ ഉടൻ വെട്ടിത്തുണ്ടമാക്കും. ഇങ്ങനെയുള്ള (അയിത്ത) ജാതിക്കാരെ തിരിച്ചറിയുന്നതിനുവേണ്ടി അവർ അരയ്ക്കുമീതം നഗ്നത മറച്ചുകൂടെന്ന് നിർബന്ധമുണ്ടായിരുന്നു. ചെരിപ്പ്, കുടി, വിശേഷപ്പെട്ട വസ്ത്രങ്ങൾ, വിലപിടിച്ച ആഭരണങ്ങൾ എന്നിവയൊന്നും അവർ ധരിച്ചുകൂടാ. ആഘോഷവേളകളിൽ കുട ചൂടുവാനുള്ള അവകാശം ബ്രാഹ്മണർക്കു മാത്രമായിരുന്നു. മറ്റുള്ളവർ ശക്തമായി മഴപെയ്യുമ്പോൾ പോലും കുടിചൂടിക്കൂടാ. മേൽജാതിക്കാരോട് ബഹുമാനം കാണിക്കുവാൻ കീഴ്ജാതിയിൽ പെട്ട സ്ത്രീ കാണിക്കേണ്ടിയിരുന്ന ഉപചാരം വക്ഷസിൽ നിന്ന് തുണിയെടുത്ത് മാറ്റുക എന്നതാണ്."2

കുറ്റം ചെയ്താൽ ജാതിയുടെ അടിസ്ഥാനത്തിലായിരുന്നു ശിക്ഷ നൽകിയിരുന്നത്. കൊലപാതകം ചെയ്താൽ പോലും ബ്രാഹ്മണന് വധശിക്ഷയില്ല, തടവും പിഴയും ഭ്രഷ്ടും മാത്രം. അവർണർക്ക് നൽകിയിരുന്ന ശിക്ഷ പലപ്പോഴും 'ചിത്രവധ'മായിരുന്നു. (ഒരു തൂണിനോട് ചേർത്തുകെട്ടി മുട്ടിൽ നിന്നും കഴുത്തുവരെ ഒരു കമ്പി അടിച്ചുകയറ്റി വധിക്കുന്ന രീതിയായിരുന്നു 'ചിത്രവധം'). ചെറിയ കുറ്റങ്ങൾക്കുപോലും അവർണന്റെ അംഗങ്ങൾ ഛേദിക്കുക, മുക്കാലിയിൽ കെട്ടി അടിക്കുക തുടങ്ങിയ ശിക്ഷകൾ നൽകിയിരുന്നു.

ഈ സാമൂഹ്യ അനാചാരങ്ങളെയും 'നീതി'കളെയും പരിപാലിച്ചുവന്ന ഭരണകൂടമാണ് തിരുവിതാംകൂറിൽ നിലനിന്നത്. വീട് വയ്ക്കുന്നതിലും, ആഭരണങ്ങൾ അണിയുന്നതിലും, വസ്ത്രധാരണം ചെയ്യുന്നതിലും, വാദ്യാഘോഷങ്ങൾ ഏർപ്പെടുത്തുന്നതിലും എല്ലാം ജാതി ക്രമമനുസരിച്ച് സ്റ്റേറ്റിന്റേതായ നിബന്ധനകൾ ഉണ്ടായിരുന്നു. ഇങ്ങനെ സമൂഹ ജീവിതത്തിന്റെ എല്ലാ തുറകളിലും ജാതിമര്യാദപാലിക്കുക എന്ന 'ധർമം' കർശനമായി പാലിച്ചിരുന്ന 'തിയോക്രാറ്റിക് സ്റ്റേറ്റ്' ആയിരുന്നു തിരുവിതാംകൂറിൽ നിലവിലുണ്ടായിരുന്നത്.

പുലയരാദി അധഃകൃതവർഗക്കാരെ അടിമകളാക്കി വയ്ക്കുകയും, അവരോട് മൃഗങ്ങളേക്കാൾ നീചമായ നിലയിൽ പെരുമാറുകയും ചെയ്യുന്നത് അന്നത്തെ 'ധർമ്മ'മായിരുന്നു. 19-ാം നൂറ്റാണ്ടിന്റെ മധ്യത്തിൽ പുലയരുടെ സ്ഥിതിയെപ്പറ്റി റവ. ജോർജ്ജ് മാത്തൻ ചർച്ച് മിഷൻ കമ്മിറ്റിക്കയച്ച റിപ്പോർട്ടിൽ ഇപ്രകാരം പറയുന്നു:

'1850 ഡിസംബർ 5-ാം തീയതി ഞാൻ ജനങ്ങളെ സന്ദർശിച്ച കൂട്ടത്തിൽ കുറെ പുലയരുമായി സംസാരിക്കാൻ ഇടയായി. അവർ അവരുടെ തമ്പുരാക്കന്മാരുടെ പൂർണ അധീനത്തിൽ ഇരിക്കുന്നതുകൊണ്ട് അവരെ കന്നുകാലികളെപ്പോലെ വിൽക്കുകയും വാങ്ങുകയും അവയേക്കാൾ ക്രൂരമായി അവരോട് പെരുമാറുകയും ചെയ്യുന്നു. ഈ ഉടമസ്ഥന്മാർക്ക് അവരെ അടിക്കാനും ബന്ധനത്തിൽ ഇടാനും കൊല്ലാനും അധികാരമുണ്ടായിരുന്നു." ചങ്ങനാശേരി അക്കാലത്ത് അറിയപ്പെട്ട ഒരു അടിമവ്യാപാരകേന്ദ്രമായിരുന്നു.

ഇങ്ങനെ നിരവധിയായ സാമൂഹിക പരാധീനതകൾക്ക് വിധേയരായിരുന്നു തിരുവിതാംകൂറിലെ അവർണരായ കീഴ്ജാതിക്കാർ.

## ക്രിസ്ത്യൻ സമൂഹം

18-ാം നൂറ്റാണ്ടിലെ തിരുവിതാംകൂറിലെ ക്രിസ്ത്യൻ സമൂഹം പ്രധാനമായും രണ്ട് വിഭാഗങ്ങൾ ഉൾപ്പെട്ടതായിരുന്നു. ഉൾപ്രദേശങ്ങളിൽ താമസിച്ചിരുന്ന മാർത്തോമാ ക്രിസ്ത്യാനികളും തീരപ്രദേശങ്ങളിൽ വസിച്ചിരുന്ന ലത്തീൻ ക്രിസ്ത്യാനികളും. തങ്ങളുടെ പൂർവികർ ക്രിസ്തുമതം സ്വീകരിച്ച ബ്രാഹ്മണരായിരുന്നുവെന്ന് മാർത്തോമ ക്രിസ്ത്യാനികൾ അവകാശപ്പെട്ടിരുന്നെങ്കിലും തിരിവിതാംകൂറിലെ സാമൂഹിക ശ്രേണിയിൽ ബ്രാഹ്മണർക്ക് തുല്യമായ സ്ഥാനം അവർക്ക് ലഭിച്ചിരുന്നതായി കാണുന്നില്ല. സവർണ വിഭാഗക്കാരായ നായന്മാർക്കുണ്ടായിരുന്ന ഒരു സ്ഥാനമാണ് മാർത്താമോ ക്രിസ്ത്യാനികൾ അനുഭവിച്ചുകാണുന്നത്. അതുകൊണ്ടാകാം 16-ാം നൂറ്റാണ്ടായപ്പോഴേക്കും മാർത്തോമാ ക്രിസ്ത്യാനികളും നായന്മാരും തമ്മിൽ ശക്തമായ ഒരു സൗഹൃദം നിലവിൽ വന്നത്. ഈ ബന്ധത്തെ സൂചിപ്പിക്കുന്ന നിരവധി പരാമർശങ്ങൾ ആന്റോണിയോ ഗുവയായുടെ 'ജോർണാദ്ര'യിൽ കാണുന്നുണ്ട്.

മാർത്തോമാ ക്രിസ്ത്യാനികൾ പൊതുവെ ദേശീയമായ ആചാരങ്ങൾ പിന്തുടർന്നിരുന്നുവെന്നും, ജാതീയ വ്യത്യാസവും അയിത്തവും, തീണ്ടലും തൊടീലുമൊക്കെ അവരും പാലിച്ചിരുന്നുവെന്നാണ് George woodcock kerala: A Portrait of Malabar Coats എന്ന പുസ്തകത്തിൽ പ്രസ്താവിക്കുന്നത്. ഉദയം പേരൂർ സൂനഹദോസിന്റെ കനോനകളിൽകൂടെ കടന്നുപോകുമ്പോഴും ഇത് വ്യക്തമാണ്. ഉദയംപേരൂർ സൂനഹദോസിൽ എടുത്ത പല തീരുമാനങ്ങളും മാർത്തോമാ ക്രിസ്ത്യാനികളുടെ ഇടയിൽ നിലനിന്നിരുന്ന ദുരാചാരങ്ങളെ നിർമാർജ്ജനം ചെയ്യുക എന്ന ലക്ഷ്യത്തോടെയായിരുന്നു. അതിന്റെ ഫലമായി 18-ാം നൂറ്റാണ്ടായപ്പോഴേക്കും മാർത്തോമ ക്രിസ്ത്യാനി സമൂഹം ജാതിയ ദുരാചാരങ്ങളിൽ നിന്നും ഒട്ടൊക്കെ വിമുക്തമായി കാണുന്നു.


വി. ഫ്രാൻസിസ് സേവ്യറിന്റെയും തുടർന്നുവന്ന മിഷണറിമാരുടെയും പ്രേഷിത പ്രവർത്തനത്തിന്റെ ഫലമായി തിരുവിതാംകൂറിന്റെ തീരപ്രദേശങ്ങളിൽ നിന്നായിരുന്നു അധികം പേരും. ക്രിസ്തീയ വിശ്വാസത്തിലേക്ക് കടന്നുവന്നതെങ്കിലും ഒരു അവർണ സമൂഹത്തിന്റെ പല പരാധീനതകളും അവർ അനുഭവിച്ചു. വീടുവയ്ക്കുന്നതിനും വസ്ത്രം ധരിക്കുന്നതിനും ആഭരണങ്ങൾ അണിയുന്നതിനും ഒക്കെ സവർണ ഭരണവിഭാഗം അവരുടെ മേൽ വിലക്കുകൾ ഏർപ്പെടുത്തിയിരുന്നു. തിരുവിതാംകൂറിൽ ഒരു സവർണൻ ക്രിസ്തുമതം സ്വീകരിക്കുന്നത് ശിക്ഷാർഹമായിരുന്നപ്പോൾ ഒരു അവർണൻ അങ്ങനെ ചെയ്യുന്നതിൽ ഭരണാധികാരിക്ക് എതിർപ്പില്ലായിരുന്നു! എന്നതുതന്നെ പ്രബലവിഭാഗം എങ്ങനെ സമൂഹത്തിലെ വിവിധ വിഭാഗങ്ങൾക്ക് വിലയിട്ടിരുന്നു എന്നതിന്റെ സൂചനയാണ്. അതുകൊണ്ടുതന്നെയാണല്ലോ ദേവസഹായത്തിന്റെ മതം മാറ്റം കൊട്ടാര ഉദ്യോഗസ്ഥരെ അലോസരപ്പെടുത്തിയതും അദ്ദേഹത്തിന്റെ രക്ഷ സാക്ഷിത്വത്തിലേക്ക് നയിച്ചതും. ■

*1. സഹോദര സപ്തതി, പേജ് 261*

*2. S. Mateek Native Life in Travancore*

ലേഖനം

**നെയ്യാറ്റിൻകര രൂപതയിലെ ചില സ്ഥലങ്ങളും ദേവസഹായം പിള്ളയും തമ്മിൽ ദൃഢമായ ബന്ധമുണ്ടായിരുന്നതായി കരുതപ്പെടുന്നു. അദ്ദേഹത്തിന്റെ ധാരാളം ബന്ധുജനങ്ങൾ ഈ പ്രദേശങ്ങളിലുണ്ടായിരുന്നു. മാത്രമല്ല 1750 മേയ് മുതൽ സെപ്തംബർ വരെ നെയ്യാറ്റിൻകര, നെടുമങ്ങാട്, തിരുവനന്തപുരം അധികാരികളുടെ കീഴിൽ അതിക്രൂരമായ ശിക്ഷകളും പീഡകളും ദേവസഹായംപിള്ള സഹിക്കേണ്ടിവന്നതായി ചരിത്രം പറയുന്നു. തെക്കൻ കേരളത്തിലെ പ്രസിദ്ധ തീർത്ഥാടനകേന്ദ്രമായ നെയ്യാറ്റിൻകരയിലെ കമുകിൻകോട് കൊച്ചുപള്ളി ദേവാലയത്തിന്റെ ഉത്ഭവം സംബന്ധിച്ച വിശ്വാസ പാരമ്പര്യങ്ങളിൽ വിശുദ്ധ ദേവസഹായത്തിന്റെ പങ്ക് വളരെ വലുതാണ്.**



# മലയാള മണ്ണിന്റെ രക്തതാരകം വിശുദ്ധ ദേവസഹായം



**മനു എസ്.എസ്.**
സെന്റ് ജോസഫ് എച്ച്.എസ്.എസ്.

**ദൈ**വപുത്രനായ യേശുനാഥന് സാക്ഷ്യമേകാൻ രക്തം ചിന്തിയ പുണ്യാത്മാക്കളുടെ രോമാഞ്ചജനകമായ എത്രയോ സഹനകഥകൾ നമുക്കു മുന്നിലുണ്ട്! തിരുവിതാംകൂറിലെയും തമിഴ്നാട് ദേശത്തെയും ജനഹൃദയങ്ങളെ ദൈവത്തിലേയ്ക്ക് അടുപ്പിക്കാൻ രക്തസാക്ഷിയാകേണ്ടിവന്ന വിശുദ്ധ ദേവസഹായത്തിന്റെ വിശ്വാസ സാക്ഷ്യം ആരെയും പുളകംകൊള്ളിക്കുന്നതാണ്.

ദേവസഹായത്തിന്റെ ജീവചരിത്രവുമായി ബന്ധപ്പെട്ട് തമിഴ്നാടിന്റെ പശ്ചാത്തലത്തിൽ അരങ്ങേറിയ നിരവധി സംഭവങ്ങളെക്കുറിച്ച് വിവരിക്കുന്നുണ്ട്. അതുപോലെതന്നെ ഇദ്ദേഹവുമായി ബന്ധപ്പെട്ട തീർത്ഥാടന കേന്ദ്രങ്ങളും ധാരാളമുണ്ട്. എന്നാൽ വിശുദ്ധ ദേവസഹായം ഒരു മലയാളിയായിരുന്നുവെന്ന കാര്യം നാം വിസ്മരിക്കുന്നു. പഴയ തിരുവിതാംകൂർ രാജ്യത്തിന്റെ തലസ്ഥാനവും ഇപ്പോൾ തമിഴ്നാടിന്റെ ഭാഗവുമായ കന്യാകുമാരി ജില്ലയിലെ പത്മനാഭപുരത്തിനടുത്തുള്ള നട്ടാലം എന്ന ഗ്രാമത്തിലാണ് രക്തസാക്ഷി ദേവസഹായത്തിന്റെ ജനനം. 1712 ഏപ്രിൽ 23-ാം തീയതി ജനിച്ച നീലകണ്ഠപിള്ള എന്ന ദേവസഹായത്തിന്റെ അച്ഛൻ കായംകുളത്തിനടുത്തുള്ള മരുതംകുളങ്ങര സ്വദേശി വാസുദേവൻ നമ്പൂതിരി എന്ന മലയാളി ബ്രാഹ്മണനും അമ്മ മാർത്താണ്ഡത്തിനു സമീപം നട്ടാലത്തുള്ള ദേവകിയമ്മയുമായിരുന്നു. തികഞ്ഞ ബുദ്ധിസാമർത്ഥ്യങ്ങൾക്ക് ഉടമയായ നീലകണ്ഠൻ ബാല്യത്തിൽ തന്നെ മലയാളം, തമിഴ്, സംസ്കൃതം എന്നീ ഭാഷകളിലും വ്യാകരണം, പുരാണം, തർക്കശാസ്ത്രം, ആയോധനകല എന്നിവയിലും നൈപുണ്യം നേടി. നീലകണ്ഠന്റെ വൈഭവം കൊണ്ടുതന്നെ ചെറുപ്രായത്തിൽ തിരുവിതാംകൂർ മഹാരാജാവ് മാർത്താണ്ഡവർമ്മയുടെ സൈന്യത്തിൽ ഉന്നത ഉദ്യോഗസ്ഥനായി നിയമനം ലഭിച്ചു. തുടർന്ന് തിരുവിതാം കോട്ടിലെ മെക്കോട്ടു കുടുംബത്തിലെ ഭാർഗവിയമ്മയെ ഇദ്ദേഹം വിവാഹം ചെയ്തു, ഉയർന്ന ഉദ്യോഗവും ഉന്നത സാമൂഹ്യപദവിയും സമ്പത്തും കരസ്ഥമാക്കിയ നീലകണ്ഠൻ തന്റെ ഉയർച്ചയിൽ അല്പം പോലും അഹങ്കരിച്ചില്ല.

1741 - ൽ നടന്ന കുളച്ചൽ യുദ്ധത്തിൽ

മാർത്താണ്ഡവർമ്മ മഹാരാജാവിന്റെ നേതൃത്വത്തിലുള്ള സൈന്യം ഡച്ചു സേനയെ പരാജയപ്പെടുത്തി, ഡച്ചു സൈന്യാധിപനായിരുന്ന ഡിലനായിയെ (എസ്താക്കിയൂസ് ബനഡിക്ട് ഡിലനായി) തടവുകാരനായി പിടിക്കുകയും അദ്ദേഹത്തിന്റെ സാമർത്ഥ്യം മനസ്സിലാക്കിയ മഹാരാജാവ് തിരുവിതാംകൂർ സേനയുടെ നവീകരണത്തിനുവേണ്ടി അദ്ദേഹത്തെ സൈന്യത്തിൽ നിയമിക്കുകയും ആധുനിക രീതിയിൽ സേനയെ നവീകരിക്കുന്നതോടൊപ്പം ശാസ്ത്രീയമായ കോട്ടനിർമ്മാണങ്ങളും ഡിലനായിയുടെ ചുമതലയിൽ വന്നു. ഇക്കാലയളവിൽ തിരുവിതാംകൂർ രാജ്യത്തിൽ പൊതുമരാമത്ത് പ്രവർത്തനങ്ങളുടെ ചുമതല വഹിച്ചിരുന്ന നീലകണ്ഠപിള്ളയും ഡിലനായിയും അടുത്തിടപഴകുകയും ആത്മമിത്രങ്ങളാവുകയും ചെയ്തത് സ്വാഭാവികം എന്നതിലുപരി ദൈവിക പദ്ധതിയുടെ ഭാഗവുമായിരുന്നു.



മാലോകരുടെ ദൃഷ്ടിയിൽ ഐശ്വര്യപൂർണമാണ് തന്റെ ജീവിതമെങ്കിലും മനഃശാന്തിയില്ലായ്മയെക്കുറിച്ച് അസ്വസ്ഥനായ നീലകണ്ഠപ്പിള്ള ആത്മമിത്രമായ ഡിലനായിയോട് ഒരിക്കൽ ഹൃദയം തുറന്നു സംസാരിക്കാനിടയായത് വലിയൊരു ദൈവിക നിയോഗത്തിന് നിമിത്തമായി. അന്ന് സമൂഹത്തിൽ നിലനിന്നിരുന്ന അന്ധവിശ്വാസങ്ങളിൽ നിന്നും അനാചാരങ്ങളിൽ നിന്നും ലഭിക്കാത്ത മനഃശാന്തി സത്യദൈവവിശ്വാസത്തിൽ നിന്ന് ലഭിക്കുമെന്നും ലോകം മുഴുവൻ നേടിയാലും ആത്മാവ് നശിച്ചാൽ ജന്മം നിഷ്ഫലമാണെന്നും ഡിലനായി നീലകണ്ഠനെ ഉപദേശിച്ചു. ക്രിസ്തുവിനെക്കുറിച്ചും ക്രൈസ്തവ വിശ്വാസത്തെക്കുറിച്ചും ഡിലനായിയിൽ നിന്ന് ശ്രവിച്ച നീലകണ്ഠൻ വിശുദ്ധ ഗ്രന്ഥത്തിലൂടെ തീർത്ഥയാത്ര നടത്തി. ദുഃഖിതരുടെയും പീഡിതരുടെയും ആശ്വാസം ഏകരക്ഷകനായ യേശുക്രിസ്തുവാണെന്ന് മനസ്സിലാക്കിയ നീലകണ്ഠൻ ലോകരക്ഷകനെ മനസ്സിൽ സ്വീകരിക്കുകയും സത്യവിശ്വാസിയാകാൻ ആത്മാർത്ഥമായി ആഗ്രഹിക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ വിശ്വാസതീക്ഷ്ണത മനസ്സിലാക്കിയ ഡിലനായ്, ജസ്വീറ്റ് നേമം മിഷന്റെ ആസ്ഥാനമായ വടക്കൻ കുളം തിരുക്കുടുംബ ദേവാലയത്തിലെ വികാരി ഫാദർ ജെ. ബി. ബുട്ടാരി എന്ന വൈദികന്റെ സമീപത്തേയ്ക്ക് നീലകണ്ഠനെ കത്തുമായി അയച്ചു. 1745 മേയ് 17 ന് വടക്കൻകുളം ദേവാലയത്തിൽ വച്ച് ഇദ്ദേഹം ലാസർ (ദൈവത്തിന്റെ സഹായം ലഭിച്ചവൻ) എന്ന് അർത്ഥമുള്ള ദേവസഹായം എന്ന പേരിൽ ജ്ഞാനസ്നാനം സ്വീകരിച്ചു.

ജ്ഞാനസ്നാനം സ്വീകരിച്ചതിനു ശേഷം ദേവസഹായം തനിക്കു ലഭിച്ച വിശ്വാസം മറ്റുള്ളവരിലേയ്ക്ക് പകരുന്നതിനും ആവേശഭരിതനായി. സ്വന്തം കുടുംബത്തിൽ നിന്നു തന്നെ അദ്ദേഹം പ്രേഷിത ദൗത്യം ആരംഭിച്ചു. തന്റെ ജീവിതസഖിയായ ഭാർഗ്ഗവിയമ്മയെ തെരേസ എന്നർത്ഥമുള്ള ജ്ഞാനപ്പൂ എന്ന പേരിൽ ജ്ഞാനസ്നാനം ചെയ്യിച്ചു. ആ ദമ്പതിമാർ തികഞ്ഞ ഭക്തിയോടെ തങ്ങളുടെ ജീവിതം യേശുക്രിസ്തുവിനു സമർപ്പിച്ചു. ബന്ധുജനങ്ങളുടെയും പരിചയക്കാരുടെയുമിടയിൽ തങ്ങൾക്കു ലഭിച്ച ക്രൈസ്തവ വിശ്വാസത്തെക്കുറിച്ച് സാക്ഷ്യം നൽകിയ ദേവസഹായം അനേകരെ മാനസാന്തര മാർഗത്തിലേയ്ക്ക് ആനയിച്ചു. വടക്കൻകുളം, രാജാവൂർ, രാമപുരം, രാമനാദിച്ചൻപുത്തൂർ, ആശാരിപള്ളം, നെയ്യാറ്റിൻകര എന്നിവിടങ്ങളിൽ ദേവസഹായം സുവിശേഷ പ്രചാരണം നടത്തിയെന്ന് ജീവചരിത്രത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. മേൽപ്പറഞ്ഞ സ്ഥലങ്ങളിൽ നെയ്യാറ്റിൻകര മാത്രമാണ് ഇപ്പോൾ കേരളത്തിന്റെ ഭാഗമായുള്ളത്.

## ദേവസഹായവും കേരളീയ അസ്തിത്വവും

പഴയ തിരുവിതാംകൂർ രാജ്യത്തിൽ കളിയിക്കാവിളയ്ക്കപ്പുറമുള്ള കന്യാകുമാരി ജില്ലയുടെ ഭാഗങ്ങൾ ഇന്ന് തമിഴ്നാടിന്റേതാണ്. എന്നാൽ ദേവസഹായംപിള്ളയ്ക്കുള്ള കേരളീയ അസ്തിത്വം മാറുന്നില്ല. നെയ്യാറ്റിൻകരയുടെ പല ഭാഗങ്ങളിൽ ഇദ്ദേഹത്തിന് ബന്ധുജനങ്ങൾ ഉണ്ടായിരുന്നതായി രേഖപ്പെടുത്തിയിരിക്കുന്നു. ദേവസഹായംപിള്ളയെ നേമം മിഷന്റെ ധീരപുത്രനായി വിശേഷിപ്പിക്കുന്നു. 18-ാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ മധുര മിഷനിൽ നിന്ന് സ്വതന്ത്രമായ ഈശോസഭാ വൈദികരുടെ നേമം മിഷൻ തിരുവനന്തപുരത്തിനടുത്തുള്ള നേമം കേന്ദ്രമാക്കിയാണ് പ്രവർത്തിച്ചിരുന്നത്. നിർഭാഗ്യവശാൽ ദേവസഹായംപിള്ളയുടെ നാമകരണ കമ്മിറ്റിയുമായി ബന്ധമുള്ള ചില പണ്ഡിതർ നേമം എന്നത് വടക്കൻകുളത്തിനടുത്തുള്ള നേമം എന്ന് വ്യാഖ്യാനിച്ചു. നേമം എന്നത് തിരുവനന്തപുരത്തെ നേമം തന്നെയാണെന്നും നേമം മിഷന്റെ പൈതൃകം അവകാശപ്പെടുന്ന കമുകിൻകോട്, വ്ളാത്താങ്കര എന്നിവ നെയ്യാറ്റിൻകര രൂപതയിൽ ഉൾപ്പെടുന്ന പ്രമുഖ ഇടവകകളാണെന്നു 1713 നോടടുത്ത് നേമം മിഷനിലെ ഈശോസഭാ വൈദികനായ ഫാ. ബെർഡാർഡ് ഡിസ നാമകരണം ചെയ്ത സർവ്വവാളികോട് എന്ന ഗ്രാമം നെയ്യാറ്റിൻകരയ്ക്ക് സമീപമുള്ള കമുകിൻകോട് ഇടവകയിലെ സർവ്വവാളികോടാണെന്നും കുറച്ചുകാലം (1713 വരെ) ഇത് നേമം മിഷന്റെ ആസ്ഥാനമായിരുന്നെന്നും തെളിയിക്കുന്ന നിരവധി രേഖകൾ നമുക്ക് കാണാനാകും.

ദേവസഹായം പിള്ളയുടെ ജീവചരിത്രത്തിൽ, അദ്ദേഹം ക്രിസ്തുമതം സ്വീകരിച്ചതിന്റെ പേരിൽ 1749 ൽ അറസ്റ്റ് ചെയ്യപ്പെട്ടതിനു ശേഷം പീഡകളേറ്റ സംഭവങ്ങളാണ് കൂടുതലായി വിവരിച്ചിരിക്കുന്നത്. തിരുവിതാംകൂർ ജയിലിൽ ദേവസഹായം പിള്ളയോടൊപ്പം അടയ്ക്കപ്പെട്ട തൊമ്മൻ തിരുമുത്ത് എന്ന തമിഴ്കവിയുടെ വിവരണങ്ങളും വടക്കൻകുളത്തുള്ള ഈശോസഭ വൈദികൻ അയച്ച കത്തുകളിലെ പരാമർശങ്ങളുമാണ് ദേവസഹായംപിള്ളയുടെ പീഡാനുഭവചരിത്രത്തിൽ അധികവും വിവരണത്തിന് ആധാരമായിട്ടുള്ളത്. നാമമാത്രമായ തെളിവുകളാണ് ഇദ്ദേഹത്തിന്റെ ജീവചരിത്രത്തെ സംബ

**ദേവസഹായത്തിന്റെ പേരിൽ ലോകത്ത് ആദ്യമായി പണികഴിപ്പിച്ച ദേവാലയമെന്ന ബഹുമതി നെയ്യാറ്റിൻകര രൂപതയിലെ ചാവല്ലൂർപ്പൊറ്റ ദേവാലയത്തിനാണ്. ഭാരതത്തിലെ ആദ്യ അല്മായ രക്തസാക്ഷിയായ ദേവസഹായം വിശുദ്ധ ഗണത്തിലേയ്ക്ക് ഉയരുമ്പോൾ നമ്മുടെ അഭിമാനവും വാനോളം ഉയരുന്നു. മലയാള മണ്ണിൽ നിന്ന് ഉദിച്ചുയർന്ന ഈ രക്തതാരകം ഓരോ മലയാളിക്കും അനുഗ്രഹത്തിന്റെയും അഭിമാനത്തിന്റെയും കിരണങ്ങൾ വർഷിക്കുന്നു.**



**ഡോ. ജോൺ കുളന്തെ**
*വൈസ് പോസ്റ്റുലേറ്റർ, ദേവസഹായം നാമകരണ കമ്മീഷൻ*

സ്ഥിച്ച് നമുക്ക് ലഭിച്ചിട്ടുള്ളത്. പല തെളിവുകളും പ്രതിച്ഛായയ്ക്ക് മങ്ങലേൽക്കാതിരിക്കാൻ ഭരണകൂടം തന്നെ നശിപ്പിച്ചു കളഞ്ഞതായി കരുതുന്നു.

നെയ്യാറ്റിൻകര രൂപതയിലെ ചില സ്ഥലങ്ങളും ദേവസഹായം പിള്ളയും തമ്മിൽ ദൃഢമായ ബന്ധമുണ്ടായിരുന്നതായി കരുതപ്പെടുന്നു. അദ്ദേഹത്തിന്റെ ധാരാളം ബന്ധുജനങ്ങൾ ഈ പ്രദേശങ്ങളിലുണ്ടായിരുന്നു. മാത്രമല്ല 1750 മേയ് മുതൽ സെപ്തംബർ വരെ നെയ്യാറ്റിൻകര, നെടുമങ്ങാട്, തിരുവനന്തപുരം അധികാരികളുടെ കീഴിൽ അതിക്രൂരമായ ശിക്ഷകളും പീഡകളും ദേവസഹായംപിള്ള സഹിക്കേണ്ടിവന്നതായി ചരിത്രം പറയുന്നു. നെടുമങ്ങാട് അധികാരിയുടെ നേതൃത്വത്തിലുള്ള ശിക്ഷാവിധികൾ നടപ്പാക്കിയവേളയിൽ അദ്ദേഹത്തിന്റെ ചില അനന്തിരവരും ബന്ധുജനങ്ങളും ക്രിസ്തുമതം ഉപേക്ഷിച്ച് ശിക്ഷകളിൽ നിന്നും ഒഴിവാകാൻ പിള്ളയെ ഉപദേശിച്ചതായും രേഖപ്പെടുത്തിയിട്ടുണ്ട്. നെടുമങ്ങാട് കാട്ടിലൂടെ ഇദ്ദേഹത്തെ കൊണ്ടുപോകുമ്പോൾ ആ സംഘത്തിനു നേർക്ക് ചാടിവീണ ക്രൂരവന്യമൃഗങ്ങളെ ദൈവനാമത്തിൽ ശാന്തമാക്കിയ സംഭവവും അഞ്ചുതെങ്ങ് കോട്ടയിൽ അദ്ദേഹത്തെ ബന്ധനസ്ഥനാക്കിയതും രേഖപ്പെടുത്തിയിട്ടുണ്ട്.

തെക്കൻ കേരളത്തിലെ പ്രസിദ്ധ തീർത്ഥാടനകേന്ദ്രമായ നെയ്യാറ്റിൻകരയിലെ കമുകിൻകോട് കൊച്ചുപള്ളി ദേവാലയത്തിന്റെ ഉത്ഭവം സംബന്ധിച്ച വിശ്വാസ പാരമ്പര്യങ്ങളിൽ വിശുദ്ധ ദേവസഹായത്തിന്റെ പങ്ക് വളരെ വലുതാണ്. നേമം മിഷന്റെ രണ്ടാമത്തെ പ്രവർത്തന കേന്ദ്രമായി കരുതപ്പെടുന്ന സർവ്വവാളികോടിന് സമീപത്തായി സ്ഥിതി ചെയ്യുന്ന ദേവാലയമാണിത്. ഈ ദേവാലയത്തിന്റെ സ്ഥാനത്ത് ഒരു ഓലപ്പുരയുണ്ടായിരുന്നുവെന്നും ആ ഓലപ്പുരയിൽ ദൂരദേശത്തുനിന്നുവന്ന രണ്ട് സ്ത്രീകൾ ബന്ധുഭവനങ്ങളിൽ നിന്ന് ബഹിഷ്കൃതരായി ഇവിടെ താമസിച്ചിരുന്നുവെന്നും ഈ ഓലപ്പുരയിൽ സുവിശേഷ പ്രഘോഷണത്തിനായി എത്തിയ ദേവസഹായം വിശുദ്ധ അന്തോനീസിന്റെ തിരുസ്വരൂപം സമർപ്പിച്ചുവെന്നുമാണ് പ്രാദേശിക ചരിത്രം വിവരിക്കുന്നത്. ദേവസഹായത്തിന്റെ ക്രിസ്തുമത സ്വീകരണത്തോടുകൂടി തിരുവിതാംകൂർ തലസ്ഥാന നഗരിയിൽ അരങ്ങേറിയ മതമർദ്ദനത്തെ തുടർന്ന് വീട്ടിൽ നിന്ന് ഇറങ്ങേണ്ടിവന്ന അദ്ദേഹത്തിന്റെ ഭാര്യ ജ്ഞാനപ്പൂവും ഭാര്യാമാതാവുമാണ് ഈശോസഭാമിഷണറിമാരുടെ സംരക്ഷണയിൽ ഈ ദേവാലയത്തിൽ (ഓലപ്പുരയിൽ) താമസിച്ചതാണെന്ന് കരുതുന്നു. അഞ്ചുതെങ്ങ് കോട്ടയിൽ അദ്ദേഹം അനുഭവിച്ച പീഡനങ്ങൾ ചരിത്രഗ്രന്ഥങ്ങളിൽ വിവരിക്കുന്നു.

അഞ്ചുതെങ്ങിൽ താമസിച്ചിരുന്ന കൊച്ചീരൂപതാമെത്രാൻ ക്ലമന്റ് ജോസഫ് ലെയ്തോ പിതാവ് റോമിലേയ്ക്ക് അയച്ച റിപ്പോർട്ടാണ് രക്തസാക്ഷി ദേവസഹായത്തിന്റെ നാമകരണ നടപടിക്ക് ആധാരമായത്. കൂടാതെ കോട്ടാറിൽവച്ച് ദൈവസ്തോത്രഗീതം (തേദയൂം) പാടി രക്തസാക്ഷിയുടെ ആത്മാവിന് നിത്യശാന്തി നേർന്ന് ദിവ്യബലിയർപ്പിച്ചതും ക്ലമന്റ് പിതാവ് തന്നെയാണ്. അടുത്തകാലം വരെ കോട്ടാർ പ്രദേശം കൊല്ലം രൂപതയുടെ ഭാഗമായിരുന്നുവെന്നും അനുസ്മരിക്കാം.

ദേവസഹായത്തിന്റെ പേരിൽ ലോകത്ത് ആദ്യമായി പണികഴിപ്പിച്ച ദേവാലയമെന്ന ബഹുമതി നെയ്യാറ്റിൻകര രൂപതയിലെ ചാവല്ലൂർപ്പൊറ്റ ദേവാലയത്തിനാണ്. ഭാരതത്തിലെ ആദ്യ അല്മായ രക്തസാക്ഷിയായ ദേവസഹായം വിശുദ്ധ ഗണത്തിലേയ്ക്ക് ഉയരുമ്പോൾ നമ്മുടെ അഭിമാനവും വാനോളം ഉയരുന്നു. മലയാള മണ്ണിൽ നിന്ന് ഉദിച്ചുയർന്ന ഈ രക്തതാരകം ഓരോ മലയാളിക്കും അനുഗ്രഹത്തിന്റെയും അഭിമാനത്തിന്റെയും കിരണങ്ങൾ വർഷിക്കുന്നു. ■


# ലേഖനം

**അർണോസ് പാതിരിയുടെ പുത്തൻപാനപോലെ തമിഴകത്തിൽ അഞ്ചാം നൂറ്റാണ്ടിനും ആറാം നൂറ്റാണ്ടിനുമിടയിൽ പ്രചാരത്തിലിരുന്ന ഒരു മഹാകാവ്യമാണ് 'ദേവമാതാവമ്മനൈ'. യേശുവിന്റെ അമ്മയായ കന്യാമറിയം തന്റെ തിരുസുതന്റെ കുരിശുമരണത്തെയും പീഡകളെയും ഓർത്ത് പറഞ്ഞുവിലപിക്കുന്നതാണ് ഇതിന്റെ ഇതിവൃത്തം. 'ദേവമാതാവമ്മനൈ' തെക്കൻകേരളത്തിന്റെ തീരപ്രദേശങ്ങളിലും കുളച്ചൽ പ്രദേശത്തും ഇന്നും പ്രചാരത്തിലുണ്ട്.**

## മതപീഡനങ്ങളും ചെന്തമിഴ് കാവ്യമായ 'ദേവമാതാവമ്മനൈ'യും

ഈശോസഭാ മിഷനറിമാർ 18-ാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ തുടക്കം കുറിച്ച ഒരു മിഷനായിരുന്നു നേമം മിഷൻ. 'യഥാർത്ഥത്തിൽ നേമം മിഷൻ രക്തസാക്ഷികളുടെ സഭയായിരുന്നു'. വിശുദ്ധ ഫ്രാൻസീസ് സേവ്യറിന്റെ കടന്നുവരവു മുതൽ ക്രിസ്തീയ വിശ്വാസം സ്വീകരിക്കുകയും വിശ്വാസസംരക്ഷണത്തിനായി രക്തസാക്ഷിത്വം വരിക്കുകയും വിവരണാതീതമായ പീഡനങ്ങളിലൂടെ കടന്നുപോവുകയും ചെയ്ത എത്രയോ സ്ത്രീപുരുഷന്മാരുടെ ത്യാഗനിർഭരമായ ചരിത്രങ്ങളാണ് ഈ മിഷൻ പ്രദേശത്തുനിന്നും നമുക്ക് വായിച്ചെടുക്കുവാൻ കഴിയുക. വേലേന്ദ്രനും അരുളനും അരുളപ്പനുമൊക്കെ ഇവരിൽ ചിലർമാത്രം. ഈ പ്രദേശങ്ങളിൽ ക്രിസ്തീയ വിശ്വാസത്തിനുവേണ്ടി സ്വജീവൻ ബലിയായി നൽകേണ്ടിവന്നവരിൽ പ്രമുഖനായിരുന്നു ദേവസഹായം എന്നറിയപ്പെടുന്ന നീലകണ്ഠപ്പിള്ള. പാറക്കഷ്ണം കൊണ്ട് മുട്ടുമ്പോൾ സപ്തസ്വരം പുറപ്പെടുവിക്കുന്ന കാറ്റാടി മലയിലെ പാറയെക്കുറിച്ചും ദേവസഹായത്തിന് കത്തോലിക്കാ സഭയോടുള്ള കൂറിനെക്കുറിച്ചും വിശ്വാസദാർഢ്യത്തെക്കുറിച്ചുമൊക്കെ എന്നോട് പറഞ്ഞുതന്നിരുന്നത് എന്റെ മാതാപിതാക്കളായിരുന്നു. തലമുറകളിലൂടെ കൈമാറിക്കിട്ടിയതും 1967 മുതൽ 1974 വരെ പലപ്പോഴായി തിരുവനന്തപുരം മുതൽ നാഗർകോവിൽ വരെ ഞാൻ നടത്തിയ പഠനയാത്രകളിൽ 70 വയസ്സിലധികം പ്രായമുള്ള നൂറിലധികം പ്രദേശവാസികളിൽ നിന്നും ലഭ്യമായതുമായ ദേവസഹായത്തിന്റെ ഐതിഹാസിക ജീവിതകഥയിൽ നിന്നുമാണ്.

ദേവസഹായം ഒരു രാജ്യദ്രോഹിയായിരുന്നുവെന്നോ ഒരു ക്രിമിനൽ കുറ്റവാളിയായിരുന്നുവെന്നോ എന്നോട്അവരാരും പറഞ്ഞുതന്നിട്ടില്ല. കേരളത്തിൽ 1776 മുതൽ 1789 വരെ പ്രവർത്തിച്ച വരാപ്പുഴ വികാരിയാത്തിന്റെ വികാർ ജനറലും തിരുവിതാംകൂർ ഭരിച്ച ധർമ്മരാജാവിന്റെ ഇംഗ്ലീഷ് ഭാഷാഗുരുവും കേരള ചരിത്രത്തിന് ഈടുറ്റ സംഭാവനകൾ നൽകിയ മിഷനറിയും ആയ പൗളീനോസ് ആ സാങ്ത ബർത്തലോമിയോ പാതിരി രചിച്ച പുസ്തകങ്ങളിലും ഇത്തരം പരാമർശങ്ങളില്ല. ചില ചരിത്രപണ്ഡിതന്മാർ ദേവസഹായത്തെ സംബന്ധിച്ച് തെറ്റായ കണ്ടെത്തലുകളുമായി സോഷ്യൽ മീഡിയകളിലൂടെ കടന്നുവരുന്നു, ദേശദ്രോഹി, രാജ്യ



**എഫ്. ആന്റണി പുത്തൂർ**
ചാത്യാത്ത്

ദ്രോഹി, ക്രിമിനൽ കുറ്റവാളി എന്നീ പട്ടങ്ങൾ പരമസാത്വികനായ ദേവസഹായത്തിന് ചാർത്തിക്കൊടുക്കുകയും ചെയ്യുന്നു. ആ വിശുദ്ധ ജന്മത്തെ മലിനീകരിക്കുകയുമാണ് ഇവരുടെ ലക്ഷ്യം.

തിരുവിതാംകൂർ സൈന്യത്തെ പുനഃസംഘടിപ്പിക്കുന്നതിനും നവീകരിക്കുന്നതിനും മാർത്താണ്ഡവർമ്മ മഹാരാജാവിനെ സഹായിച്ച യൂസ്റ്റ്യാക്കിയൂസ് ഡിലനോയിയുടെ ആത്മാർത്ഥ രാജ്യസേവനത്തെ കുറച്ചുകാട്ടുന്നതിനും ഇന്ന് വിമർശകർ ശ്രമിക്കുന്നുണ്ട്. അമേരിക്കയുടെ പ്രസിഡന്റായിരുന്ന ഫ്രാങ്ക്ളിൻ ഡി-ലാനോ റൂസ്‌വെൽറ്റിന്റെ പൂർവ്വികരിൽ ഒരാളായിരുന്ന, സത്യസന്ധനും കർമ്മകുശലനുമായിരുന്നു യൂസ്റ്റ്യാക്കിയൂസ് ഡിലനോയി. യഥാർത്ഥത്തിൽ ആധുനിക തിരുവതാംകൂറിന്റെ ശില്പി., ഈ ഡി-ലനോയി തന്നെയായിരുന്നു. നായർ കുലജാതനായ നീലകണ്ഠപ്പിള്ളയെ ക്രിസ്തുമാർഗ്ഗത്തിലേക്ക് നയിച്ചതും ആ പുണ്യജീവിതത്തിന് താങ്ങും തണലുമായി വർത്തിച്ചതും ഡിലനോയി തന്നെ.

18-ാം നൂറ്റാണ്ടിലെ ഭാരത ക്രിസ്ത്യാനികളുടെ അവസ്ഥയെക്കുറിച്ചും കേരളത്തിലെ വിവിധ സ്ഥലങ്ങളെ സംബന്ധിച്ചും നമ്മെ ബോധവൽക്കരിക്കാൻ പോന്ന രണ്ടു ഗ്രന്ഥങ്ങളാണ് 1794-ൽ റോമിൽ നിന്നും പ്രസിദ്ധീകരിച്ച India Orientalis Christiana യും 1796-ൽ റോമിൽനിന്നുതന്നെ പ്രസിദ്ധീകൃതമായ Viaggio alle India Orientali യും. ഈ രണ്ടു ഗ്രന്ഥങ്ങളും രചിച്ചിരിക്കുന്നത് പൗലീനോസ് പാതിരിയെന്നും ബർത്തലോമിയോ പാതിരിയെന്നും കേരള ചരിത്രത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന, കേരള സഭാചരിത്രത്തിലും, കേരള സാഹിത്യചരിത്രത്തിലുമൊക്കെ ഇടംനേടിയ, കർമ്മലീത്താ മിഷനറി പൗലീനോസ് ആ സാങ്ത ബർത്തലോമിയോയാണ്. ക്രിസ്ത്യാനികളെ ഒരു കൈകൊണ്ട് തലോടുകയും മറ്റേ കൈകൊണ്ട് താഢിക്കുകയും ചെയ്യുന്ന തിരുവിതാംകൂർ ശൈലി വളരെ ഭംഗിയായി, പൗലീനോസ് പാതിരി തന്റെ ഗ്രന്ഥങ്ങളിലൂടെ നമ്മോടു പറയുന്നുണ്ട്. തന്നെയുമല്ല, 1783-ൽ പൗലീനോസ് പാതിരിയുടെ നേതൃത്വത്തിൽ തിരുവിതാംകൂർ മഹാരാജാവിന് സമർപ്പിച്ച 'സങ്കട വരിയോല' എന്ന നിവേദനത്തിൽ തിരുവിതാംകൂറിലെ നാടാന്മാരും അല്ലാത്തവരുമായ കത്തോലിക്കാ വിശ്വാസികൾ സത്യവിശ്വാസത്തിനുവേണ്ടി അനുഭവിച്ച പീഡനങ്ങളും ദുരിതങ്ങളും വിവരിക്കുന്നുമുണ്ട്. ഈ ചരിത്രസത്യങ്ങളെയെല്ലാം തമസ്കരിച്ചുകൊണ്ടാണ് ചില ചരിത്രകാരന്മാർ ദേവസഹായത്തിനെതിരെ അബദ്ധജഢിലമായ ചിന്തകളുമായി എത്തിയിരിക്കുന്നത്.



1729 മതൽ 1758 വരെ തിരുവിതാംകൂർ ഭരിച്ചിരിന്ന മാർത്താണ്ഡവർമ്മ മഹാരാജാവിന്റെ കാലത്ത് അതായത് 1752 ജനുവരി 14-ന് കാറ്റാടി മലയിൽ വച്ച് വീരരക്തസാക്ഷിത്വം വരിച്ച ദേവസഹായത്തിന്റെ വിശ്വാസതീക്ഷ്ണതക്ക് ആക്കം കൂട്ടിയത്, ദേവമാതാവമ്മാനൈയിലൂടെയുള്ള യാത്രയിലൂടെയായിരുന്നു. അതിനാൽ ആ കാവ്യത്തിന്റെ സവിശേഷതകൾ നാം അറിഞ്ഞിരിക്കേണ്ടതുണ്ട്.

ആദിമക്രിസ്ത്യാനികളുടെ ചെന്തമിഴ് കാവ്യമായ 'ദേവമാതാവമ്മാനൈ'യുടെ ഓരോ ഭാഗങ്ങളും ഉച്ചത്തിൽ ആലപിച്ചുകൊണ്ടായിരുന്നു വലിയ നോമ്പുകാലത്തെ രാത്രികാലങ്ങൾ ദേവസഹായം കഴിച്ചുകൂട്ടിയിരുന്നത്. പഴയ തിരുവിതാംകൂറിന്റെ തെക്കേ അറ്റത്ത് സ്ഥിതിചെയ്തിരുന്ന കാറ്റാടി മലയിലേക്ക് വലിയ നോമ്പുകാലത്തെ രാത്രികാലങ്ങളിൽ കയ്യിൽ കരുതിവച്ചിരിക്കുന്ന പാറക്കഷ്ണവുമായി നടന്നുകയറി ആ മലമുകളിൽ മുട്ടുകുത്തി അമ്മാനൈയുടെ ഓരോ ഈരടിക്കും ശേഷം മൂന്നു പ്രാവശ്യം പാറയിൽ മുട്ടിക്കൊണ്ട് കാവ്യത്തിന്റെ ഒരോ ഭാഗവും അദ്ദേഹം പൂർത്തിയാക്കിയിരുന്നു.

## രചനാകാലം


ദേവമാതാവമ്മാനൈയുടെ രചനാകാലം അഞ്ചാം നൂറ്റാണ്ടിനും ആറാം നൂറ്റാണ്ടിനും ഇടയിലായിരുന്നു എന്ന പണ്ഡിതാഭിപ്രായം നിലനിൽക്കുമ്പോൾ തന്നെ ഈ വാദഗതിക്ക് ആവശ്യമായ തെളിവുകളോ കാവ്യത്തിന്റെ കൈയ്യെഴുത്തു രേഖകളോ താളിയോലപ്പതിപ്പോ ഒന്നുംതന്നെ ലഭ്യമല്ലാ എന്നത് കാണാതിരിക്കുന്നില്ല. അതേ സമയം ഈ കാവ്യത്തിലൂടെ കടന്നുപോകുമ്പോൾ കാലാകാലങ്ങളിലായി സംഭവിക്കാവുന്ന തിരുത്തലുകളും കൂട്ടിച്ചേർക്കലുകളും കത്തോലിക്കാ പാരൃമ്പര്യങ്ങൾക്കും വിശ്വാസങ്ങൾക്കും അനുസൃതമായി ഉണ്ടായിട്ടുണ്ടെന്ന വസ്തുതയും കാണാം. നാടോടിപ്പാട്ടുകളായും വായ്മൊഴിപ്പാട്ടുകളായും പ്രചരിക്കുന്ന പാട്ടുകൾ പാട്ടുകാരുടെ തലമുറകൾ കടന്ന് വർത്തമാനകാലത്തെത്തുമ്പോൾ അത് സഞ്ചരിച്ചുവന്ന പലകാലങ്ങളുടെയും മുദ്രകളും പതിച്ച് പൂർണതയിലേക്ക് കടക്കുന്നത് സ്വാഭാവികമാണ്.

ദേവമാതാവമ്മനൈ ഇന്നും തെക്കൻകേരളത്തിന്റെ തീരദേശങ്ങളിലും കുളച്ചൽ പ്രദേശത്തും ക്രൈസ്തവ ഭവനങ്ങളിൽ വലിയ നോമ്പുകാലത്ത് വായിക്കുന്നുണ്ട്. ദേവമാതാവമ്മാനൈയിലെ അഞ്ചാം ഭാഗത്തുചേർത്തിരിക്കുന്ന ദേവമാതാവിൻ പ്രലാപം ദുഃഖ വെള്ളിയാഴ്ചകളിൽ കത്തോലിക്കാ ഭവനങ്ങളിൽ വായിക്കുന്നതും പതിവാണ്.

---

*സഹായക ഗ്രന്ഥങ്ങൾ:-*

1. വിശ്വാസത്തിന്റെ കനൽവഴികൾ- ഫാ. ജോസഫ് കൊട്ടുകാപ്പള്ളി എസ്.ജെ. - പരിഭാഷ: ഇഗ്നേഷ്യസ് തോമസ്- കേരള ജസ്വിറ്റ് ഹെറിറ്റേജ് കമ്മീഷൻ 2020.
2. പൗലീനോസ് പാതിരിയും അങ്കമാലി പടിയോലയും- ഡോ. ആന്റണി പാട്ടപ്പറമ്പിൽ- ജയിൻ പബ്ലിക്കേഷൻസ് 2018.



# ആനന്ദത്തിന്റെയും ആഹ്ലാദത്തിന്റെയും നിമിഷം

യേശുവിന്റെ കാൽവരിമല യാത്രയിൽ കുരിശു ചുമക്കാൻ സഹായിയായി ശിമയോൻ ഉണ്ടായിരുന്നു. രക്തത്തുള്ളികൾ മുഖത്തുനിന്ന് ഒപ്പിയെടുക്കാൻ വെറോണിക്ക ഉണ്ടായിരുന്നു. ഓർഷ്ലേം നഗരിയിലെ സ്ത്രീകൾ യേശുവിന്റെ കാൽവരിയാത്ര കണ്ട് വാവിട്ട് നിലവിളിച്ചു. കുരിശിൻ ചുവട്ടിൽ അമ്മയും യോഹന്നാനും അന്ത്യനിമിഷത്തിൽ നിലകൊണ്ടിരുന്നു. മൃതദേഹത്തിൽ സുഗന്ധദ്രവ്യങ്ങൾ ലേപനം ചെയ്യാൻ മഗ്ദലന മറിയം ഉണ്ടായിരുന്നു. കല്ലറ ഒരുക്കാൻ അരിമത്ത്യാക്കാരനായ ജോസഫും സന്നിഹിതരായിരുന്നു.

ഇരുന്നൂറ്റി എഴുപത് വർഷങ്ങൾക്കുമുൻപ് തുടർച്ചയായി മൂന്നുവർഷക്കാലം കഷ്ടാനുഭവങ്ങളിലൂടെ ക്രൂരമായ പീഡകളേറ്റുവാങ്ങിയ ഒരു മനുഷ്യൻ ദക്ഷിണേന്ത്യയിലെ തിരുവിതാംകൂർ എന്ന നാട്ടുരാജ്യത്ത് ജീവിച്ച് രക്തസാക്ഷിത്വം വരിച്ചു. ദേവസഹായം എന്ന ആ നാമധാരി യേശുവിന്റെ പീഡാസഹനങ്ങളോടും പൂർണമായി തീർന്നു കാറ്റാടിമലയെ അദ്ദേഹം കാൽവരിമലയാക്കിമാറ്റി. അഞ്ചുമുറിവുകളേറ്റ് യേശുവിന്റെ പഞ്ചക്ഷതങ്ങളോട് താദാത്മ്യപ്പെട്ടുകൊണ്ട് അഞ്ച് വെടിയുണ്ടകളേറ്റ് മരണമടഞ്ഞു.

മൂന്നുവർഷക്കാലത്തെ പീഢാസഹന വഴികളിൽ നിന്ദനവും പരിഹാസവും മർദ്ദനവും ഏറ്റുവാങ്ങി എരുമപ്പുറത്തിരുത്തി നാടുനീളെ ചുറ്റിനടത്തി ജനങ്ങളുടെ അപഹാസവും കൂക്കിവിളികളും കേൾക്കേണ്ടിവന്നു. ആശ്വസിപ്പിക്കാൻ ആരുമുണ്ടായില്ല. കാറ്റാടിമലയുടെ നെറുകയിൽ അന്ത്യനേരത്ത് ഭാര്യ ജ്ഞാനപ്പൂവിനെപ്പോലും അടുത്തു നിൽക്കാൻ അനുവദിച്ചില്ല. മൃതദേഹം ആരും ഏറ്റുവാങ്ങിയില്ല. വന്യമൃഗങ്ങൾക്ക് ആ ശരീരം ഭക്ഷണമാക്കാൻ കൊടുംകാട്ടിലേക്ക് ഭടന്മാർ വലിച്ചെറിയുകയാണുണ്ടായത്. യേശുവിലുള്ള വിശ്വാസത്തെ പ്രതിജീവൻപോലും ത്യജിക്കാൻ തയ്യാറായ ദേവസഹായത്തിന്റെ ജീവിതം താൻ മാത്രമല്ല, തന്റെ ഭാര്യയെയും യേശു വിശ്വാസത്തിലേക്ക് കൂട്ടിക്കൊണ്ടുവരാൻ അദ്ദേഹത്തിന് കഴിഞ്ഞു.

ദേവസഹായം സഹിച്ച പീഡകളെക്കുറിച്ച് ചിന്തിക്കുമ്പോൾ എന്നെ അത്ഭുതപ്പെടുത്തുന്നത് ഇത്രമാത്രം ഒരു മനുഷ്യന് സഹിക്കാനാവുമോ എന്നതാണ്! അടിസ്ഥാനപരമായി അദ്ദേഹം ഒരു കായികാഭ്യാസിയും യോദ്ധാവും നല്ല ശാരീരികഘടനയുള്ള വ്യക്തിയും ആയിരുന്നു. അദ്ദേഹത്തിന് മാനസിക സംഘർഷങ്ങളെ നേരിടാനുള്ള കരുത്തും ഉണ്ടായിരുന്നു. അതിലുപരി യേശുവിലുള്ള അടിയുറച്ച വിശ്വാസവും അചഞ്ചലമായ പ്രത്യാശയും അനന്തമായ സ്നേഹവുമാണ് രക്ഷസാഷിത്വം വരിക്കാൻ ദേവസഹായത്തെ പ്രാപ്തനാക്കിയത്. ഈ ധീരരക്തസാക്ഷിയെ ആദരിക്കാനും അംഗീകരിക്കാനും രണ്ടര ദശാബ്ദത്തിലേറെക്കാലം വേണ്ടിവന്നു എന്നത് ഒരു സമസ്യയായി നിലകൊള്ളുന്നു.

ദേവസഹായത്തിന്റെ രക്തസാക്ഷിത്വത്തിന് പാതയൊരുക്കി ഭാരതസഭയ്ക്ക് ഈ വിശുദ്ധനെ നൽകിയതിന് നാം വലിയകപ്പിത്താനായ ഡിലനോയിയോടും ഈശോ സഭാ വൈദികരോടും കടപ്പെട്ടിരിക്കുന്നു. പ്രത്യേകിച്ച് ദേവസഹായത്തിന് ജ്ഞാനസ്നാനം നൽകിയ വടക്കൻകുളത്തെ ഇടവക വികാരി ആയിരുന്ന ഫാ. ബട്ടാരി എസ്.ജെയോടും ആഗളസഭയ്ക്ക് ഈ ധന്യാത്മാവിനെ പരിചയപ്പെടുത്തിയ മെത്രാനും അഞ്ചുതെങ്ങിൽ താമസിച്ചിരുന്ന ബിഷപ്പ് ക്ലമെന്റ് ജോസഫ് ലെയ്ത്താവോ എസ്.ജെയെയും നാം ആദരവോടെ അനുസ്മരിക്കണം. ബിഷപ്പ് ക്ലമൻസ് ആയിരുന്നു ഈ രക്ഷസാക്ഷിയെക്കുറിച്ച് ബനഡിക്ട് പതിനാലാമൻ പാപ്പയെ ആദ്യമായി അറിയിച്ചത്. ദക്ഷിണേന്ത്യക്കാരനും വിവാഹിതനുമായ ഒരു അല്മായനെ ആദ്യമായി വിശുദ്ധ പദവിയിലേക്ക് ഉയർത്തുമ്പോൾ നമുക്ക് ആനന്ദിക്കാം, ആഹ്ലാദിക്കാം. ദൈവത്തിന് നന്ദി പറയാം. ■



**ഫാ. സിൽവസ്റ്റർ കുരിശ്**
എക്സിക്യൂട്ടീവ് സെക്രട്ടറി,
ഹെറിറ്റേജ് കമ്മിഷൻ



# മറക്കാനാവാത്ത ഓർമകൾ നൽകി ജെറോം നെറ്റോയച്ചൻ

സ്നേഹം നിറഞ്ഞ ജെറോം അച്ചൻ ഒന്നും പറയാതെ അവിചാരിതമായി യാത്രയാകുമ്പോഴും എന്തൊക്കെയോ പറഞ്ഞു തീർത്തിട്ടാണ് പോകുന്നത് എന്നതോന്നലാണ് ഉള്ളിലുണരുന്നത്. ഒരു താഴംപള്ളിക്കാരൻ എന്നനിലയിൽ എന്റെ ഓർമ്മകളിൽ ജീവിക്കുന്ന ജെറോം അച്ചനെ ഞാൻ ഓർത്തെടുക്കുകയാണ്.

1992-ൽ അച്ചൻ ഞങ്ങളുടെ വികാരിയായി വന്നപ്പോൾ  സ്നേഹം നിറഞ്ഞ യുവത്വവും, ചുറുചുറുക്കുമുള്ള എന്തിനേയും നേരിടാൻ ചങ്കൂറ്റമുള്ള ഒരച്ചൻ. ചുരുങ്ങിയ നാൾകൊണ്ട് അച്ചൻ ഞങ്ങളുടെയെല്ലാം ഹീറോ ആയി. അദ്ദേഹത്തിന്റെ പ്രസംഗപാടവം ജനഹൃദയങ്ങളെ ക്രിസ്തുസാന്ദ്രമാക്കി. നർമ്മത്തിൽ പൊതിഞ്ഞ സ്നേഹം നൽകി അച്ചൻ ഞങ്ങളിൽ ഒരുവനായി. ഞങ്ങൾക്കുവേണ്ടി ജീവിച്ചു.

കായലും കടലും തഴുകുന്ന താഴംപള്ളിയുടെ മനോഹാരിതയിലും മനോഹരമായി അച്ചൻ തന്റെ അജപാലന ദൗത്യം നിർവഹിച്ചു. കാലം പുതിയ പടവുകൾ താണ്ടുവാൻ വിളിച്ചപ്പോൾ പൗരോഹിത്യ ജീവിതം തന്റെ ആദ്യ ഇടവകളായ താഴംപള്ളിയും അരയത്തുരുത്തിയും തന്റെ മുന്നോട്ടുള്ളയാത്രയുടെ ശക്തിയാണെന്നു പറഞ്ഞത് ഒരു അൾത്താര ബാലകനായിരുന്ന ഞാൻ ഇന്നും ഓർക്കുന്നു.

അന്ന്, നല്ലതു മാത്രം വരട്ടെ എന്ന പ്രാർത്ഥനയോടെ ഈറനണിഞ്ഞ കണ്ണുകളോടെ ജനം അദ്ദേഹത്തെ യാത്രയാക്കി. വികാരി അച്ചനായി വീണ്ടും ഇവിടെ വരണെ എന്ന് ജനകൂട്ടത്തിൽ നിന്നും ആരോ വിളിച്ചുപറഞ്ഞപ്പോൾ, പിന്നെ എന്ന് നീട്ടി പറഞ്ഞ് പോയ അച്ചൻ 25 വർഷങ്ങൾക്കുശേഷം ദൈവനിയോഗം എന്നവണ്ണം വീണ്ടും താഴംപള്ളിയുടെ വികാരി ആയിത്തന്നെ മടങ്ങിയെത്തി.

25 വർഷത്തെ ഇടവേള ഒരുപാട് മാറ്റങ്ങൾ നാടിനും അച്ചനും നൽകിയിരുന്നു. ദൈവജനം വളരെ സന്തോഷത്തോടെ അദ്ദേഹത്തെ സ്വീകരിച്ചു. രണ്ടാമതുള്ള ഈ കൂടിക്കാഴ്ചയിൽ ഞാൻ പഴയ അൾത്താര ബാലകനിൽ നിന്ന് ഒരു പുരോഹിതനിലേക്ക് ഉയർന്നു എന്നുള്ളത് അച്ചന് ഏറെ അഭിമാനവും സന്തോഷകരവും തന്നെയായിരുന്നു.

നാട്ടിൽവച്ചുള്ള കൂടിക്കാഴ്ചകളിലൊക്കെ, വളരെ സന്തോഷത്തോടും കൂടുതൽ സ്വാതന്ത്ര്യത്തോടും അച്ചൻ മനസ്സുതുറക്കുമായിരുന്നു. അതിരൂപതയെക്കുറിച്ചുള്ള അച്ചന്റെ സ്വപ്നങ്ങൾ, ഇടവകയെക്കുറിച്ചുള്ള കാഴ്ചപ്പാടുകൾ, അച്ചന്റെ തന്നെ കൊച്ചുകൊച്ചു നൊമ്പരങ്ങൾ, അടുത്ത് അറിഞ്ഞപ്പോൾ ഞാൻ അച്ചനിലെ ഉത്തമ അജപാലകനെയും സാധാരണക്കാരനായ മനുഷ്യനെയും തിരിച്ചറിയുകയായിരുന്നു.

തന്റെ പരിമിതികളെ സ്വയം അംഗീകരിച്ച, പ്രണയിച്ച മനുഷ്യൻ, ദാരിദ്ര്യത്തെ ആശ്ലേഷിച്ച വ്യക്തിത്വം ബൈബിൾ വായനയും, മറ്റു പുസ്തകങ്ങളുടെ വായനയും തന്റെ കരുത്തായി സ്വീകരിച്ചയാൾ. ഏൽപ്പിക്കപ്പെട്ട ഇടവകയ്ക്കുവേണ്ടി



ഫാ. വിംഗ്സ്റ്റൺ

കാനൻ ലോ

ഫാ. ജോസ് ജി.
ജുഡീഷ്യൽ വികാർ

# സ്ഥൈര്യലേപന കൂദാശയുടെ അവിഭാജ്യഘടകങ്ങളും അത് സ്വീകരിക്കാൻവേണ്ട യോഗ്യതകളും

ലത്തീൻ കത്തോലിക്കാ സഭയ്ക്കുവേണ്ടിയുള്ള കാനോൻ നിയമം (CIC) 880§1 പ്രകാരം, സ്ഥൈര്യലേപന കൂദാശയുടെ മൂന്ന് അവിഭാജ്യഘടകങ്ങളാണ്: 1. നെറ്റിയിൽ പൂശുന്ന ലേപന തൈലം (Chrism oil); 2. കൈവയ്പ്; 3. ആരാധനക്രമ പുസ്തകത്തിൽ നിർദ്ദേശിച്ചിരിക്കുന്ന വാക്കുകളുടെ ഉപയോഗം.

സ്ഥൈര്യലേപന കൂദാശ സ്വീകരിക്കാൻ വേണ്ട യോഗ്യതകൾ:

പൗരസ്ത്യ സഭകൾക്കുവേണ്ടിയുള്ള കാനോൻ നിയമം (CCEO) 694 പ്രകാരം ജ്ഞാനസ്നാനത്തോടൊപ്പമോ അല്ലാതെയോ സ്ഥൈര്യലേപനം നല്കാവുന്നതാണ്. എന്നിരുന്നാലും CCEO 695§1 പ്രകാരം അത്യാവശ്യമില്ലെങ്കിൽ ജ്ഞാനസ്നാനത്തോടൊപ്പമാണ് സ്ഥൈര്യലേപനം നല്കേണ്ടത്. അങ്ങനെ വരുമ്പോൾ എത്രയും വേഗം സ്ഥൈര്യലേപനം നല്കുകയും വേണം. ചുരുക്കത്തിൽ ശൈശവ ജ്ഞാനസ്നാനം നല്കുമ്പോൾ സ്ഥൈര്യലേപനവും നല്കണമെന്നതുകൊണ്ട് ഇവിടെ പരിഗണിക്കപ്പെടുന്നത് കുഞ്ഞിന്റെ മാതാപിതാക്കളുടെ യോഗ്യതകളാണ്.

CIC 889, 891പ്രകാരം സ്ഥൈര്യലേപന കൂദാശ സ്വീകരിക്കാൻ വേണ്ട യോഗ്യതകൾ താഴെപ്പറയുന്നവയാണ്:

1. ജ്ഞാനസ്നാനം സ്വീകരിച്ചിരിക്കണം (സ്ഥൈര്യലേപനം സ്വീകരിച്ചിട്ടില്ലാത്തക്രൈസ്തവ വിശ്വാസിയായിരിക്കണം).
2. ഉചിതമായ പരിശീലനം (അറിവ്) നേടിയിരിക്കണം.
3. ഉചിതമായ ഒരുക്കം ഉണ്ടായിരിക്കണം.
4. ജ്ഞാനസ്നാന വ്രതം നവീകരിക്കാനുള്ള പ്രാപ്തി ഉണ്ടായിരിക്കണം.
5. തിരിച്ചറിവിന്റെ പ്രായം ഉണ്ടായിരിക്കണം (സാധാരണയായി തിരിച്ചറിവിനുള്ള പ്രായമാകാൻ ഏഴ് വയസ്സ് പൂർത്തിയായിരിക്കണം).

തന്നെ പൂർണമായി നൽകാനുള്ള ഹൃദയ വിശാലതയും അവരുടെ അവകാശങ്ങൾക്കു വേണ്ടി കൂടെ നിൽക്കാൻ, അവസാനം വരെ പോരാടേണ്ട ധാർമികബോധവും കാട്ടിയ പോരാളി. പാഴ്‌വാക്കുകൾക്കും മുഖസ്തുതികൾക്കും, അദ്ദേഹം അപ്രാപ്യനായിരുന്നു. അവയൊക്കെ തന്റെ സ്വതസിദ്ധമായ കൗണ്ടറുകൾകൊണ്ട് മറ്റുള്ളവരെ അസംഖ്യം തവണ ചിരിപ്പിച്ച ചിന്തിപ്പിച്ച വ്യക്തി. ചുരുക്കത്തിൽ ജെറോം അച്ചൻ ഒരു പച്ചയായ മനുഷ്യനായി ജീവിച്ചു അങ്ങനെ തന്നെ മരിച്ചു.

ലോക്ഡൗൺ കാലത്ത് അച്ചനുമായി ചിലവഴിച്ച ചില ദിവസങ്ങൾ ഇപ്പോഴും ഓർമ്മയിൽ നിലനിൽക്കുകയാണ്.

അച്ചൻ വിശുദ്ധഗ്രന്ഥവായന തപസായി സ്വീകരിച്ച നാളുകൾ. ആ ദിവസങ്ങളിലെ കൂടി കാഴ്ചകളിലൊക്കെ മനോഹരങ്ങളായ ബൈബിൾ വിചന്തനങ്ങൾ പങ്കുവച്ച അച്ചൻ എന്നെ അത്ഭുതപ്പെടുത്തി. ഇടവകയുടെ ഡോക്യുമെന്റേഷൻ കുടുംബത്തിന്റെ വിവരങ്ങൾ ഒക്കെ ക്രോഡീകരിച്ചു. അച്ചൻ അവക്കെല്ലാം ക്രമം നൽകി. ഇടവകയുടെ ഭാവിപരിപാടികൾക്ക് വ്യക്തമായ കാഴ്ചപ്പാടുകൾ മെനഞ്ഞു. ഒരുപക്ഷെ ലോക്ഡൗൺ കാലത്തെ വിരസതയെ ഇത്രയും സ്നേഹിച്ച് ഉപയോഗപ്പെടുത്തിയ മറ്റൊരു വ്യക്തി ഇല്ല എന്നു തോന്നിപ്പോകുന്നുണ്ട്.

മരണത്തിന് ഏതാനും ദിവസങ്ങൾക്കു മുൻപ് കാണുമ്പോൾ അച്ചന്റെ വാക്കുകൾക്ക് ശക്തികുറഞ്ഞിരുന്നു. രോഗാവസ്ഥ അച്ചന്റെ മനസ്സിനെയും ശരീരത്തെയും തളർത്തിയിരുന്നു. അച്ചന് കുറച്ചുനാൾ വിശ്രമം ആവശ്യമാണ്. അതിനാൽ അവധി എടുത്ത് വീട്ടിലോ, പ്രീസ്റ്റ് ഹോമിലോ പോകണം എന്നു പറഞ്ഞെങ്കിലും അച്ചൻ ചിരിച്ചുകൊണ്ടു നിരസിച്ചു. എനിക്കിനി വിശ്രമം സ്വർഗത്തിലേ ഉള്ളൂ.

1992-ൽ താഴംപള്ളിയിലും അയരതുരുത്തിയിലുമായി തുടങ്ങിയ പൗരോഹിത്യ യാത്ര നെല്ലിമൂട്, തൂത്തൂർ, പരുത്തിയൂർ, മരിയനാട്, തൈക്കാട്, കൊയ്ത്തൂർക്കോണം, കരികുളം, കാക്കാമൂല, ഫാത്തിമാപുരം എന്നീ ഇടവകകളിലൂടെ കടന്നുപോയി. വീണ്ടും താഴംപള്ളിയിലെത്തി.

മരണം എപ്പോഴും വേദനാജനകമാണ് അകാലത്തിലാകുമ്പോൾ വേദനയ്ക്ക് തീവ്രതയേറും. ഞങ്ങളെ ഒത്തിരി ചിരിപ്പിച്ച-ചിന്തിപ്പിച്ച-സ്നേഹിച്ച ജെറോം അച്ചന്റെ വേർപാട് നമുക്കോരോരുത്തർക്കും തീരാദുഃഖമാണ്, നഷ്ടമാണ്. മരണത്തിന് കീഴ്പ്പെട്ടെങ്കിലും, ധീരനായ ജറോം അച്ചന്റെ ജീവിതം നമ്മോട് എന്തൊക്കെയോ സംവദിക്കുന്നുണ്ട്. അച്ചൻ പറയാതെ പറഞ്ഞുവച്ച ചിന്തകളും ശൈലിയും നമുക്കൂർജ്ജമായിരിക്കട്ടെ. അച്ചന്റെ ആത്മശാന്തിക്കായി നമുക്ക് പ്രാർത്ഥിക്കാം. ■






# നക്ഷത്രങ്ങളുടെ കുമ്പസാരം

മികച്ച കഥാപാത്രഘടനയിലൂടെയും ഭാഷാ സൗകുമാര്യത്തിലൂടെയും നല്ലൊരു വായനാനുഭവം നൽകുന്നതാണ് മാണി പയസ് എഴുതിയ 'നക്ഷത്രങ്ങളുടെ കുമ്പസാരം' എന്ന നോവൽ. മതം വ്യക്തിയുടെ സ്വകാര്യമായ തിരഞ്ഞെടുപ്പാണെങ്കിലും അതിനെ പ്രചോദിപ്പിക്കുന്ന നിരവധി ഘടകങ്ങളുണ്ട്, വിശുദ്ധമായ ജീവിതം അതിലൊന്നാണ് എന്ന് നോവലിസ്റ്റ് വ്യക്തമാക്കുന്നു. വിശ്വാസ ജീവിതത്തെ അനുഭവത്തിന്റെ കാഴ്ചപ്പാടിലൂടെ ചരിത്രപരമായി ചിത്രീകരിക്കുന്ന ഈ നോവലിലെ പ്രധാന കഥാപാത്രം അനനിയാസ് എന്ന വൈദികനാണ് കുമ്പസാരം എന്ന കൂദാശയുടെ ആത്യന്തിക സത്തയെ ഒരുപക്ഷെ ചോദ്യം ചെയ്യുന്നു എന്നു പറയാവുന്ന രീതിയിലാണ് കഥാതന്തു.

ഒരു രാഷ്ട്രീയക്കാരന്റെ കുമ്പസാരത്തിലൂടെ ആരംഭിക്കുന്ന നോവലിൽ കുമ്പസാരിപ്പിക്കൽ പ്രക്രിയ ഒരു വൈദികനിൽ ഉളവാക്കുന്ന ആന്തരികസ്തോഭത്തെ മനോഹരമായി അവതരിപ്പിച്ചിരിക്കുന്നു. ഒരു ക്രിസ്ത്യൻ വൈദികന്റെ ആശ്രമജീവിതവും വൈദികവൃത്തിയും എങ്ങനെ പരിണമിക്കപ്പെടുന്നു എന്ന് അനുഭവങ്ങളിലൂടെ വ്യക്തമാക്കി തരുന്നു. കേരളത്തിലെ ക്രിസ്ത്യാനികളുടെ സഭാചരിത്രവും പിന്നാക്ക ജനവിഭാഗങ്ങളുടെ പരിവർത്തന ജീവിതവും നമ്മുടെ മുന്നിലേക്ക് കൊണ്ടുവരുന്നു. കേരളത്തിലെ സവർണ ക്രിസ്ത്യാനികൾ ദളിതരായ ക്രിസ്ത്യാനികളോട് കാണിച്ചിരുന്ന വിവേചനവും ഉച്ചനീചത്വങ്ങളും ചരിത്രപരമായി അവതരിപ്പിച്ചിരിക്കുന്നത് കാണാം. അതോടൊപ്പം ഒരു മതം എങ്ങനെ ഒരു ഗ്രാമജീവിതത്തിലേക്ക് കടന്നുവരുന്നു എന്ന് പറച്ചേരി ഗ്രാമ ജീവിത തുടിപ്പുകളിലൂടെ മുന്നിലെത്തിക്കുന്നു. ചരിത്രപരവും ആത്മീയവും സൈദ്ധാന്തികവുമായ അടിയൊഴുക്കുകൾ ഈ നോവലിനെ മറ്റൊരു തലത്തിലെക്കുന്നുണ്ട്.

കുമ്പസാരം ദൈവത്തോട് ചേർന്നുനിൽക്കാൻ ശ്രമിക്കുന്ന ഓരോ ക്രിസ്ത്യാനിയുടെയും പാഥേയമാണ് ക്രൂശിത രൂപത്തിന് മുമ്പാകെ കണ്ണും കാതും മനസ്സും തുറക്കുന്ന ദൈവികവൃത്തിയായി ഇതിനെ വിശ്വസി കാണുന്നു. ജനതയുടെ ഈ ഹൃദയം തുറക്കലിന്, ധ്യാനാത്മകമായ ചൈതന്യം പ്രദാനം ചെയ്ത് ശരിയിലേക്ക് മോചിപ്പിക്കപ്പെടുന്ന അത്യന്തം ആന്തരിക സ്തോഭം ഏറ്റുവാങ്ങുന്ന ഒരു സന്യാസ പ്രവർത്തനമാണ് കുമ്പസാരിപ്പിക്കൽ എന്ന് അനനിയാസ് അച്ചൻ എന്ന കേന്ദ്രകഥാപാത്രം ആവർത്തിച്ച് വ്യക്തമാക്കപ്പെടുന്നുണ്ട്. സമൂഹത്തിലെ വിശ്വാസവും യുക്തിയും തമ്മിലുള്ള ഏറ്റുമുട്ടൽ കൃത്യമായി പകർന്നുതരുന്നുണ്ട്. താൻ പഠിച്ച ദൈവിക സിദ്ധാന്തങ്ങളൊന്നും ഇവിടെ വിലപ്പോകുന്നില്ല എന്ന തിരിച്ചറിവ് സന്യസ്ത ജീവിതത്തിന്റെ ആത്യന്തികതയെ തന്നെ ചോദ്യം ചെയ്യുന്നു. വാർധക്യത്തിൽ അർബുദബാധിതനായി ഇഹലോകവാസം വെടിയുന്നഅച്ചൻ തന്റെ ജീവിതത്തിലേക്ക് തിരിഞ്ഞുനിന്ന് നടത്തുന്ന കുമ്പസാരമായി മാറുന്നുണ്ട് ഈ നോവൽ. ഒരു വൈദികന്റെ ജീവിതത്തിലുണ്ടാകുന്ന ആന്തരിക വൈകാരികതയെ വരച്ചുകാട്ടുന്നതിനോടൊപ്പം കുമ്പസാരിപ്പിക്കുന്നവന്റെ കുമ്പസാരമായി മാറുകയാണ് 'നക്ഷത്രങ്ങളുടെ കുമ്പസാരം'. ■



ഡോ. സീന ഫെലിക്സ്




## വാഴ്ത്തപ്പെട്ട ദേവസഹായം മെഗാക്വിസ് 2022

തിരുവനന്തപുരം: കേരള ലത്തീൻ കത്തോലിക്കാ മെത്രാൻ സമിതി (കെ.ആർ.എൽ.സി.ബി.സി) ഹെറിട്ടേജ്-മതബോധന കമ്മീഷൻ വാഴ്ത്തപ്പെട്ട ദൈവസഹായത്തിന്റെ വിശുദ്ധപദവി പ്രഖ്യാപനവുമായി ബന്ധപ്പെട്ട് മെഗാക്വിസ് സംഘടിപ്പിക്കുന്നു. ഇടവക തല മത്സരം മെയ് 29 നും സംസ്ഥാനതല മത്സരം ജൂൺ 11 നും ആയിരിക്കും. 10 മുതൽ 16 വയസ്സു വരെ പ്രായമുള്ള വിദ്യാർഥികൾക്കും 17 വയസ്സിന് മുകളിലുള്ള അൽമായർക്കും സന്യസ്തർക്കും പങ്കെടുക്കാവുന്നതാണ്. ഓരോ വിഭാഗങ്ങൾക്കും സംസ്ഥാനതലത്തിൽ ഒന്നാം സമ്മാനം 15000 രൂപയും രണ്ടാം സമ്മാനം 10000 രൂപയും മൂന്നാം സമ്മാനം 5000 രൂപയും നൽകുന്നതാണ്. പങ്കെടുക്കാനാഗ്രഹിക്കുന്നവർ ഇടവക മതബോധന സമിതി മുഖേന ഗൂഗിൾ ഫോം ലിങ്കിലൂടെ മെയ് 10ന് മുമ്പായി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. ചോദ്യബാങ്ക് രൂപതാ കേന്ദ്രങ്ങളിൽ നിന്നും ലഭ്യമാകും.



**ലത്തീൻ കത്തോലിക്കാ ദിനത്തോടനുബന്ധിച്ച് കെആർഎൽസിബിസി മതബോധന കമ്മീഷൻ സംഘടിപ്പിച്ച പ്രസംഗ മത്സരത്തിൽ സംസ്ഥാന തലത്തിൽ സബ് ജൂനിയർ വിഭാഗത്തിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കിയ തിരുവനന്തപുരം അതിരൂപത പാലപ്പൂര് ഇടവകയിലെ എ.കെ.അബി അജിത്. ഹോളി സ്പിരിറ്റ് സ്കൂൾ (പുങ്കുളം) അജിത്കുമാർ-കരുണ ദമ്പതികളുടെ മകനുമാണ്.**

## കെഎൽസിഎ സുവർണ്ണ ജൂബിലി ആഘോഷങ്ങൾക്ക് തുടക്കമായി

തിരുവനന്തപുരം: കേരളത്തിലെ 12 ലത്തീൻ അതിരൂപതകളുടെയും സമുദായത്തിന്റെയും സമഗ്ര വളർച്ച ലക്ഷ്യമാക്കി കൊണ്ട് ആരംഭിച്ച കേരള ലാറ്റിൻ കാത്തലിക് അസോസിയേഷൻ(കെഎൽസിഎ) സുവർണ്ണ ജൂബിലി ആഘോഷങ്ങൾക്ക് തുടക്കം കുറിച്ചു. മാർച്ച് 27 ന് എറണാകുളം ടൗൺ ഹാളിൽ വച്ച് നടന്ന ചടങ്ങിൽ വച്ചാണ് ജൂബിലി ആഘോഷങ്ങൾക്ക് തുടക്കം കുറിച്ചത്. വിവിധ രൂപതകളിൽ നടക്കാനിരിക്കുന്ന തുടർ പരിപാടികളിൽ കെഎൽസിഎ തിരുവനന്തപുരം ലത്തീൻ അതിരൂപത ആതിഥേയം വഹിക്കും. ഇതിനോടനുബന്ധിച്ചുള്ള സുവർണ സ്മൃതി ആചരണം പാളയം രക്തസാക്ഷി മണ്ഡപത്തിൽ നടന്നു. ലത്തീൻ സമുദായത്തിൽ നിന്നും പൊതുസമൂഹത്തിന് വിലപ്പെട്ട സംഭാവനകൾ നൽകിയ മൺമറഞ്ഞ യുഗപ്രഭാവൻമാരായ നേതാക്കളെ സ്മരിച്ചു. പ്രസ്തുത പരിപാടിയിൽ തിരുവനന്തപുരം അതിരൂപതാ മെത്രാപ്പോലീത്ത ഡോ. തോമസ് ജെ. നെറ്റോ, സഹായമെത്രാൻ ഡോ. ക്രിസ്തുദാസ്, ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ് മന്ത്രി അഡ്വ. ജി. ആർ. അനിൽ, എംഎൽഎമാർ, സമുദായ നേതാക്കൾ തുടങ്ങിയവർ പങ്കെടുത്തു.



*വലിയതുറ ദുരിതാശ്വാസ ക്യാമ്പിലെത്തിയ ആർച്ച്ബിഷപ്പ് ഡോ. തോമസ് ജെ.നെറ്റോ ക്യാമ്പിൽ കഴിയുന്നവരെ ആശ്വസിപ്പിക്കുന്നു*

## ആർച്ച് ബിഷപ്പ് ഡോ. തോമസ് ജെ നെറ്റോ ദുരിതാശ്വാസ ക്യാമ്പുകൾ സന്ദർശിച്ചു

തിരുവനന്തപുരം: വലിയതുറ ഇടവകയിൽ കടലാക്രമണത്തിൽ ഭവനം നഷ്ടപ്പെട്ട് ഇപ്പോഴും ക്യാമ്പുകളിൽ കഴിയുന്ന 230 തിൽ പരം കുടുംബങ്ങളെ തിരുവനന്തപുരം ലത്തീൻ അതിരൂപത അധ്യക്ഷൻ ഡോ. തോമസ് ജെ നെറ്റോ സന്ദർശിച്ചു. കർക്കിടക മാസങ്ങളിൽ സംഭവിക്കുന്ന അതിശക്തമായ കടലാക്രമണത്തിൽ ഭവനവും ഉപജീവന മാർഗങ്ങളും നഷ്ടപ്പെട്ട് വർഷങ്ങളായി ക്യാമ്പുകളിൽ കഴിയുന്നവരെയാണ് ആർച്ച് ബിഷപ്പ് സന്ദർശിച്ചത്.

നിലവിൽ 80 കുടുംബങ്ങളാണ് ക്യാമ്പിൽ മാത്രമായി കഴിഞ്ഞുവരുന്നത്. ക്യാമ്പുകളിൽ അല്ലാതെ 150 തിൽ പരം കുടുംബങ്ങളും. ക്യാമ്പുകളിൽ ആയിരിക്കുന്നവരുടെ വിഷമതകൾ കേൾക്കുകയും അവരോടൊപ്പം സമയം ചിലവഴിക്കുകയും ചെയ്ത പിതാവ് രൂപതയുടെ ഭാഗത്തുനിന്നും ഉണ്ടാകേണ്ട നടപടികൾ ഉടനെ ഉണ്ടാകുമെന്നും ഉറപ്പുനൽകി. ക്യാമ്പുകളിൽ അല്ലാതെ തന്നെ ബന്ധുഭവനങ്ങളിൽ അഭയം തേടിയിരിക്കുന്നവർ ഉൾപ്പെടെ 155 കുടുംബങ്ങൾക്ക് ടി. എസ്.എസ്.എസിന്റെ സഹായത്തോടെ ഭക്ഷ്യ കിറ്റുകളും വിതരണം ചെയ്തു. ഫെറോന വികാരി ഫാ. ഹയസന്ത് എം.നായകം, ഇടവക വികാരിമാരായ ഫാ. റോഡ്രിഗ്സ് കുട്ടി, ഫാ. ആഷ്ലിൻ ജോസ് എന്നിവരും സന്നിഹിതരായിരുന്നു.



*നവവൈദികർ അതിരൂപതാ അധ്യക്ഷൻ ആർച്ച്ബിഷപ്പ് ഡോ. തോമസ് ജെ. നെറ്റോ, സഹായ മെത്രാൻ ഡോ. ക്രിസ്തുദാസ് ആർ, സെന്റ് ജോസഫ്സ് കത്തീഡ്രൽ വികാരി മോൺ. നിക്കോളാസ് ടി തുടങ്ങിയവരോടൊപ്പം*

# പൗരോഹിത്യ ജീവിതത്തിലേക്ക് ചുവടുവച്ച് ഒൻപത് നവവൈദികർ

തിരുവനന്തപുരം: ലത്തീൻ അതിരൂപതയിൽ നിന്ന് ഒമ്പത് ഡീക്കന്മാർ വൈദികപട്ടം സ്വീകരിച്ചു. ഏപ്രിൽ 21 വ്യാഴാഴ്ച മൂന്നരയോടുകൂടി പാളയം സെന്റ് ജോസഫ് കത്തീഡ്രൽ ദേവാലയത്തിൽ വച്ചാണ് പൗരോഹിത്യ സ്വീകരണം നടന്നത്. ഡീക്കന്മാരായ പ്രമോദ് സേവിയർ, ഫ്രാൻസിസ് സഹായം, നിതേഷ് വിൻസന്റ്, റോബിൻ ബി, ടിനു, ആൽഫിൻ സേവ്യർ, വിനീത് പോൾ, എബിൻ സ്റ്റാൻലി, ജോമി ജോസഫ് OCD, ലിബിൻ പൗലോസ് SCJ എന്നിവരാണ് പൗരോഹിത്യം സ്വീകരിച്ചത്. 9 വൈദികരിൽ ഏഴുപേർ തിരുവനന്തപുരം ലത്തീൻ അതിരൂപതാ വൈദികരും, രണ്ടുപേർ സന്യാസ വൈദികരുമാണ്. തിരുവനന്തപുരം ലത്തീൻ അതിരൂപതാ അധ്യക്ഷൻ തോമസ് ജെ. നേറ്റോ മെത്രാപ്പോലീത്തയുടെ മുഖ്യ കാർമികത്വത്തിൽ നടന്ന പൗരോഹിത്യ ശുശ്രൂഷയിൽ സഹായമെത്രാൻ ഡോ. ക്രിസ്തുദാസ് സഹകാർമികനായിരുന്നു. അതിരൂപതയിലെ നിരവധി വൈദികരും സന്യസ്തരും അൽമായരും തിരുക്കർമങ്ങളിൽ പങ്കെടുത്തു.

വലിയതുറ ഇടവകയിൽ സേവ്യറിന്റെയും അമല റാണിയുടേയും മകനാണ് ഫാ. പ്രമോദ് സേവ്യർ.

പാളയം ഇടവകയിൽ സഹായം റോസ് മേരി ദമ്പതികളുടെ മകനാണ് ഫാ. ഫ്രാൻസിസ് സഹായം.

നീരോടി ഇടവക അംഗങ്ങളായ വിൻസെന്റിന്റെയും ഗ്ലാഡിയുടെയും മകനാണ് ഫാ. നിതേഷ് വിൻസന്റ്.

അഞ്ചുതെങ്ങ് ഇടവകയിൽ ബാൾഡിന്റെയും മേരി ജെനോവയുടെയും മകനാണ് ഫാ.റോബിൻ ബി.

കൊല്ലംകോട് ഇടവകയിലെ ആൽബിൻ സേവ്യറിന്റെയും പൗളിൻ ഷാലറ്റിന്റെയും മകനാണ് ഫാ. ടിനു ആൽബിൻ സേവ്യർ.

പുല്ലുവിള ഇടവകയിലെ പോൾ, അൽഫോൻസ ദമ്പതികളുടെ മകനാണ് ഫാ.വിനീത് പോൾ.

വട്ടിയൂർക്കാവ് ഇടവകയിൽ സ്റ്റാൻലിയുടെയും ലൈലയുടെയും മകനാണ് ഫാ. എബിൻ സ്റ്റാൻലി.

അടിമലത്തുറ ഇടവക അംഗങ്ങളായ പൗലോസിന്റെയും ജസീന്തയുടെയും മകനാണ് ഫാ. ലിബിൻ പൗലോസ് SCJ.

അടിമലത്തുറ ഇടവകയിലെ ജോസഫിന്റെയും കാർമലി ജോസഫിന്റെയും മകനാണ് ഫാ. ജോമി ജോസഫ് OCD.

## ദൈവവിളി ക്യാമ്പ്

എസ്എസ്എൽസി–പ്ലസ്ടു വിദ്യാഭ്യാസം പൂർത്തിയാക്കിയ ആൺകുട്ടികൾക്കായുള്ള ദൈവവിളി സെലക്ഷൻ ക്യാമ്പ് മെയ് 8, 9, 10 തീയതികളിൽ കാരമൂട് സെന്റ് വിൻസെന്റ് സെമിനാരിയിൽ വച്ച് നടത്തുന്നതാണ്. വൈദിക ശുശ്രൂഷയിൽ തല്പരരായ യുവജനങ്ങൾക്ക് ക്യാമ്പിൽ പങ്കെടുക്കാവുന്നതാണ്. പങ്കെടുക്കാനാഗ്രഹിക്കുന്നവർ ഇടവകവികാരിമാരുടെ കത്തോടുകൂടി മെയ് 8 ന് വൈകിട്ട് 4 നുമുൻപായി സെമിനാരിയിൽ എത്തിച്ചേരേണ്ടതാണ്.

നീർച്ചാൽ

# ഓർമകളിലെ തിബെരിയാസ്

**ഈസ്റ്റർ 3-ാം ഞായർ (മെയ് 1)**

അപ്പ. 5:27-32. വെളി. 5: 11-14. യോഹ. 21: 1:9

**ഫാ. വർഗീസ് ജോസഫ്**

എല്ലാവരും എന്നെ വിട്ട് പോകുന്നല്ലോ
നീ മാത്രം എന്തേ പോകാത്തത്?
ഞാൻ എവിടെ പോകാനാണ് ചങ്ങാതീ
ഞാൻ നിന്റേതുമാത്രമല്ലേ!

കൂടെ നടക്കുന്നവന്റെ മഹത്വം കണ്ടത് ക്രിസ്തുവിലാണ്. എവിടെ തുടങ്ങിയോ അവിടം തേടി പോകുന്ന ക്രിസ്തു. എവിടെ നഷ്ടപ്പെട്ടുവോ അവിടെ പോയി കണ്ടെത്തുന്ന ക്രിസ്തു. എല്ലാവരും വിട്ടുപോയാലും വിട്ട് പോകില്ലാ എന്ന് ഓർമിക്കുന്ന ക്രിസ്തു.

ശിഷ്യന്മാർ നിൽക്കുന്ന ഇടം ആദ്യം വിളി സ്വീകരിച്ച ഇടമാണ് (ലൂക്ക. 5:111). ക്രിസ്തുവിനെ മാത്രം മതി എന്നുപറഞ്ഞ് തുടങ്ങിയ ഇടം. ഇപ്പോൾ ക്രിസ്തുവിനെ വേണ്ടാ എന്നുവച്ച് അതേ ഇടത്ത് വന്നുനിൽക്കുന്നു. സാഹചര്യങ്ങൾ എല്ലാം ഒരുപോലെയാണ്. രാത്രി മുഴുവൻ അധ്വാനിച്ചിട്ടും ഒന്നും കിട്ടിയില്ല. (യോഹ. 21:3) നിരാശരായി അവർ നിൽക്കേണ്ടിവന്ന ഇടം. അതേ ഇടത്തിൽ അവർ എത്തി. ഓർക്കണം, ഇതിനിടയിൽ അവർ അനേകം അത്ഭുതങ്ങൾക്ക് സാക്ഷ്യം വഹിച്ചിട്ടുണ്ട്. അനേകം നന്മകൾ കണ്ടിട്ടുണ്ട്. എല്ലാം മറന്ന് അവർ ആദ്യം ഇടം തേടിപ്പോയി. വീണ പാപസാഹചര്യങ്ങളിൽ വീണ്ടും വീണ്ടും തേടിപോകുന്നവരാണ് നമ്മൾ. വലിയ അത്ഭുതങ്ങളും അടയാളങ്ങളും കണ്ടിട്ടും എല്ലാം നിമിഷ നേരം കൊണ്ട് മറന്ന് ജീവിക്കുന്നവരാണ് നമ്മൾ. കണ്ട നന്മകൾ നഷ്ടപ്പെടുത്തി പോകുന്നവരാണ് മനുഷ്യർ. എവിടെ നഷ്ടപ്പെട്ടോ അവിടെ തേടി പോകുന്നവനാണ് ദൈവം.

> തിബേരിയാസ് ഓർമ്മകളുടെ ഇടമാണ് പുതുതായി ഒന്നും ചെയ്യാനല്ല, പഴയതൊക്കെ ഓർത്തെടുക്കുന്ന ഇടം. ആ ഓർമ്മയിലാണ് ക്രിസ്തു എല്ലാം തിരിച്ചെടുക്കുന്നത്. നഷ്ടപ്പെട്ടതെല്ലാം തിരിച്ചെടുക്കാൻ നമുക്കും ഒരു തിബേരിയാസ് ഉണ്ടാവണം. നഷ്ടപ്പെട്ട സ്നേഹബന്ധങ്ങളെയും ഉള്ളിലെ നന്മകളെയും തിരിച്ചെടുക്കാൻ ഒരിടം.

മുന്നിൽ നിൽക്കുന്ന യേശുവിനെ അവർ അറിഞ്ഞില്ല (യോഹ. 21:4). മീൻ ഒന്നും കിട്ടാതെ നിരാശരായവരുടെ മുന്നിൽ ക്രിസ്തു വലയിറക്കാൻ പറഞ്ഞിരുന്നു (ലൂക്ക. 5:4). വലകീറുവോളം അവർക്ക് മീൻ കിട്ടി. എങ്ങനെ തുടങ്ങിയോ അതുപോലെ തന്നെയാണ് ഒടുക്കവും. നഷ്ടപ്പെട്ടതെല്ലാം നേടിയെടുക്കാൻ അതേ സാഹചര്യത്തിലൂടെ കടന്നുപോകണം.

ഒടുവിൽ വലിയൊരു സ്നേഹത്തിന്റെ മാതൃക ക്രിസ്തു കാട്ടിക്കൊടുത്തു. യേശു അപ്പമെടുത്ത് അവർക്ക് കൊടുത്തു. അതുപോലെ തന്നെ മത്സ്യവും. ഏറ്റവും നല്ലൊരു ഓർമ്മയാണ്. കുരിശുമരണത്തിന്റെ തൊട്ടുമുമ്പുള്ള അത്താഴമേശയിൽ ഇതുപോലെ തന്നെയായിരുന്നു. അത്താഴമേശയിൽ ക്രിസ്തു അവർക്ക് എല്ലാമായിരുന്നു. ജീവിതത്തിന്റെ സ്നേഹം മുഴുവനും അവൻ കാട്ടിക്കൊടുത്ത ഇടമാണത്. നിറമിഴിയോടെയാവണം ആ അപ്പം അവർ തിബേരിയാസിൽ ഭക്ഷിച്ചത്.

അവസാനം പത്രോസിനെ ഏല്പിച്ച വലിയ ദൗത്യം ശക്തിപ്പെടാൻ ക്രിസ്തു ചോദിച്ചു: എന്നെ നീ സ്നേഹിക്കുന്നുവോ? മൂന്നുപ്രാവശ്യം തള്ളി പറഞ്ഞവനെ കൊണ്ട് മൂന്നുപ്രാവശ്യം ഏറ്റുപറയിക്കുന്ന ക്രിസ്തു. മൂന്നുപ്രാവശ്യം തള്ളിപ്പറഞ്ഞവൻ മൂവായിരം പേരോട് ആ ക്രിസ്തുവിനെക്കുറിച്ച് പറഞ്ഞു (അപ്പ. 2:41).

തിബേരിയാസ് ഓർമ്മകളുടെ ഇടമാണ് പുതുതായി ഒന്നും ചെയ്യാനല്ല, പഴയതൊക്കെ ഓർത്തെടുക്കുന്ന ഇടം. ആ ഓർമ്മയിലാണ് ക്രിസ്തു എല്ലാം തിരിച്ചെടുക്കുന്നത്. നഷ്ടപ്പെട്ടതെല്ലാം തിരിച്ചെടുക്കാൻ നമുക്കും ഒരു തിബേരിയാസ് ഉണ്ടാവണം. നഷ്ടപ്പെട്ട സ്നേഹബന്ധങ്ങളെയും ഉള്ളിലെ നന്മകളെയും തിരിച്ചെടുക്കാൻ ഒരിടം. ■

# കോലാടുകളാകാതെ കുഞ്ഞാടുകളാകാം

**ഈസ്റ്റർ 4-ാം ഞായർ (മെയ് 8)** അപ്പ. 13,14: 43-52, വെളി. 7,9. 14-17. യോഹ. 10: 27-30

**ഫാ. ഡൈസൻ**

ഹേമന്തകാലത്ത് നടക്കുന്ന യഹൂദരുടെ പ്രതിഷ്ഠാതിരുനാൾ ബി.സി 164-ാം ആണ്ടിലാണ് നിലവിൽ വന്നത്. യൂദാസ് മക്കബേയൂസും സഹോദരരും കൂടി വിജാതീയരാൽ അശുദ്ധമാക്കപ്പെട്ട ജെറുസലേം ദേവാലയം പുതുക്കുകയും പഴയ ബലിപീഠം പൊളിച്ചു മാറ്റിക്കൊണ്ട് പുതിയത് നിർമ്മിക്കുകയും ചെയ്തു. പുതുക്കപ്പെട്ട ദേവാലയവും ബലിപീഠവും വളരെ ആഘോഷമായി ദൈവത്തിന് പ്രതിഷ്ഠിച്ചു. ഇതിന്റെ ഓർമ്മായ്ക്കായി വർഷംതോറും മുറതെറ്റാതെ ഈ തിരുനാൾ യഹൂദർ ആഘോഷിച്ചുപോന്നു. ഈ തിരുനാളിൽ പങ്കെടുക്കുവാൻ വന്ന യേശുവിനോട് യഹൂദർ ചോദിച്ചു: നീ ഞങ്ങളെ എത്രനാൾ ഇങ്ങനെ സന്നിഗ്ധാവസ്ഥയിൽ നിർത്തും? നീ ക്രിസ്തുവാണെങ്കിൽ വ്യക്തമായി ഞങ്ങളോടു പറയുക (യോഹ 10:24). ഈ ചോദ്യത്തിനുള്ള യേശുവിന്റെ മറുപടിയുടെ രണ്ടാം ഭാഗമാണ് ഇന്നിന്റെ സുവിശേഷം. ആദ്യഭാഗത്തിൽ യേശു അസന്നിഗ്ദ്ധമായി പറയുന്നു: ഞാൻ ക്രിസ്തുവാണെന്ന് പറഞ്ഞു. എന്നാൽ നിങ്ങൾ വിശ്വസിക്കുന്നില്ല. കാരണം നിങ്ങൾ എന്റെ ആടുകളിൽപ്പെടുന്നവരല്ല (യോഹ 10:25-26). രണ്ടാം ഭാഗത്ത് യേശുവിന്റെ ആടുകൾ ആരാണെന്നും യേശുവും പിതാവും തമ്മിലുള്ള ബന്ധം എന്താണെന്നും വ്യക്തമാക്കുന്നു.

ചെവിയുണ്ടായിട്ടും കേൾക്കാതെ വരുമ്പോൾ ദൈവത്തിന്റെ വിലാപത്തിന് ഉത്തരം കൊടുക്കേണ്ടി വരും (എശയ്യ 43:8). ദൈവത്തെ കേൾക്കാത്തവർ ജലപ്രളയത്താലും, സ്വർഗ്ഗത്തിൽ നിന്നിറങ്ങിയ അഗ്നിയാലും നശിച്ചു പോയി. ദൈവത്തിന്റെ രക്ഷകരമായ സ്വരം ശ്രവിച്ച്, അവനെ അനുഗമിക്കാം. അപ്പോൾ നമ്മൾ അവന്റെ വലത്തുഭാഗത്തുള്ള കുഞ്ഞാടായി മാറും.

## യേശുവിന്റെ കുഞ്ഞാടായിരിക്കാം

അനേകം സ്വരങ്ങൾ ഈ ലോകത്തെ പ്രകമ്പനം കൊള്ളിക്കുമ്പോൾ രക്ഷിക്കാൻ കഴിയുന്ന ഏകസ്വരത്തെ തിരിച്ചറിയുന്ന കുഞ്ഞാട് ഭാഗ്യമുള്ളതാണ്. ഈ സ്വരം മനുഷ്യന്റേതല്ല, ആദിയിൽ മുഴങ്ങിയ ദൈവത്തിന്റെ സ്വരമാണ്. ഉണ്ടാകട്ടെയെന്ന സ്വരത്തിലൂടെ സർവ്വവും ഉണ്ടായി (ഉല്പത്തി 1:3-31). ആദിയിൽ മുഴങ്ങിയ അത്ഭുതസ്വരം തന്നെയാണ് യേശുവിന്റെ സ്വരവും. കാരണം യേശുവും പിതാവും ഒന്നാണ് (യോഹ 10:30). മരിച്ച് ശരീരം അഴുകാറായ ലാസറിനെ ജീവനിലേക്ക് തിരികെ കൊണ്ടുവരുവാൻ യേശുവിന് സാധിച്ചത് ഈ അത്ഭുത സ്വരത്തിന്റെ ശക്തിയാലാണ്. തലീത്താ കും എന്ന് പറഞ്ഞപ്പോൾ മരിച്ച ബാലിക എഴുന്നേറ്റതും എഫാത്തയെന്ന് പറഞ്ഞപ്പോൾ ബധിരനും മൂകനുമായവന്റെ ചെവികൾ തുറക്കപ്പെട്ടതും നാവിലെ കെട്ട് അഴിഞ്ഞതും ശുദ്ധിയുണ്ടാവട്ടെ എന്ന് പറഞ്ഞപ്പോൾ കുഷ്ഠരോഗിക്ക് സൗഖ്യം ലഭിച്ചതും ഈ അത്ഭുതസ്വരത്തിന്റെ ശക്തിയാലാണ്. യേശുവാകുന്ന ഇടയന്റെ അത്ഭുതസ്വരം ശ്രവിക്കുന്ന കുഞ്ഞാടുകൾ സന്തോഷത്തിന്റെ സമൃദ്ധിയിലേക്ക് നയിക്കപ്പെടും.

യേശുവിന്റെ കുഞ്ഞാടായിരിക്കണമെങ്കിൽ യേശുവിന്റെ സ്വരം ശ്രവിച്ച് യേശുവിനെ അനുഗമിക്കണം. പാലസ്തീനായിൽ നല്ല മേച്ചിൽപുറങ്ങൾ തേടി മൂന്നും നാലും ഇടയന്മാർ ഒരുമിച്ചാണ് തങ്ങളുടെ ആടുകളെയും കൊണ്ട് പോകുന്നത്. തിരിച്ച് ആലയിലേക്ക് വരുമ്പോൾ ഓരോ ഇടയനും തങ്ങളുടെ ആടുകളെ അവയ്ക്കുമാത്രം മനസ്സിലാക്കുന്ന സ്വരമുണ്ടാക്കി കൂട്ടത്തിൽ നിന്നും വേർതിരിക്കും. ഇടയന്റെ സ്വരം തിരിച്ചറിയുന്ന ആട്ടിൻകൂട്ടം ഇടയനെ അനുഗമിക്കും. ഇടയനല്ലാത്തവൻ വിളിച്ചാൽ ആടുകൾ അവനെ അനുഗമിക്കുകയില്ല. ഒരിക്കൽ ഒരാടിനെ മോഷ്ടിച്ചുവെന്ന കാരണത്താൽ ഒരു ചെറുപ്പക്കാരനെ ഓസ്ട്രേലിയൻ പോലീസ് അറസ്റ്റു ചെയ്തു. അയാൾ വാദിച്ചു, വളരെ നാളുകൾക്ക് മുമ്പ് നഷ്ടപ്പെട്ട തന്റെ ആടു തന്നെയാണിതെന്ന്. തർക്കം കോടതിയിലെത്തി. ന്യായാധിപന് വിധി പ്രസ്താവിക്കാൻ കഴിയാതെ വന്നപ്പോൾ ആടിനെ കോടതി മുറിയിൽ ഹാജരാക്കാൻ കല്പിച്ചു. കേസ് നല്കിയ വ്യക്തിയോട് ആടിനെ പേര് ചൊല്ലി വിളിക്കാൻ ന്യായാധിപൻ ആവശ്യപ്പെട്ടു. അവൻ വിളിച്ചു. എന്നാൽ ആട് വിളി കേട്ടില്ല. അറസ്റ്റ് ചെയ്യപ്പെട്ട യുവാവ് പേര് ചൊല്ലി വിളിച്ചപ്പോൾ ആട് അയാളുടെ അടുത്തേക്ക് ഓടി വന്നു. പുഞ്ചിരിച്ച് കൊണ്ട് ന്യായാധിപൻ പറഞ്ഞു. ആടിന് ഇടയനെ അറിയാം.. ഇടയന്റെ സ്വരം തിരിച്ചറിഞ്ഞ് ഇടയനെ അനുഗമിക്കുന്ന ആട് സുരക്ഷിത സ്ഥലങ്ങളിലേക്ക് നയിക്കപ്പെടുന്നു.

ഇടയനെ ആടുകൾ നിർബന്ധമായും അനുഗമിക്കണം. മൃഗങ്ങളിൽ കാഴ്ചശക്തി ഏറ്റവും കുറഞ്ഞ ജീവികളിലൊന്നാണ് ആട്. ഏതാനും മീറ്ററുകൾ മാത്രമേ അവയ്ക്കു വ്യ

ക്തമായി കാണാനാവൂ. അതുകൊണ്ട് ഇടയൻ ആടുകളുടെ കണ്ണാണ്. വേഗത്തിൽ വൈദഗ്ധ്യമില്ലാത്തതും, ശരീരഭാരത്തിനൊത്തവണ്ണം കാലുകളില്ലാത്തതും, മറ്റു മൃഗങ്ങൾക്കുള്ള ബലമില്ലായ്മയും ഇടയനെ ആശ്രയിക്കാൻ ആടുകളെ പ്രേരിപ്പിക്കുന്നു. അതുകൊണ്ട് ആപത്ഘട്ടങ്ങളിൽ രക്ഷകൻ ഇടയനാണ്. ഇടയൻ ആടുകൾക്ക് കണ്ണും, ബലവും, നല്ല മേച്ചിൽ സ്ഥലങ്ങൾ കാണിക്കുന്നവനുമാണ്. കണ്ടതെല്ലാം തിന്ന് വയറു സ്തംഭിച്ച് മരണം സംഭവിക്കാതിരിക്കാൻ പച്ചയായ പുൽപ്പുറങ്ങളിലും, നിശ്ചലമായ നീർച്ചോലകളിലേക്കും നയിക്കുന്ന ഇടയനെ കൂടാതെ ആടുകൾക്ക് ജീവിക്കാനാവുകയില്ല. ആടുകൾക്കുവേണ്ടി ജീവൻ നല്കുന്ന നല്ല ഇടയന്റെ കുഞ്ഞാടായിരിക്കുന്നതിൽ നമുക്ക് അഭിമാനിക്കാം.

### യേശു നല്കുന്ന സമ്മാനം

യേശുവിനെ അറിഞ്ഞ്, അവിടത്തെ സ്വരം ശ്രവിച്ച്, അവിടത്തെ അനുഗമിക്കുന്ന വ്യക്തിക്ക് യേശു നല്കുന്ന സമ്മാനം നിത്യജീവനാണ്. ഇപ്പോഴത്തെ നമ്മുടെ ജീവിതത്തിനപ്പുറം വ്യാപിച്ചു കിടക്കുന്ന ദു:ഖമോ, വിലാപമോ, മരണമോ ഇല്ലാത്ത, അവസാനിക്കാത്ത സന്തോഷവും, സമാധാനവും, സമ്പൂർണ്ണ സ്നേഹവുമുള്ള നിത്യപ്രകാശത്താൽ പൂരിതമായ ജീവിതമാണ് നിത്യജീവൻ. പിതാവായ ദൈവത്തോടു നിത്യകാലം വസിക്കാനുള്ള ജീവിതമാണ് യേശു നല്കുന്ന സമ്മാനം. മരണം സർവത്തിന്റെയും അന്ത്യമാണെന്ന ചിന്തയാണ് നമ്മെ സംഭ്രാന്തരും ഭയചകിതരുമാക്കി തീർക്കുന്നത്. ഇപ്രകാരമുള്ള ചിന്ത ദൈവത്തിന്റെ അസ്തിത്വത്തെ പോലും ചോദ്യം ചെയ്യും. മരണം സർവ്വത്തിന്റെയും അവസാനമല്ലായെന്ന് യേശു തന്റെ ഉത്ഥാനത്തിലൂടെ തെളിയിച്ചു. മരണത്തെ ജയിച്ച് നമുക്ക് ഉത്ഥാനത്തിന്റെ വാതിൽ തുറന്നത് യേശുവാണ്. യേശു ഉയിർത്തതിനാൽ നമ്മളും ഉയിർക്കും. അതുകൊണ്ട് മരണത്തിന് മനുഷ്യന്റെ ഭാവിയുടെ മേൽ അവസാന വാക്കില്ല. ദൈവം മനുഷ്യനുവേണ്ടി ഒരുക്കിയിരിക്കുന്നത് സീമകളില്ലാത്ത ഒരു ജീവിതത്തിലേക്കാണ്. അതിന്റെ അടിസ്ഥാനവും പൂർത്തികരണവും ദൈവത്തിലാണ്. മരണമെന്ന സുനിശ്ചിതമായ വസ്തുത നമ്മെ ദു:ഖിതരാക്കുമ്പോൾ അമർത്ത്യതയുടെ വാഗ്ദാനം നമ്മെ സന്തുഷ്ടരാക്കുന്നു. സ്വർഗ്ഗം നമ്മുടെ അനുഗ്രഹീത മാതൃഭൂമിയാണ്. നാം അവിടത്തെ പൗരന്മാരാണ്. ഈ ലോകമാകുന്ന വാടകവീട്ടിൽ നിന്ന് മരണത്തിലൂടെ നിത്യജീവിതത്തിലേക്കുള്ള വാതിൽ തുറക്കുന്നത് ദൈവമാണ്. യേശുവിന്റെ സമ്മാനമായ നിത്യജീവൻ സ്വന്തമാക്കാൻ യേശുവിനെ അനുഗമിക്കാം.

### കോലാടുകളാകാതെ കുഞ്ഞാടുകളാകാം

യേശു തന്റെ സമ്മാനമായ നിത്യജീവൻ നല്കുന്നത് വലത്തുഭാഗത്തു നില്ക്കുന്ന കുഞ്ഞാടുകൾക്കാണ്. കാരണം അവർ യേശുവിന്റെ സ്വരം ശ്രവിച്ച് എളിയ സഹോദരർക്ക് ആവശ്യമായ കാരുണ്യപ്രവൃത്തികൾ ചെയ്തപ്പോൾ ദൈവം സ്വർഗ്ഗത്തിലേക്കുള്ള വാതിൽ ഇങ്ങനെ പറഞ്ഞുകൊണ്ട് തുറന്നുകൊടുത്തു: എന്റെ പിതാവിനാൽ അനുഗ്രഹിക്കപ്പെട്ടവരേ, വരുവിൻ, ലോകസ്ഥാപനം മുതൽ നിങ്ങൾക്കായി സജ്ജമാക്കിയിരി ക്കുന്ന രാജ്യം അവകാശപ്പെടുത്തുവിൻ . നമ്മുടെ ഏറ്റവും എളിയ സഹോദരീസഹോദരന്മാർക്കുവേണ്ടി നമ്മുടെ ജീവിതങ്ങളുടെയും ഹൃദയങ്ങളുടെയും വാതിൽ തുറന്നിടുകയാണെങ്കിൽ, അപ്പോൾ നമ്മുടെ തന്നെ മരണം പോലും നമ്മെ സ്വർഗ്ഗത്തിലേക്ക്, അനുഗ്രഹിക്കപ്പെട്ട മാതൃഭൂമിയിലേക്ക് പ്രവേശിപ്പിക്കുന്ന ഒരു വാതായനമായി ഭവിക്കും . തിന്മകൾ ഉപേക്ഷിച്ചില്ലെങ്കിൽ നമ്മൾ കോലാടുകളായി തീരും. അപ്പോൾ നിത്യശിക്ഷയുടെ സ്ഥലമായ നിത്യാഗ്നിയിലേക്ക് നമ്മളെ വലിച്ചെറിയപ്പെടും.

ചെവിയുണ്ടായിട്ടും കേൾക്കാതെ വരുമ്പോൾ ദൈവത്തിന്റെ വിലാപത്തിന് ഉത്തരം കൊടുക്കേണ്ടി വരും (എശയ്യ 43:8). ദൈവത്തെ കേൾക്കാത്തവർ ജലപ്രളയത്താലും, സ്വർഗ്ഗത്തിൽ നിന്നിറങ്ങിയ അഗ്നിയാലും നശിച്ചു പോയി. ദൈവത്തിന്റെ രക്ഷകരമായ സ്വരം ശ്രവിച്ച്, അവനെ അനുഗമിക്കാം. അപ്പോൾ നമ്മൾ അവന്റെ വലത്തുഭാഗത്തുള്ള കുഞ്ഞാടായി മാറും. അതിലൂടെ നമ്മൾ നിത്യജീവിതമെന്ന സമ്മാനത്തിനർഹരായി മാറും. ■

# സ്നേഹത്തിന്റെ പുതുമ

**ഈസ്റ്റർ 5-ാം ഞായർ (മെയ് 15)** അപ്പ. 14: 21-27 വെളി. 21: 1-5, യോഹ. 13: 31-35

**ഫാ. പ്രബൽ**

ഇന്നത്തെ വായനകൾ പുതിയതിനെക്കുറിച്ചാണ്; നവീകരണത്തിന്റെ പുതുമയാണ് നമ്മോട് സംവദിക്കുക. വിജാതീയർക്കുള്ള സത്യവിശ്വാസത്തിന്റെ പുതിയ വാതിൽ (അപ്പ. 14:27), പുതിയ ആകാശവും പുതിയ ഭൂമിയും (വെളി 21:1), സ്നേഹത്തിന്റെ പുതിയ കല്പന (യോഹ. 13.34).

വൈവാഹിക പ്രശ്നങ്ങളുമായി മെഡിറ്റേഷൻ കോഴ്സിന് എത്തിയ ദമ്പതിമാരുടെ പ്രധാന ആവശ്യം തങ്ങൾ തമ്മിലുള്ള വഴക്കുതീർക്കുവാനുള്ള വഴിയാണ്. കോഴ്സ് നടത്തുന്ന ഗൈഡ് ഉത്തരം നൽകി, കോഴ്സ് കഴിഞ്ഞുപോകുമ്പോൾ നിങ്ങളുടെ വഴക്കുതീർക്കുന്ന മരുന്നും തന്നെ അയക്കൂ. ദമ്പതിമാർക്ക് സന്തോഷമായി. കോഴ്സ് കഴിഞ്ഞു പിരിയുമ്പോൾ മരുന്നിന്റെ കാര്യം ഓർമ്മിപ്പിച്ചു. ഗൈഡ് ബോർഡിൽ കുറിച്ചു. 1 കോറി 13.4 -7.

"സ്നേഹം ദീർഘക്ഷമയും ദയയുമുള്ളതാണ്. സ്നേഹം അസൂയപ്പെടുന്നില്ല. ആത്മപ്രശംസ ചെയ്യുന്നില്ല, അഹങ്കരിക്കുന്നില്ല. സ്നേഹം അനുചിതമായി പെരുമാറുന്നില്ല, സ്വാർത്ഥം അന്വേഷിക്കുന്നില്ല, കോപിക്കുന്നില്ല, വിദ്വേഷം പുലർത്തുന്നില്ല. അത് അനീതിയിൽ സന്തോഷിക്കുന്നി

ല്ല, സത്യത്തിൽ ആഹ്ലാദം കൊള്ളുന്നു. സ്നേഹം സകലതും സഹിക്കുന്നു; സകലതും വിശ്വസിക്കുന്നു; സകലതും പ്രത്യാശിക്കുന്നു; സകലത്തെയും അതിജീവിക്കുന്നു."

ക്രിസ്ത്യാനിയുടെ ഐഡന്റിറ്റിയാണ് സ്നേഹം

ക്രിസ്ത്യാനിയുടെ യൂണിഫോമാണ് സ്നേഹം

ക്രിസ്ത്യാനിയുടെ ശീലമാണ് സ്നേഹം

ക്രിസ്ത്യാനിയുടെ ശ്വാസമാണ് സ്നേഹം.

പത്രോസും യൂദാസും ഒരേ വണ്ടിയിൽ യാത്ര ചെയ്യുന്നവരായിട്ടും വിരുദ്ധ ധ്രുവങ്ങളിൽ എത്തിയതിന്റെ ഉത്തരമാണ് സുവിശേഷം നൽകുക (യോഹ. 13:31-36). യേശു സ്നേഹത്തെക്കുറിച്ച് സംസാരിക്കുമ്പോൾ യൂദാസ് പുറത്തും (യോഹ. 13:31), പത്രോസ് അകത്തുമായിരുന്നു (യോഹ. 13:36). സ്നഹത്തിന്റെ കല്പന യൂദാസ് കേട്ടിരുന്നുവെങ്കിൽ ഒരു പക്ഷെ യൂദാസിന് ഗുരുദ്രോഹി എന്ന പേര് ലഭിക്കില്ലായിരുന്നു. സുവിശേഷത്തിൽ സ്നേഹത്തെക്കുറിച്ച് യേശു പഠിപ്പിച്ചപ്പോഴൊക്കെ യൂദാസ് പുറത്തായിരുന്നു; പലപ്പോഴും ശരീരം സന്നിഹിതമായിരുന്നിരിക്കാം.

സ്നേഹിക്കുക എന്നത് യേശു നൽകിയ, നിർദ്ദേശമല്ല, ഉപദേശമല്ല, അപേക്ഷയുമല്ല – മറിച്ച് നിയമമാണത്. യേശുക്രിസ്തു തന്റെ ശിഷ്യർക്കു നൽകിയ വിൽപ്പത്രമാണ്. പരസ്നേഹ പ്രവർത്തി. ക്രിസ്തുശിഷ്യനാകുവാനുള്ള യോഗ്യതയാണ് പരസ്നേഹ പ്രവർത്തി. ക്രിസ്തുശിഷ്യനാകുവാനുള്ള യോഗ്യതയാണ് പരസ്നേഹം. ക്രിസ്തു നമുക്ക് നൽകിയ വിൽപത്രത്തിൽ മായം ചേർക്കാൻ പാടില്ല. മായം ചേർത്ത അവസരങ്ങളുണ്ടായിട്ടുണ്ടോ എന്നുള്ള ആത്മശോധന ആത്മീയ വിശുദ്ധീകരണത്തിലേക്ക് നയിക്കും.

നമ്മുടെ കൈവശമുള്ള ചില കാര്യങ്ങൾ നാം വിട്ടുകൊടുത്താൽ അവയെ തിരികെ എടുക്കുവാൻ നാം ഉദ്ദേശിക്കുന്നില്ല. നാം ശ്വസിക്കുന്ന വായുവാണ് അത്തരത്തിലുള്ള ഒരു കാര്യം. നാം ശ്വസിക്കുന്ന വായു കാർബൺഡൈയോക്സൈഡ് ആയി മാറിക്കഴിഞ്ഞ് അത് വീണ്ടും ശ്വസിച്ചാൽ നമുക്ക് വിഷമായി മാറും. മറ്റൊരു കാര്യം സ്നേഹമാണ്. ഒരു ഹൃദയത്തിൽ നിന്ന് മറ്റൊരു ഹൃദയത്തിലേക്ക് സ്നേഹം നിശ്വസിക്കുമ്പോൾ അത് ഒരിക്കലും തിരികെ എടുക്കുവാൻ ഉദ്ദേശിച്ചുകൊണ്ടല്ല. അത് തിരികെ എടുക്കാൻ ശ്രമിച്ചാൽ അത് നമ്മെ ശ്വാസം മുട്ടിക്കുകയും വിഷലിപ്തമാക്കുകയും ചെയ്യും.

യൂദാസിന്റെ പ്രവർത്തി കരുതിക്കൂട്ടിയുള്ളതായിരുന്നു; പത്രോസിന്റേതാകട്ടെ സാഹചര്യങ്ങളുടെ സമ്മർദ്ധത്തിൽ സംഭവിച്ചതും ഒരുവൻ സ്നേഹവലയത്തിനു പുറത്തും മറ്റേയാൾ അകത്തും. യൂദാസും പത്രോസും സാധ്യതകളാണ് – സ്നേഹം വെറുപ്പായും, വിശുദ്ധി അഹങ്കാരമായും, ആത്മനിയന്ത്രണം ക്രൂരതയായും, കരുണ സ്വാർത്ഥതയായും മാറ്റപ്പെടുവാനുള്ള – സാധ്യത തിരിച്ചും. ■

# സ്വയം നൽകലിലൂടെ അപരനിലെത്തുക

**ഈസ്റ്റർ 6-ാം ഞായർ (മെയ് 22)** അപ്പ. 15: 1, 2. 22-29. വെളി. 21: 10-14, യോഹ. 14: 23-29

നമ്മിൽ കുടികൊള്ളുന്ന ദൈവസ്നേഹം പ്രതിഫലിഷിക്കുവാൻ ഇന്നത്തെ സുവിശേഷം നമ്മെ ഓർമ്മപ്പെടുത്തുന്നത് ഇപ്രകാരമാണ്: ഒന്ന്, നിസ്വാർഥ സേവനത്തിലൂടെയും സ്വയം നല്കലിലൂടെയും അപരനിലേക്ക് എത്തുക. രണ്ട്, ദൈവസ്നേഹത്തിൽ നിറയുവാൻ യേശുവുമായി ഗാഢബന്ധത്തിൽ ആയിരിക്കുക. സഹോദരബന്ധവും ദൈവവുമായുള്ള ഐക്യവും ആണ് വിശ്വാസ സമൂഹത്തെ വളർത്തുന്നത്.

**ഫാ. ലോറൻസ് കുലാസ്**

ഫ്രാൻസിസ് അസീസി മനുഷ്യരിലെ ദൈവസാന്നിധ്യം എടുത്തുകാട്ടുന്നതിൽ തീക്ഷണതയുള്ള ഒരു വിശുദ്ധനായിരുന്നുവല്ലോ? എല്ലാ മനുഷ്യരിലും ഈശ്വരസാന്നിധ്യം ഉണ്ട് എന്ന് പ്രഘോഷിച്ചിരുന്ന ഫ്രാൻസിസ് അസീസി ഒരു ദിവസം ദൈവത്തെ സ്നേഹിക്കാത്ത ഒരു മനുഷ്യനെ കണ്ടുമുട്ടാൻ ഇടയായി. ദൈവത്തെ സ്നേഹിക്കാത്ത ആ മനുഷ്യനുമായി സംവദിച്ച് മുന്നോട്ടുപോകുമ്പോൾ അവർ അന്ധനും തളർവാദരോഗിയുമായ ഒരു യാചകനെ കണ്ടു. ഫ്രാൻസിസ് ആ യാചകനോടു ചോദിച്ചു: ഞാൻ താങ്കളുടെ കണ്ണിന്റെ കാഴ്ച പുനഃസ്ഥാപിക്കുകയും തളർവാദം മാറ്റി തരുകയും ചെയ്താൽ താങ്കൾ എന്നെ സ്നേഹിക്കുമോ? ആ യാചകൻ വിശുദ്ധനോടു പറഞ്ഞു: ഞാൻ നിങ്ങളെ സ്നേഹിക്കുകമാത്രമല്ല; ഇനിയുള്ള ജീവിതകാലമത്രയും നിങ്ങളുടെ അടിമയായി ജീവിച്ചുകൊള്ളാം. ഇതുകേട്ടപ്പോൾ ദൈവത്തെ സ്നേഹിക്കാത്ത മനുഷ്യനോടു ഫ്രാൻസിസ് പറഞ്ഞു: നോക്കൂ, ഞാൻ ഈ മനുഷ്യനെ സുഖപ്പെടുത്തിയാൽ എന്നെ സ്നേഹിക്കുമെന്നാണ് അവൻ പറയുന്നത്. എന്നാൽ ശരിയായ കാഴ്ച നല്കി, നല്ല ആരോഗ്യവാനായി താങ്കളെ സൃഷ്ടിച്ച ദൈവത്തെ താങ്കൾ എന്തുകൊണ്ടു സ്നേഹിക്കുന്നില്ല? ഇതുകേട്ട ആ മനുഷ്യനിൽ മാനസാന്തരമുണ്ടായി; അവൻ ദൈവത്തിൽ വിശ്വസിക്കുന്നവനായി മാറി.

ഫ്രാൻസിസ് അസീസിയുടെ ജീവിതത്തിലുണ്ടായ ഈ അനുഭവോദാഹരണം ദൈവം നമ്മെ എത്രമാത്രം സ്നേഹിക്കുന്നുവെന്ന് പഠിപ്പിക്കുന്നു. എന്നാൽ ഇന്നത്തെ സുവിശേഷത്തിൽ യേശു പഠിപ്പിക്കുന്നത് നമ്മെ സ്നേഹിക്കുന്ന ദൈവത്തെ നമുക്ക് എപ്രകാരം സ്നേഹിക്കാനാകുമെന്ന വിഷയമാണ്. ഈ വിഷയം സുവിശേ

ഷത്തിന്റെ ആദ്യ വാക്യത്തിൽ പ്രകടമാണ്: “എന്നെ സ്നേഹിക്കുന്നവൻ എന്റെ വചനം പാലിക്കും” (14:23). ദൈവത്തെ നാം സ്നേഹിക്കുന്നുവെന്നതിന് തെളിവായി രണ്ട് ഉപദേശങ്ങളാണ് യേശു നമുക്ക് നല്കുന്നത്.

ഒന്ന്, യേശുവിനെ സ്നേഹിക്കുക. എപ്രകാരമാണ് നമുക്ക് യേശുവിനെ സ്നേഹിക്കുവാൻ കഴിയുന്നത്? നാലാം സുവിശേഷത്തിൽ തന്നെ ഈയൊരു ചോദ്യത്തിന് വ്യക്തമായ ഉത്തരം സുവിശേഷകൻ നല്കുന്നുണ്ട്: “നിങ്ങൾ എന്റെ കല്പനകൾ പാലിച്ചാൽ എന്റെ സ്നേഹത്തിൽ നിലനില്ക്കും” (15:10). ആകയാൽ, യേശുവിന്റെ കല്പനകൾ അനുസരിക്കുന്നതിലൂടെയാണ് നമുക്ക് യേശുവിനെ സ്നേഹിക്കുവാൻ കഴിയുന്നത്. നാലാം സുവിശേഷകൻ രേഖപ്പെടുത്തുന്നപ്രകാരം രണ്ട് കല്പനകളാണ് യേശു നല്കുന്നത്. ഒന്ന്, യേശു ശിഷ്യരുടെ പാദം കഴുകുന്ന അവസരത്തിൽ നല്കുന്നത്: “ഞാൻ നിങ്ങളുടെ പാദങ്ങൾ കഴുകിയെങ്കിൽ നിങ്ങളും പരസ്പരം പാദങ്ങൾ കഴുകണം” (13:14). നിസ്വാർഥ സേവനത്തിന്റെ (selfless service) അർത്ഥമാണ് ഈ കല്പനയിലൂടെ നല്കപ്പെടുന്നത്. രണ്ട്, പാദം കഴുകലിന് ശേഷമുള്ള സുദീർഘമായ വിടവാങ്ങൽ പ്രസംഗത്തിൽ യേശു നല്കുന്ന കല്പന: “ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കണം” (15:12). ആത്മസമാധനത്തിന്റെ (self-giving) മഹത്തായ അടയാളപ്പെടുത്തലാണ് ഈ കല്പനയിലുള്ളത്.

ദൈവത്തെ നാം സ്നേഹിക്കുന്നുവെന്നതിന് രണ്ടാമതായി നല്കപ്പെടുന്നത് യേശുവിന്റെ വചനം പാലിക്കുക എന്നതാണ്. യേശുവിന്റെ വചനം പാലിക്കണമെങ്കിൽ എന്താണ് വചനമെന്ന് മനസിലാക്കേണ്ടതുണ്ട്. സുവിശേഷകൻ തന്നെ വചനത്തിന്റെ നിർവ്വചനം ഇപ്രകാരം നല്കുന്നു: “ആദിയിൽ വചനമുണ്ടായിരുന്നു. വചനം ദൈവത്തോടുകൂടെയായിരുന്നു. വചനം ദൈവമായിരുന്നു . . . വചനം മാംസമായി” (1:1,14). സുവിശേഷകന്റെ നിർവ്വചനപ്രകാരം യേശു തന്നെയാണ് വചനം. ഈ വചനം അനന്തമാണ് (eternal). ദൈവത്തോടു കൂടെയാണ് (with God); ദൈവമാണ് (God); നമ്മോടു കൂടെയാണ് (among us). അപ്രകാരം അനന്തവും ദൈവവും നമ്മോടൊപ്പവും ആയിരിക്കുന്ന വചനമായ യേശുവിനെയാണ് നാം പാലിക്കേണ്ടത്. നാം സ്നേഹിക്കുന്ന ഒരു വ്യക്തിയെ പാലിക്കുകയെന്നാൽ അർത്ഥമാക്കുന്നത് നാം ആ വ്യക്തിയുമായി ഒരു ഹൃദയബന്ധത്തിൽ ആയിരിക്കുക എന്നതാണ്. അപ്രകാരം യേശുവിന്റെ വചനം പാലിക്കുകയെന്നാൽ യേശുവുമായി ഐക്യത്തിലായിരിക്കുക എന്നതാണ്. പിതാവും യേശുവും ഗാഢമായൊരു ബന്ധത്തിൽ ഐക്യപ്പെട്ടിരിക്കുന്നു. “വചനം ദൈവത്തോടുകൂടെയായിരുന്നു.” ഇതേ ഐക്യമാണ് യേശുവും നാമും തമ്മിലുണ്ടാകേണ്ടത്. ഇപ്രകാരമുള്ള ഗാഢബന്ധത്തിന്റെ ഉത്തമ ഉദാഹരണമാണ് അന്ത്യയത്താഴ വേളയിൽ യേശുവിന്റെ മാറിൽ തല ചായ്ച്ച് കിടന്ന ശിഷ്യനിലൂടെ സുവിശേഷകൻ നല്കുന്നത് (13:23).

നമ്മിൽ കുടികൊള്ളുന്ന ദൈവസ്നേഹം പ്രതിഫലിപ്പിക്കുവാൻ ഇന്നത്തെ സുവിശേഷം നമ്മെ ഓർമ്മപ്പെടുത്തുന്നത് ഇപ്രകാരമാണ്: ഒന്ന്, നിസ്വാർഥ സേവനത്തിലൂടെയും സ്വയം നല്കലിലൂടെയും അപരനിലേക്ക് എത്തുക. രണ്ട്, ദൈവസ്നേഹത്തിൽ നിറയുവാൻ യേശുവുമായി ഗാഢബന്ധത്തിൽ ആയിരിക്കുക. സഹോദരബന്ധവും ദൈവവുമായുള്ള ഐക്യവും ആണ് വിശ്വാസസമൂഹത്തെ വളർത്തുന്നത്. “ഈ ലോകത്തോടു വിടപറയുമ്പോൾ നാം മറ്റുള്ളവരിൽ നിന്നും സ്വീകരിച്ചതൊന്നും കൊണ്ടുപോകുന്നില്ല. എന്നാൽ നാം മറ്റുള്ളവർക്ക് നല്കിയത് മാത്രമാണ് നമ്മോടൊപ്പം പോരുന്നത്” (വി. ഫ്രാൻസിസ് അസീസി). ■

# സ്വർഗത്തിലേക്കുള്ള വഴി

**സ്വർഗാരോഹണ തിരുനാൾ (മെയ് 29)** അപ്പ. 1: 1-11. ഹെബ്രാ. 9: 24-28. ലൂക്കാ. 24: 46-53

**ഫാ. സുധീഷ്**

യുഗാന്തം വരെ എന്നും ഞാൻ നിങ്ങളോടുകൂടെ ഉണ്ടായിരിക്കും.” (മത്തായി 28:20) സ്വർഗത്തിലേക്ക് അവൻ ആരോഹണം ചെയ്യപ്പെട്ടുവെങ്കിലും, ക്രിസ്തു ഒരു ആത്മമിത്രമായി എപ്പോഴും നമ്മോടുകൂടെയുണ്ട്. എല്ലാ സ്ഥലത്തും എല്ലാ സമയത്തും അവൻ നമ്മോടുകൂടെയുണ്ട്. പരിശുദ്ധാത്മാവിനെ നമ്മിലേക്ക് സന്നിവേശിപ്പിച്ച് രക്ഷയുടെ സുവിശേഷം പ്രഘോഷിക്കാനും ക്രിസ്തുവിന് സാക്ഷികളായി മാറാനും അവൻ നമ്മെ ക്ഷണിക്കുന്നു.

ക്രിസ്തുവിന്റെ ഉത്ഥാനത്തിന് 40 ദിവസങ്ങൾക്കുശേഷമാണ് അവൻ സ്വർഗത്തിലേക്ക് ആരോഹണം ചെയ്തത്. ലൂക്കാ സുവിശേഷവും അപ്പോസ്തല പ്രവർത്തനവും ഇത് വ്യക്തമാക്കുന്നു.

ക്രിസ്തു സ്വർഗാരോഹണത്തിന് മുൻപായി തന്റെ ശിഷ്യന്മാരെ ചില ദൗത്യങ്ങൾ ഏൽപ്പിക്കുന്നുണ്ട്. സ്വർഗാരോഹണത്തിന്റെ പ്രധാന സന്ദേശമെന്നത് ‘സുവിശേഷം പ്രഘോഷിക്കുക, ക്രിസ്തുവിന് സാക്ഷികളാകുക.” (1) പരിശുദ്ധാത്മാവ് വന്നുകഴിയുമ്പോൾ നിങ്ങൾ ശക്തിപ്രാപിക്കും ജറുസലെമിലും യൂദയാ മുഴുവനിലും സമരിയായിലും ഭൂമിയുടെ അതിർത്തികൾ വരെയും നിങ്ങൾ എനിക്ക് സാക്ഷികളായിരിക്കുകയും ചെയ്യും (അപ്പോ. 1:8). ’ആകയാൽ നിങ്ങൾ പോയി എല്ലാ ജനതകളെയും ശിഷ്യപ്പെടുത്തുവിൻ’ (മത്താ 28:19). നിങ്ങൾ ലോകമെങ്ങും പോയി എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ’ (മാർക്കോസ് 16:15). ക്രിസ്തുവിന്റെ ഈ അവസാന വാക്കുകളെല്ലാം സൂചിപ്പിക്കുന്നത് (1) അവർ മഹത്വത്തിലേക്ക് പ്രവേശിക്കുമ്പോൾ ശിഷ്യന്മാർക്കെല്ലാം ഒരു ദൗത്യം ഭരമേൽപ്പിക്കുന്നു (ii) ഈ ദൗത്യ നിർവഹണത്തിനായി ഒരു സഹായിയെ വാഗ്ദാനം ചെ

യ്യുന്നു.

സകലർക്കും വേണ്ടിയുള്ള രക്ഷയുടെ പൂർത്തീകരണമാണ് കർത്താവിന്റെ സ്വർഗാരോഹണം. അവനാണ് മിശിഹായെന്ന് ലോകം മുഴുവനേയും തന്റെ സ്വർഗാരോഹണത്തിലൂടെ അവൻ അറിയിച്ചു. മരണത്തെ അതിജീവിച്ച് മഹത്വത്തിലേക്ക് പ്രവേശിച്ച ക്രിസ്തു നമ്മെയും പാപത്തിൽ നിന്ന് മോചിപ്പിച്ച് നിത്യസമ്മാനം നമുക്കു നൽകുമെന്നുള്ള പ്രത്യാശയാണ് നൽകുക.

## ക്രിസ്തുവിന്റെ സുവിശേഷകരാവുക

സർവ ജീവജാലങ്ങൾക്കുമായിട്ടുള്ള ദൗത്യമാണ് ക്രിസ്തു തന്റെ ശിഷ്യർക്ക് നൽകിയത്. ഈ ക്രിസ്തുദൗത്യത്തിൽ പങ്കുകാരാകുന്നവർ വെറും വാക്കുകൊണ്ടല്ല, ജീവിതം കൊണ്ട് സുവിശേഷം പ്രഘോഷിക്കാനാണ് ക്രിസ്തു ആവശ്യപ്പെടുന്നത്. ഈ സുവിശേഷം എല്ലാവരിലും എത്തിക്കാനാണ് ക്രിസ്തു ആഹ്വാനം ചെയ്യുന്നത്. ആരെയും ഒഴിവാക്കുന്നില്ല. എല്ലാവരെയും ഉൾക്കൊള്ളുന്ന ഒരു സുവിശേഷ സഞ്ചാരത്തിലേക്കാണ് നാം നീങ്ങേണ്ടതെന്നും ഓർമ്മിപ്പിക്കുന്നു. മാനുഷിക ശക്തികൊണ്ടോ, കഴിവുകൊണ്ടോ ഈ ദൗത്യം അതിന്റെ പൂർണതയിൽ നിർവഹിക്കാൻ കഴിയില്ല. അതുകൊണ്ടാണ് ക്രിസ്തു ഒരു സഹായകനെ നൽകുന്നത്. ആ സഹായകൻ ക്രിസ്തു സുവിശേഷം പ്രഘോഷിക്കാൻ തീർച്ചയായും നമ്മെ ശക്തിപ്പെടുത്തും.

## ആരോഹണം ചെയ്ത ക്രിസ്തുവിന്റെ സാന്നിധ്യം

ക്രിസ്തുവിനെ കണ്ട ശിഷ്യന്മാർ അത്യന്തം ആനന്ദത്തോടെ ജറുസലേമിലേക്ക് മടങ്ങിയെന്ന് (ലൂക്ക. 24:52) ലൂക്കാ സുവിശേഷകൻ രേഖപ്പെടുത്തുന്നുണ്ട്. അവർ ദുഃഖത്തിലായിരുന്നു. എന്നാൽ അവർ ക്രിസ്തുവിന്റെ സ്വർഗാരോഹണത്തിന് സാക്ഷികളായപ്പോൾ, അവന്റെ സാമീപ്യവും അനുഗ്രഹവും ലഭിച്ചപ്പോൾ ആ ദുഃഖം സന്തോഷമായി മാറി. തങ്ങളുടെ വേദനയിലും ദുഃഖത്തിലും അവർ ക്രിസ്തുവിന്റെ സാന്നിധ്യം അനുഭവിച്ചു. ഇനി അവൻ എന്നും കൂടെയുണ്ടാകും, തങ്ങളെ ധൈര്യപ്പെടുത്തും എന്ന പ്രത്യാശ അവരെ ആനന്ദിപ്പിച്ചു. വി. അഗസ്റ്റിന്റെ വാക്കുകളിൽ പറഞ്ഞാൽ "ക്രിസ്തു സ്വർഗത്തിലേക്ക് ആരോഹണം ചെയ്തു. പക്ഷേ, അവനിപ്പോഴും ഭൂമിയിൽ മനുഷ്യന്റെ വേദനകൾ ഏറ്റെടുക്കുന്നു. ' സാവൂൾ, സാവൂൾ നീ എന്തിന് എന്നെ പീഡിപ്പിക്കുന്നു.' എന്ന ക്രിസ്തുവിന്റെ ചോദ്യം ഇത് വ്യക്തമാക്കുന്നു. സ്വർഗത്തിലായിരിക്കുമ്പോൾ അവൻ നമ്മോടൊപ്പമുണ്ട്. ഭൂമിയിലായിരിക്കുമ്പോൾ നാം അവനോടൊപ്പവും. ക്രിസ്തുവിന്റെ സ്നേഹത്താലും, ശക്തിയാലും ദൈവീകതയാലും അവൻ നമ്മോടുകൂടെയുണ്ട്. അവൻ നമ്മോടൊത്ത് വസിക്കുന്നുമുണ്ട്.

## നമ്മുടെ ദൗത്യം

വിശ്വാസത്തിന്റെയും, പ്രത്യാശയുടെയും, ക്ഷമയുടെയും കാരുണ്യത്തിന്റെയും രക്ഷയുടെയും സ്നേഹത്തിന്റെയും പാഠങ്ങൾ ക്രിസ്തു നമ്മെ പഠിപ്പിച്ചു. ഈ നല്ല പാഠങ്ങൾ പൂഴ്ത്തിവയ്ക്കാനോ മാറ്റി വയ്ക്കാനോ അല്ല ക്രിസ്തു നമ്മെ ഓർമിപ്പിക്കുന്നത്. മറിച്ച് അവ എല്ലാവർക്കുമായി പകർന്നുകൊടുക്കാനാണ്. ക്രിസ്തു പഠിപ്പിച്ച ഈ പാഠങ്ങൾ, വാക്കുകൾ ക്രിസ്തു സാന്നിധ്യമായി നിലകൊള്ളുന്നു. ദൈവസാന്നിധ്യം ഈ ലോകത്തെ അറിയിക്കുകയാണ് ക്രിസ്തു ശിഷ്യന്റെയും പ്രഥമ ലക്ഷ്യം. പക്ഷ, ക്രിസ്തുവിന്റെ വാക്കുകൾ കേൾക്കാനും അത് സ്വീകരിക്കാനും നാം ആദ്യം തയ്യാറാകണം. അഹന്തയും അഹങ്കാരവും ഉള്ളവർക്ക് ഒരിക്കലും ക്രിസ്തുവിന്റെ വാക്കുകൾ സ്വീകരിക്കുവാനുള്ള സന്നദ്ധതയുണ്ടായില്ല. എളിമയുടെ ഹൃദയവും പരിശുദ്ധാത്മാവ് നമ്മിൽ ഇറങ്ങി പ്രവർത്തിക്കാനുള്ള തുറവിയും കാണിച്ചാൽ മാത്രമേ ഇത് സാധ്യമാവുകയുള്ളൂ.

## ക്രിസ്തുവഴി സ്വർഗത്തിലേക്ക്

മനുഷ്യന് സ്വർഗത്തിന്റെ വഴികാണിക്കാൻ വന്നവനാണ് ക്രിസ്തു. 'ഞാനാണ് വഴിയും സത്യവും ജീവനും'. ക്രിസ്തു വഴിയാണ് ഇനി എല്ലാവരും പിതാവിന്റെ പക്കലെത്തുന്നത്. ക്രിസ്തു കടന്നുപോയ വഴിയേ നടന്നുനീങ്ങുന്നവർക്കാണ് സ്വർഗത്തിലെത്താൻ കഴിയുക. ഇനി എങ്ങനെ ജീവിക്കണമെന്നും ഏത് വഴിയേ നടക്കണമെന്നും തീരുമാനിക്കേണ്ടത് നാം ഓരോരുത്തരുമാണ് സ്നേഹത്തിന്റെ, ക്ഷമയുടെ, കരുണയുടെ, ലാളിത്യത്തിന്റെ വഴി നമുക്ക് സ്വീകരിക്കാം. ആർക്കും ഭാരമാകാതെ എല്ലാ ഭാരവും ചുമന്ന് ക്രിസ്തു കടന്നുപോയി. നമുക്ക് ഭാരങ്ങൾ ക്രിസ്തുവിന് മുന്നിൽ ഇറക്കിവയ്ക്കാം. സ്വർഗത്തിന്റെ വാതിൽ അവൻ നമുക്കായി തുറക്കും തീർച്ച.

സ്വർഗത്തിലെത്തുമ്പോൾ മൂന്നുകാര്യങ്ങൾ നമ്മെ അത്ഭുതപ്പെടുത്തിയേക്കാം എന്ന് ബിഷപ്പ് ഫുൾട്ടൺ ജെ. ഷീൻ പറയുന്നു.

(i) അവിടെ ഉണ്ടാകുമെന്ന് നാം കരുതുന്ന പലരും അവിടെ കാണുകയില്ല.

(ii) നാം പ്രതീക്ഷിക്കാത്ത പലരും അവിടെ ഉണ്ടായിരിക്കും.

(iii) ഞാനിവിടെ എങ്ങനെ എത്തി എന്ന് അമ്പരക്കും. ■

മനുഷ്യന് സ്വർഗത്തിന്റെ വഴികാണിക്കാൻ വന്നവനാണ് ക്രിസ്തു. 'ഞാനാണ് വഴിയും സത്യവും ജീവനും'. ക്രിസ്തു വഴിയാണ് ഇനി എല്ലാവരും പിതാവിന്റെ പക്കലെത്തുന്നത്. ക്രിസ്തു കടന്നുപോയ വഴിയേ നടന്നുനീങ്ങുന്നവർക്കാണ് സ്വർഗത്തിലെത്താൻ കഴിയുക. ഇനി എങ്ങനെ ജീവിക്കണമെന്നും ഏത് വഴിയേ നടക്കണമെന്നും തീരുമാനിക്കേണ്ടത് നാം ഓരോരുത്തരുമാണ്

## വചനജ്വാല

2022 മേയ് മാസം ബി.സി.സി. കൂട്ടായ്മകളിൽ ഉപയോഗിക്കാൻ തയ്യാറാക്കിയത്



# 'കൂട്ടായ്മ' അടിസ്ഥാന ക്രൈസ്തവ സമൂഹത്തിന്റെ ഉറവിടം

**ഫാ.സുരേഷ് പയസ്**
ബി.സി.സി. എക്സിക്യൂട്ടീവ് സെക്രട്ടറി

**1. പരിശുദ്ധാത്മാവിന്റെ ഗാനം**

**2. സ്വാഗതം: കുടുംബ നാഥൻ/നാഥ**

**3. യേശുവിനെ ക്ഷണിക്കൽ**

**4.ആമുഖം**

സ്വഭാവത്താലെ പ്രേഷിതയായ സഭ അവളുടെ ദിവ്യമണവാളനോട് ചേർന്ന് നില്ക്കുവാനും പ്രേഷിത ചൈതന്യം സ്വീകരിക്കുവാനും ആവശ്യമായ ശ്രദ്ധ വേണ്ടിടത്ത് രൂപപ്പെടുത്തുവാനുമുള്ള ഉൾവിളിയാണ് ഇവിടെ ക്രമീകരിക്കുന്നത്. കുടുംബത്തിൽ പക്വത പ്രാപിക്കുന്ന പ്രേഷിത പ്രവർത്തനത്തിന് മാത്രമേ ലോകത്തിൽ ക്രിയാത്മകമായി പ്രേഷിത പ്രവർത്തനം നിർവ്വഹിക്കാൻ കഴിയൂ. പതിനാറാമത് മെത്രാന്മാരുടെ സിനഡ് നമ്മുടെ പ്രേഷിത പ്രവർത്തനങ്ങൾക്ക് പുതിയൊരു ഉണർവ്വും, ഉന്മേഷവും, ഉത്സാഹവും നല്കുന്നു. നമുക്കൊരുമിച്ച് സഞ്ചരിക്കാം, പരസ്പരം ശ്രവിക്കാം.

**5. വചന ഗീതി**

**6. ദൈവ വചന പാരായണം:- 2 പത്രോസ് 1:3-8**

**7. വചന വിചിന്തനം**

ചരിത്രത്തിൽ പരിശുദ്ധാത്മാവ് സഭയെ നയിച്ച വഴികളിലേക്കൊരു തിരിഞ്ഞുനോട്ടം വഴി സഭാ ജീവിതത്തിൽ എല്ലാവരെയും ഉൾക്കൊള്ളുകയും കൂടുതൽ പങ്കാളിത്തം ഉറപ്പാക്കിക്കൊണ്ട് സുവിശേഷ പ്രഘോഷണത്തിൽ പങ്കാളിത്തശൈലിയിലുള്ള ഉത്തരവാദിത്വം നിറവേറ്റുവാൻ ഫ്രാൻസിസ് പാപ്പ നമ്മെ സിനഡാത്മക സഭയിലേക്കു ക്ഷണിച്ചിരിക്കുകയാണല്ലോ. സഭയുടെ ബലമാണ് ഒരുമിച്ചുള്ള യാത്ര. സിനഡാത്മകത എന്ന മുഖ്യപ്രമേയത്തെ ശ്രവണത്തിലൂടെയും വിവേ

ചനത്തിലൂടെയും കൂട്ടായ്മകളിൽ സാക്ഷാത്ക്കരിക്കാൻ പാപ്പ ആവശ്യപ്പെട്ടിരിക്കുന്നു.

"ഞങ്ങൾ കാണുകയും കേൾക്കുകയും ചെയ്തതു നിങ്ങളെയും ഞങ്ങൾ അറിയിക്കുന്നു. കൂട്ടായ്മയാകട്ടെ പിതാവിനോടും അവിടുത്തെ പുത്രനായ യേശുക്രിസ്തുവിനോടുമാണ്" (1 യോഹന്നാൻ 1:3). ദൈവവുമായുള്ള മനുഷ്യരുടെ ബന്ധം കൂട്ടായ്മയെ രൂപപ്പെടുത്തി നയിക്കുകയും വളർത്തുകയും ബലപ്പെടുത്തുകയും ചെയ്യുന്നു. "ചിന്തയാണ് എല്ലാ പ്രവൃത്തിയുടെയും ആരംഭം; എല്ലാ ഉദ്യമവും ആലോചനയുടെ തുടർച്ചയാണ്. ചിന്ത ഹൃദയത്തിൽ വേരൂന്നിയിരിക്കുന്നു. അതിനു നാലു ശാഖകളുണ്ട്, നന്മയും തിന്മയും ജീവനും മരണവും; നാവാണ് ഇവയുടെ നിയന്താവ്. (പ്രഭാഷകൻ 37:16-18). ബുദ്ധി കൊണ്ട് കൂട്ടായ്മയെ വളർത്തുക അപകടകരമാണ്, ഹൃദയം കൊണ്ട് അയൽക്കാരെ സ്നേഹിച്ചും, പരിചരിച്ചും, ശ്രവിച്ചും - നാവിനെ ചിന്തകളെ നിയന്ത്രിച്ചും അരൂപിയുടെ ചൈതന്യത്തിൽ കൂട്ടായ്മ രൂപപ്പെടുത്താം... പരദൂഷകനും ഏഷണിക്കാരനും ശപിക്കപ്പെട്ടവർ, സമാധാനത്തിൽ കഴിഞ്ഞിരുന്ന അനേകരെ അവർ നശിപ്പിച്ചിട്ടുണ്ട്. അപവാദം അനേകരെ തകർക്കുകയും, ദേശാന്തരങ്ങളിലേക്കു ചിതറിക്കുകയും ചെയ്തിട്ടുണ്ട്; അപവാദത്തിനു ചെവികൊടുക്കുന്നവൻ സ്വസ്ഥത അനുഭവിക്കുകയോ സമാധാനത്തിൽ കഴിയുകയോ ചെയ്യുകയില്ല. (പ്രഭാഷകൻ 28:13-15). കുടുംബകൂട്ടായ്മകളെ തകർക്കുന്ന ബാലിശവും മാനുഷികവുമായ പാപസാഹചര്യങ്ങളെ പ്രാർത്ഥനയുടെയും മനുഷ്യബന്ധങ്ങളുടെയും പിൻബലത്താൽ തച്ചുടച്ച് നമുക്കിടയിലുള്ള സാഹോദര്യത്വം ക്രിസ്തു അംഗീകരിക്കുന്ന വിധത്തിൽ രൂപപ്പെടുത്താം "ചിലർ സാധാരണമായി ചെയ്യാറുള്ളതുപോലെ നമ്മുടെ സഭായോഗങ്ങൾ നാം ഉപേക്ഷിക്കരുത്. ആ ദിനം അടുത്തുവരുന്നതു കാണുമ്പോൾ പരസ്പരം പ്രോത്സാഹിപ്പിക്കുകയാണ് ചെയ്യേണ്ടത്" (ഹെബ്രായർ 10:26). നാം നമ്മെത്തന്നെ അറിയുന്നത് കൂട്ടായ്മയിലൂടെയാണ്. നാം സാമൂഹിക ജീവികളാണ്. മറ്റുള്ളവരുമായി ബന്ധപ്പെട്ടു ഒരുമിച്ചു സഞ്ചരിക്കുമ്പോഴാണ് ജീവിതമാകുന്ന ബലി പൂർത്തീകരിക്കുവാനും പ്രയാസങ്ങളും വീഴ്ചകളും യാത്രകളെ തടസ്സപ്പെടുത്താതെ മുന്നോട്ട് നയിക്കുക. കുടുംബ കൂട്ടായ്മ ഒരു ദൈവീക അനുഭവമാണ്. ദൈവം മനുഷ്യരെ കാണാനെത്തിയ ഇടമാണ് കൂട്ടായ്മ. "ഭയപ്പെടേണ്ടാ, ഞാൻ നിന്നോടുകൂടെയുണ്ട്. സംഭ്രമിക്കേണ്ടാ, ഞാനാണ് നിന്റെ ദൈവം. ഞാൻ നിന്നെ ശക്തിപ്പെടുത്തുകയും സഹായിക്കുകയും ചെയ്യും. എന്റെ വിജയകരമായ വലത്തു കൈകൊണ്ടു ഞാൻ നിന്നെ താങ്ങിനിർത്തും" (ഏശയ്യാ 41:10-11). കർത്താവ് എന്റെ ജീവിതത്തിനു കോട്ടയാണ്, ഞാൻ ആരെ പേടിക്കണം (സങ്കീ. 27:1). കർത്താവ് വചനത്താൽ സർവ്വചരാചരങ്ങളെയും സൃഷ്ടിച്ചു. അവിടുത്തെ വചനമാണ് കൂട്ടായ്മകളുടെ ആത്മാവ്, നാം അവിടുത്തെ ശക്തിയിൽ ആശ്രയിച്ചുകൊണ്ട് ഒരുമിച്ചു വളരാം. യേശുക്രിസ്തുവിന്റെ പാതകളിലൂടെ മുന്നേറാം അയൽക്കാരെ സ്നേഹിച്ചും (ലൂക്കാ 10:29), തഴയപ്പെട്ടവരെ അംഗീകരിച്ചും (യോഹന്നാൻ 4:14), പാപികളെ സ്നേഹിച്ചും (യോഹന്നാൻ 8:11), രോഗികൾക്കാണ് ദൈവത്തെ ആവശ്യം, നീതിമാൻമാരെയല്ലാ പാപികളെ കൂട്ടായ്മയിൽ ക്ഷണിച്ചുകൊണ്ട് ഹൃദയം കൊണ്ട് ബി.സി.സി. കൂട്ടായ്മകൾക്ക് ശക്തി പകരാം...

**8. റിപ്പോർട്ട്**
**9. ഹാജർ**
**10. ചർച്ച**

1) ബി.സി.സി. കൂട്ടായ്മകളെ ആകർഷകമാക്കാൻ നമ്മിൽ വരുത്തേണ്ട മാറ്റങ്ങളേവ?
2) ഏതെല്ലാം വഴികളിലൂടെ അകന്ന് നിൽക്കുന്ന വ്യക്തികളെ/കുടുംബങ്ങളെ ശ്രവിച്ചുകൊണ്ട് കൂട്ടായ്മയെ ശക്തിപ്പെടുത്താം.

**11. പൊതു അറിയിപ്പ്, ശുശ്രൂഷാ സമിതികളുടെ പ്രവർത്തനങ്ങളും വിലയിരുത്തലും**
**12. വിശ്വാസികളുടെ പ്രാർത്ഥന**
**13. സമാപന ഗാനം**
**14. നന്ദി**



## വാഴ്ത്തപ്പെട്ട ദേവസഹായത്തിന്റെ വിശുദ്ധ പദവി പ്രഖ്യാപനം മെയ് 15 ന്

തിരുവനന്തപുരം: വാഴ്ത്തപ്പെട്ട ദേവസഹായത്തെ വിശുദ്ധ പദവി നൽകി ആദരിക്കുന്ന കർമം മെയ് 15 ന് രാവിലെ 10 മണിക്ക് വത്തിക്കാനിൽ നടക്കും. സെന്റ് പീറ്റേഴ്സ് ബസലിക്കയിൽ വച്ചുനടക്കുന്ന തിരുകർമങ്ങൾക്ക് ഫ്രാൻസിസ് പാപ്പ മുഖ്യകാർമികത്വം വഹിക്കും. ദിവബലിയോടുകൂടിയാണ് വിശുദ്ധ പദവി കർമ്മങ്ങൾ പര്യവസാനിക്കുക. ഭാരത സഭാ വിശുദ്ധരിൽ പ്രഥമ അൽമായനും രക്തസാക്ഷിയുമാണ് വാഴ്ത്തപ്പെട്ട ദേവസഹായം. ക്രൈസ്തവ വിശ്വാസ ങ്ങൾക്കായി രക്തസാക്ഷിയായ ദേവസഹായത്തെ 2012 ഡിസംബർ രണ്ടിനാണ് വാഴ്ത്തപ്പെട്ടവനായി പ്രഖ്യാപിച്ചത്.

നേർക്കാഴ്ച

ജെ.സി.

# റഷ്യ-യുക്രെൻ യുദ്ധം: മാനവരാശി അനുഭവിക്കേണ്ടിവരുന്ന സഹനങ്ങൾ!

സോവിയറ്റ് യൂണിയനിലെ ബാൾട്ടിക് റിപ്പബ്ലിക്കുകളായ ലിത്വാനിയ, ലാത്വിയ, എസ്തോണിയ എന്നിവ അമേരിക്കയുടെ നേതൃത്വത്തിലുള്ള നാറ്റോ സഖ്യത്തിൽ ചേർന്നു. യുക്രെയിനും ജോർജിയയും അംഗത്വത്തിനായി അപേക്ഷിച്ചിരിക്കുകയാണ്. യുക്രെയിൻ നാറ്റോ സഖ്യത്തിന്റെ ഭാഗമായാൽ അത് മോസ്കോയ്ക്ക് വലിയ ഭീഷണിയായാണ് റഷ്യ കാണുന്നത്. കാരണം അമേരിക്കൻ സൈനിക ശക്തികൾ റഷ്യയുടെ അയൽപക്കത്തേക്കെത്താൻ യുക്രെയിനിന്റെ നാറ്റോ അംഗത്വത്തിലൂടെ സാധിക്കും. യുക്രെൻ അതിർത്തിയിൽ നിന്നും വെറും 450 കിലോമീറ്റർ അകലം മാത്രമാണ് റഷ്യൻ തലസ്ഥാനത്തേക്കുള്ളത്. അത് ആ രാജ്യത്തിന് ഉയർത്തുന്ന സുരക്ഷാ ഭീഷണിയാണ് വ്ളാദിമിർ പുടിൻ എന്ന ലോകത്തെ ഏറ്റവും വലിയ രണ്ടാമത്തെ സൈനിക ശക്തിയുടെ ഉടമയെ ഇപ്പോൾ വിനാശയുദ്ധത്തിന് പ്രേരിപ്പിക്കുന്നത്, എന്നാണ് വാദിക്കുന്നത്.

അധികാരക്കൊതിയുടെയും ആഗോള വിപണിയുടെയും അജണ്ടയാണ് എല്ലാ യുദ്ധങ്ങളും. ശിക്ഷിക്കാനാണ് യുദ്ധം എന്ന് യുദ്ധം ചെയ്യാൻ തീരുമാനിക്കുന്ന ഒരു ഭരണാധികാരിയും സമ്മതിക്കില്ല. പകരം രക്ഷിക്കാനാണ് യുദ്ധം എന്നാണ് പ്രഖ്യാപിക്കുക. യുക്രെകനുമായി യുദ്ധം പ്രഖ്യാപിച്ച പുടിനും പ്രഖ്യാപിച്ചത് ഇതുതന്നെ. യുക്രെൻ പാശ്ചാത്യ യൂറോപ്യൻ ശക്തികളുടെ കൈകളിൽ അകപ്പെടുന്നതിൽ നിന്ന് രക്ഷിക്കുക, യുക്രെകനിൽ മൊത്തത്തിലും റഷ്യൻ ഭാഷ സംസാരിക്കുന്നവരെയും റഷ്യൻ സംസ്കാരം ഉള്ളവരെയും എല്ലാം രക്ഷിക്കുക എന്നതാണ് തന്റെ ഉദ്ദേശം എന്നാണ് പുടിൻ ലോകത്തോട് വിളംബരം ചെയ്തകാര്യം. യുദ്ധങ്ങളുടെ ചരിത്രം പരിശോധിച്ചാൽ അവ രണ്ടുതരത്തിലുണ്ട് ഒന്ന് നിലനില്പിനായുള്ളത് രണ്ടാമത്തേത് വ്യാപനത്തിനായുള്ളത്. ആധുനിക യുദ്ധങ്ങളുടെയെല്ലാം ലക്ഷ്യം വ്യാപനമാണ്. അധികാരത്തിന്റെ, സാമ്രാജ്യത്തിന്റെ, അതിർത്തിയുടെ വ്യാപനത്തിനായുള്ള യുദ്ധങ്ങളാണ് ചരിത്രത്തിൽ ഭൂരിഭാഗവും. റഷ്യഇപ്പോൾ ഉക്രൈനെ കീഴടക്കുന്നതിന്റെ പിന്നിൽ വ്യാപനത്തിന്റെ ചിന്തയാണുള്ളത്. മൂന്നാം ലോക മഹായുദ്ധം സംഭവിക്കാത്തതിന് കാരണം അത് പഴയതുപോലെ അസാധ്യമായതുകൊണ്ടാണ്. അതിനുപകരം ചെറിയ യുദ്ധങ്ങളാണ് വൻശക്തികൾക്ക് താല്പര്യം. രണ്ടാം ലോകമഹായുദ്ധത്തിനുശേഷം സോവിയറ്റ് യൂണിയന്റെ ആധിപത്യഭീഷണി തടയാൻ പാശ്ചാത്യരാജ്യങ്ങൾ രൂപീകരിച്ച സൈനിക സഖ്യമായിരുന്നു നാറ്റോ. ഇതിന് ബദലായി സോവിയറ്റ് സഖ്യരാജ്യങ്ങൾ വാഴ്സാ സഖ്യവും രൂപീകരിച്ചു. 1991 ൽ സോവിയറ്റ് യൂണിയൻ ഇല്ലാതായതോടെ വാഴ്സാ സഖ്യം ഇല്ലാതായി. എന്നാൽ നാറ്റോ സഖ്യം തുടർന്നു.

റഷ്യയെ വരുതിയിൽ നിർത്താൻ യുക്രെനിലൂടെ കഴിയുമെന്ന തന്ത്രമാണ് അമേരിക്ക നടപ്പാക്കുന്നത് പുടിൻ ഭയപ്പെടുന്നു. അതേസമയം മറ്റൊരു രാജ്യത്തിന്റെ പരമാധികാരത്തിനുമേൽ റഷ്യ നടത്തുന്ന കടന്നാക്രമണം അന്താരാഷ്ട്ര നിയമങ്ങളുടെയെല്ലാം നഗ്നമായ ലംഘനമാണെന്ന വാദം മറുവശത്തുണ്ട്. നാറ്റോ സഖ്യമെന്നത് ആക്രമണ സഖ്യമല്ല, പകരം രാജ്യങ്ങൾ തമ്മിലുള്ള പ്രതിരോധ, സഹകരണ സഖ്യമാണെന്നാണ് വാദം. ഇത് റഷ്യ അംഗീകരിക്കുന്നില്ല. ലോകം ആരുനിയന്ത്രിക്കണമെന്ന രാഷ്ട്രീയ ശക്തികളുടെ ബലാബല മത്സരത്തിൽ യുക്രെൻ യുദ്ധം ഭാവിയുടെ ചൂണ്ടുപലകയായി മാറുകതന്നെ ചെയ്യും. രാഷ്ട്രീയ നേതാക്കളുടെ പ്രവൃത്തി ശരിയായ രീതിയിൽ അല്ലെങ്കിൽ മനുഷ്യമഹാ കുടുംബം അതുകൊണ്ട് അനുഭവിക്കേണ്ടിവരുന്ന സഹനങ്ങളും ക്ലേശങ്ങളും ദുരന്തങ്ങളും അവർണനീയമാണ്. ഈ പശ്ചാത്തലത്തിലാണ് ഫ്രാൻസിസ് പാപ്പ സമാധാനത്തിനുവേണ്ടിയുള്ള ശക്തമായ ആഹ്വാനം നടത്തിയത്. വെടിനിർത്തൽ പ്രഖ്യാപിക്കണമെന്നും സംഭാഷണം തുടരണമെന്നും അദ്ദേഹം ശക്തമായി ആവശ്യപ്പെടുന്നു. ■

കുടുംബപ്രേഷിത ശുശ്രൂഷ
തിരുവനന്തപുരം ലത്തീൻ
അതിരൂപത



## ക്രൈസ്തവ കുടുംബങ്ങളിൽ നിന്നുള്ള പവിത്ര ബന്ധങ്ങൾക്ക്

## www.rcmatrimonial.org

UNDERTAKING OF KRLCC

കേരളത്തിലെ 12 ലത്തീൻ രൂപതകളെയും കോർത്തിണക്കിയുള്ള മാര്യേജ് ബ്യൂറോ.

ഏറ്റവും കുറഞ്ഞ രജിസ്ട്രേഷൻ ഫീസ്.

ലോകത്തെവിടെയിരുന്നും സേവനം പ്രയോജനപ്പെടുത്താം.

വിശദ വിവരങ്ങൾക്ക്:

MINISTRY OF FAMILY APOSTOLATE
LATIN ARCHDIOCESE OF TRIVANDRUM
VELLAYAMBALAM, TRIVANDRUM
93872 96213 matrimonialrc@gmail.com

Total Page 44 Pub. Date : 01.05.2022
RNI Registered NO. 36056/81 REG NO. KL/TV(S)266/2021-2023. WPP NO. KL/TV(S)WPP/171/2021-2023 JEEVANUM VELICHAVUM Rs. 25.00




Printed and Published by Fr. Eugine H. Pereira the Archdiocese of Trivandrum, Printed at Jeevajyothi Offset Press, Vellayambalam, TVM - 695003. Phone: 0471-2311620. Published at Trivandrum, Animation Centre, Vellayambalam-695003. Editor : Fr. Deepak Anto